# ഗിരിദീപം

ജൂലൈ 2025



ജൂലൈ 03

മാർ തോമാശ്ലീഹായുടെ ദുക്റാനതിരുനാൾ











ദിവ്യകാരുണ്യ അടയാളം : ഔദ്യോഗിക പ്രഖ്യാപനം
2025 മെയ് 31 : വിളക്കന്നൂർ

ജൂലൈ 2025

വാല്യം 08
ലക്കം 07

# ഗിരിദീപം

## തലശ്ശേരി അതിരൂപതയുടെ മുഖപത്രം

Archbishops House, Holloway Road, Thalassery, Kerala, India - 670101
Ph: 0091-490 2341058; Email: curiaadtly@gmail.com; Web: www.archdioceseoftellicherry.org

# ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രം


1. ഇടയലേഖനം - ദുക്റാനതിരുനാൾ ..... 05
2. കെസിബിസി സർക്കുലർ - യുവജനദിനം ..... 11
3. കച്ചേരിക്കാര്യം ..... 16
4. പ്രെസ്ബിറ്ററൽ കൗൺസിൽ റിപ്പോർട്ട് ..... 26
5. സെമിനാരി വാർത്തകൾ ..... 30
6. കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ് ..... 32
7. ബൈബിൾ അപ്പൊസ്റ്റൊലേറ്റ് ..... 39
8. ചിൽഡ്രൻ അപ്പൊസ്റ്റൊലേറ്റ് ..... 43
   തിരുബാലസഖ്യം ..... 50
9. യൂത്ത് അപ്പൊസ്റ്റൊലേറ്റ് ..... 52
10. ഫാമിലി അപ്പൊസ്റ്റൊലേറ്റ് ..... 57
11. എജ്യൂക്കേഷണൽ അപ്പൊസ്റ്റൊലേറ്റ് ..... 64
    വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ് ..... 66
    നിർമ്മലഗിരി കോളേജ് ..... 68
    TRACE ..... 70
12. ലെയ്റ്റി അപ്പൊസ്റ്റൊലേറ്റ്
    എകെസിസി ..... 71
13. സോഷ്യൽ സർവ്വീസ് അപ്പൊസ്റ്റൊലേറ്റ് ..... 75
    ബയോമൗണ്ടൻ ..... 83
    എയ്ഞ്ചൽ ട്രസ്റ്റ് ..... 86
    ഇൻഫാം ..... 87
14. പഞ്ചാബ് മിഷൻ ..... 89
15. ധ്യാനകേന്ദ്രങ്ങളിലൂടെ ..... 90
16. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) ..... 91
17. Engagements - July (Archbishop Mar Joseph Pamplany) ..... 94
18. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) ..... 95
19. Engagements - July ((Archbishop Mar George Njaralakatt) ..... 97
20. Engagements - July ((Archbishop Mar George Valiamattam) ..... 97
21. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) ..... 98

Prot. No. 0482/2025

## ഇടയലേഖനം

## ദുക്റാനതിരുനാൾ - സഭാദിനം 2025

*സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ് റാഫേൽ തട്ടിൽ തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.*

കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ!

ഈശോമിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

വിശ്വാസത്തിൽ നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ മരണദിവസമായ ജൂലൈ മൂന്നാം തീയതി നമ്മുടെ സഭയിൽ ദുക്റാന തിരുനാളാണ്. ധീരനായ ഈ ശ്ലീഹായുടെ പ്രേഷിതപ്രഘോഷണത്തിലൂടെയും രക്തസാക്ഷിത്വത്തിലൂടെയും വളർച്ചയാരംഭിച്ച നമ്മുടെ സഭ ഈ ദിവസംതന്നെ സഭാദിനമായും ആചരിക്കുന്നു. സീറോമലബാർസഭയുടെ മക്കളായ നമുക്കു ഈ ഓർമത്തിരുനാളും സഭാദിനവും കൃതജ്ഞതാപ്രകാശനത്തിനും ആത്മപരിശോധനയ്ക്കും ദൗത്യനവീകരണത്തിനുമുള്ള അവസരമാണ്.

മാർ തോമാശ്ലീഹായുടെ മാതൃക അനുകരിച്ചുകൊണ്ടു, വിശ്വാസത്തിനു സാക്ഷ്യം നല്കുന്ന ക്രൈസ്തവജീവിതശൈലിക്ക് സമകാലികസമൂഹത്തിൽ ഏറെ പ്രാധാന്യമുണ്ട്. ഉപരിപ്ലവങ്ങളായ അറിവുകളുടെയും അടിസ്ഥാനരഹിതമായ വാദഗതികളുടെയും ഈ കാലഘട്ടത്തിൽ നമ്മൾ പ്രഘോഷിക്കുന്ന സുവിശേഷം ഫലമണിയണമെങ്കിൽ അതു ഹൃദയത്തിൽ നിറയുന്ന ദൈവസ്നേഹത്തിൽനിന്ന് ഉയരുന്നതാകണം. സംശയത്തിന്റെ വഴിയിൽനിന്നു ദൈവാനുഭവത്തിന്റെ വ്യക്തിപരമായ സാക്ഷ്യം തോമാശ്ലീഹാ നല്കിയതു ഹൃദയത്തിൽനിന്നുള്ള സ്നേഹത്തിന്റെ പ്രകടനമായിട്ടായിരുന്നു. “എന്റെ കർത്താവേ, എന്റെ ദൈവമേ” എന്ന വിശ്വാസപ്രഖ്യാപനം ഈശോയുമായുള്ള ശ്ലീഹായുടെ സ്നേഹത്തിന്റെ സാക്ഷ്യപ്പെടുത്തലായിരുന്നു. വിശ്വാസപ്രതിസന്ധികളുടെയും അനിശ്ചിതത്വങ്ങളുടെയുമിടയിൽ ഈശോയുടെ പുനരുത്ഥാനസത്യത്തെ ഹൃദയംനിറഞ്ഞ സ്നേഹത്തോടെ പ്രഘോഷിക്കാൻ ഓരോരുത്തർക്കും സാധിക്കുമ്പോഴാണു നമ്മുടെ പിതാവിന്റെ ദുക്റാന അർഥപൂർണമാകുന്നത്. കുരിശിന്റെ അപമാനവും വേദനയും

സഹിച്ചെങ്കിൽമാത്രമേ ഉത്ഥിതന്റെ മഹത്വാനുഭവം സ്വന്തമാക്കാൻ സാധിക്കുകയുള്ളു. ഉത്ഥാനംചെയ്ത ഈശോയുടെ മഹത്വീകൃതമായ ശരീരത്തിൽ തോമാശ്ലീഹാ വിശ്വാസപൂർവം ദർശിച്ച തിരുമുറിവുകൾ നമ്മുടെ ജീവിതവഴികളിൽ വിശ്വാസപ്രഘോഷണത്തിനുള്ള പ്രചോദനവും ഊർജവും നല്കട്ടെ.

ജൂലൈ മൂന്നാംതീയതി സീറോമലബാർസഭാദിനം വർഷങ്ങളായി നമ്മൾ ആചരിച്ചുവരികയാണല്ലോ. നമ്മുടെ സഭയ്ക്കു ദൈവം നല്കിയ അനുഗ്രഹങ്ങൾക്കു നന്ദിപറയാനും സഭാമക്കൾ എല്ലാവരുടെയും പ്രവർത്തനമേഖലകളിൽ ദൈവാനുഗ്രഹത്തിന്റെ തണൽമേഘങ്ങൾ രൂപപ്പെടാൻ പ്രാർഥിക്കുന്നതിനും ഈ അവസരം പ്രയോജനപ്പെടുത്താം. ത്യാഗപൂർണമായ ചരിത്രവഴികളിലൂടെ യാത്രചെയ്താണ് ഒരു മേജർ ആർക്കിഎപ്പിസ്കോപ്പൽസഭയായി സീറോമലബാർസഭ വളർന്നിരിക്കുന്നത്. കേരളത്തിൽനിന്നു ഭാരതംമുഴുവനിലേക്കും ഭാരത്തിന്റെ അതിർത്തികളിൽനിന്നു വിവിധ രാജ്യങ്ങളിലേക്കും വ്യാപിച്ചിരിക്കുകയാണ് നമ്മുടെ അജപാലനമേഖലകൾ. ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലുംതന്നെ സീറോമലബാർ സഭയിലെ വൈദികരും സിസ്റ്റേഴ്സും അല്മായസഹോദരങ്ങളും തങ്ങളുടെ മാതൃസഭയിൽന്നു ലഭിച്ച വിശ്വാസവെളിച്ചം മറ്റുള്ളവർക്കു പകർന്നുകൊടുത്തുകൊണ്ടു ജീവിക്കുന്നു എന്നത് അഭിമാനകരമായ വസ്തുതയാണ്. ഈ യാഥാർഥ്യം അജപാലനപരമായ നമ്മുടെ ഉത്തരവാദിത്വത്തെയും അതിനുള്ള അനന്തമായ സാധ്യതകളെയുംകുറിച്ചും നമ്മെ ഓർമപ്പെടുത്തുന്നു. “ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം” (1 കോറി. 9:16) എന്ന പൗലോസ് ശ്ലീഹായുടെ ഏറ്റുപറച്ചിൽ സീറോമലബാർസഭയെ സംബന്ധിച്ചിടത്തോളം ഏറെ പ്രസക്തമാണ്. നമ്മുടെ സഭയ്ക്കു ദൈവം നല്കിയിരിക്കുന്ന വൈദികരും സമർപ്പിതരും അല്മായപ്രേഷിതരും നമ്മുടെ മിഷൻപ്രദേശങ്ങളിലേയ്ക്കും സുവിശേഷം പ്രഘോഷിക്കാനും കൂദാശകൾ പരികർമംചെയ്യാനും സാധ്യതകളിലാത്ത ഇടങ്ങളിലേയ്ക്കും ഇനിയും കടന്നുചെല്ലണം. അങ്ങനെ നമ്മുടെ സഭ ഒരു മിഷനറിസഭയായി എന്നും നിലനില്ക്കണം. രൂപതകളും സമർപ്പിതസഹോദരങ്ങളും അല്മായ മിഷൻ സംവിധാനങ്ങളും ഈ മേഖലയിൽ ഒരു പുനഃക്രമീകരണത്തിനു തയ്യാറാകേണ്ടതു കാലഘട്ടത്തിന്റെ ആവശ്യമാണ്.

2025 ജനുവരിമാസത്തിലെ സിനഡുസമ്മേളനത്തിൽ അവതരിപ്പിച്ച കണക്കനുസരിച്ച് നമ്മുടെ സഭയിൽ കഴിഞ്ഞവർഷം 283 വൈദിക വിദ്യാർഥികൾ രൂപതകളിലും സമർപ്പിതസമൂഹങ്ങളിലുമായി തിരുപ്പട്ടം സ്വീകരിച്ചു. സീറോമലബാർസഭയിലെ പുരുഷന്മാർക്കായുള്ള സമർപ്പിതസമൂഹങ്ങളിൽ 132 പേർ ആദ്യവ്രതവാഗ്ദാനം നടത്തിയപ്പോൾ 145 പേർ നിത്യവ്രതവാഗ്ദാനം നടത്തി. സ്ത്രീകളുടെ സമർപ്പിതസമൂഹങ്ങളിൽ 272 പേർ സമർപ്പിതവസ്ത്രം സ്വീകരിച്ച് ആദ്യവ്രതവാഗ്ദാനം നടത്തുകയും 338 പേർ നിത്യവ്രതംചെയ്യുകയും ചെയ്തു. മറ്റ് വ്യക്തിസഭകളിലും അവിടെയുള്ള സമർപ്പിതസമൂഹങ്ങളിലും ചേർന്ന് വൈദികപട്ടം സ്വീകരിക്കുകയും വ്രതവാഗ്ദാനം ചെയ്യുകയും ചെയ്ത സീറോമലബാർ സഭാംഗങ്ങളുടെ എണ്ണം ഇതിനുപുറമേയാണ്. ഞാൻ നിങ്ങളുമായി ഈ കണക്കുകൾ പങ്കുവയ്ക്കുന്നതു നമ്മുടെ സഭയ്ക്കു ദൈവം നല്കികൊണ്ടിരിക്കുന്ന അനുഗ്രഹങ്ങൾക്കു നന്ദി പറയാനും നമ്മുടെ വൈദികരെയും സമർപ്പിതരെയും അല്മായപ്രേഷിതരെയും പ്രത്യേകമായി, ക്ലേശകരമായ സാഹചര്യങ്ങളിൽ ജീവനുപോലും ഭീഷണിനേരിട്ടുകൊണ്ട് ശുശ്രൂഷകളിൽ ഏർപ്പെട്ടിരിക്കുന്നവരെയും ഓർത്തു പ്രാർഥിക്കുന്നതിനുവേണ്ടിയാണ്. വൈദിക സമർപ്പിത ദൈവവിളികൾ സ്വീകരിക്കുന്നതിനു സന്നദ്ധതയും കഴിവുമുള്ളവരെ കണ്ടെത്തി പ്രോത്സാഹിപ്പിച്ചുവളർത്താൻ സഭാസമൂഹം ഒന്നായി ശ്രദ്ധിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു.

ആഗോളസഭയെയും സമൂഹത്തെയും ദുഃഖത്തിലാഴ്ത്തിയാണു പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ 2025 ഏപ്രിൽ 21നു കാലം ചെയ്തത്. ഏപ്രിൽ 26 നു പരിശുദ്ധ പിതാവിന്റെ കബറടക്കശുശ്രൂഷയിൽ പങ്കെടുക്കാൻ സാധിച്ചത് വലിയ ഒരു ആത്മീയാനുഭവമായിരുന്നു. മാർപാപ്പയെ കബറടക്കിയിരിക്കുന്ന മേരി മേജർ ബസിലിക്കയിൽ നമ്മുടെ സഭയിലെ ഏതാനും പിതാക്കൻമാരോടൊത്തു വിശുദ്ധ കുർബാനയർപ്പിച്ചു മാർപാപ്പയ്ക്കുവേണ്ടി പ്രാർഥിക്കാനും അവസരം ലഭിച്ചു. സീറോമലബാർസഭയെ സ്നേഹിച്ച ഒരു മാർപാപ്പയാണ് കടന്നുപോയത്. ഭാരതം മുഴുവനിലും നമുക്ക് അജപാലനധികാരം നല്കിയതും ഗൾഫുരാജ്യങ്ങളിൽ നമ്മുടേതായ അജപാലനസംവിധാനം രൂപപ്പെടുത്താനുള്ള നടപടികൾ ദ്രുതഗതിലാക്കിയതും നമ്മുടെ സഭാമക്കളുടെ ആത്മീയ ആവശ്യത്തിനായി റോമിലെ സാന്താ അനസ്താസിയ മൈനർ ബസിലിക്ക നമുക്കു നല്കിയതും ഫ്രാൻസിസ് മാർപാ

പ്പയാണെന്നതു കൃതജ്ഞതയോടെ ഓർക്കാം. നമ്മുടെ സഭയുടെ ഐക്യവും കൂട്ടായ്മയും പരിപോഷിപ്പിക്കുന്നതിനുവേണ്ടി പിതൃസഹജമായ ഇടപെടലുകൾ മാർപാപ്പ നടത്തിയതും നമ്മുടെ സഭയോടുള്ള കരുതലിന്റെ ഭാഗമായിരുന്നു. സിനഡൽസംവിധാനത്തിലൂടെ പരസ്പരം ശ്രവിച്ചും ഉൾക്കൊണ്ടും ഒരുമിച്ചുനടക്കാൻ നമ്മെ പഠിപ്പിച്ച ആ വന്ദ്യപിതാവിന്റെ ഓർമയ്ക്കുമുൻപിൽ, നന്ദിനിറഞ്ഞ ഹൃദയത്തോടെ സീറോമലബാർസഭയുടെ ആദരവും സ്നേഹവും ഞാൻ അർപ്പിക്കുന്നു. പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പയുടെ ആത്മശാന്തിക്കുവേണ്ടി നമുക്കു തുടർന്നും പ്രാർഥിക്കാം.

ദൈവം സഭയ്ക്കു നല്കിയിരിക്കുന്ന സമ്മാനമാണ് പുതിയ മാർപാപ്പ ലെയോ പതിനാലാമൻ. പാപ്പാസ്ഥാനം ഏറ്റെടുത്ത ദിനങ്ങളിൽത്തന്നെ വിവിധവിഷയങ്ങളിലുള്ള വ്യക്തമായ നിലപാടുകളും ലോകത്തോടും ആഗോളസഭയോടുമുള്ള സംവേദനങ്ങളുംവഴി മാർപാപ്പ ലോകശ്രദ്ധ ആകർഷിച്ചുകഴിഞ്ഞു. പൗരസ്ത്യസഭകളെസംബന്ധിച്ചു ഏറെ സുപ്രധാനമായ ഒരു ഇടപെടൽ മാർപാപ്പ നടത്തിയത് 2025 മെയ് 14നാണ്. അന്ന് പൗരസ്ത്യസഭകൾക്കായുള്ള റോമിലെ ജൂബിലിയാഘോഷങ്ങളിൽ പങ്കെടുത്ത പൗരസ്ത്യസഭകളുടെ തലവന്മാരെയും മറ്റുള്ളവരെയും അഭിസംബോധനചെയ്തുകൊണ്ട് പരിശുദ്ധ പിതാവ് നടത്തിയ പ്രസംഗം പൗരസ്ത്യസഭകളോടുള്ള പരിശുദ്ധപിതാവിന്റെ അജപാലനസമീപനം എന്താണെന്നുള്ള പ്രഖ്യാപനമായിരുന്നു. പൗരസ്ത്യസഭകൾ കത്തോലിക്കാസഭാകൂട്ടായ്മയുടെ വിലപ്പെട്ട ഘടകങ്ങളാണെന്നും അവയുടെ തനതായ വ്യക്തിത്വം കാത്തുസൂക്ഷിക്കുന്നതിന് ആവശ്യമായ പ്രതിബദ്ധത കാണിക്കണമെന്നും ആരാധനക്രമ സഭാശാസ്ത്ര വൈവിധ്യങ്ങൾ എല്ലാവരും ബഹുമാനിക്കുകയും അംഗീകരിക്കുകയും വേണമെന്നുള്ള മാർപാപ്പയുടെ ആഹ്വാനം പൗരസ്ത്യസഭകളുടെ തനതായ്മയ്ക്കുള്ള പ്രോത്സാഹനവും അംഗീകാരവുമായിരുന്നു. അന്നേദിവസം പൗരസ്ത്യസഭാതലവന്മാർക്ക് അനുവദിച്ച പ്രത്യേക കൂടിക്കാഴ്ചയ്ക്കിടയിൽ പരിശുദ്ധ പിതാവിനെ വ്യക്തിപരമായി കാണാനും സീറോമലബാർസഭയുടെ പ്രാർഥനാശംസകൾ അറിയിക്കാനും എനിക്ക് അവസരം ലഭിച്ചു. പൗരസ്ത്യപാരമ്പര്യങ്ങളോടു വിശ്വസ്തത പുലർത്തി ആഗോളസഭയിൽ സജീവസാന്നിധ്യമായി മുന്നോട്ടുപോകാനുള്ള അവസരമാണ് മാർതോമാശ്ലീഹായുടെ മക്കളായ നമുക്കു ലഭിച്ചിരിക്കുന്നത്. പരിശുദ്ധ പിതാവു പറഞ്ഞതു

പോലെ ആധുനികലോകത്തിൽ പൗരാണികവിശ്വാസത്തിന്റെ സാക്ഷ്യം നല്കുന്ന കിഴക്കുനിന്നുള്ള വെളിച്ചമാകാൻ ഒരു പൗരസ്ത്യ സഭയെന്നനിലയിൽ നമുക്കു കൂട്ടായ്മയിൽ പരിശ്രമിക്കാം. ഈശോയുടെ ഭൂമിയിലെ വികാരിയും പത്രോസിന്റെ പിൻഗാമിയുമായ മാർപാപ്പയുടെ ഭാരിച്ച ഉത്തരവാദിത്വങ്ങൾ ഫലപ്രദമായി നിർവഹിക്കുന്നതിനുള്ള കരുത്തും ആത്മാവിന്റെ വെളിച്ചവും പരിശുദ്ധ പിതാവു ലെയോ പതിനാലാമനു ലഭിക്കുന്നതിനുവേണ്ടി നമുക്കു പ്രത്യേകം പ്രാർഥിക്കാം.

പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ, നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ വിശ്വാസപ്രഖ്യാപനം ഈശോയുമായുള്ള ആത്മബന്ധത്തിന്റെ ഫലമായി ഹൃദയത്തിൽനിന്നുയർന്ന വിശ്വാസത്തിന്റെ സാക്ഷ്യപ്പെടുത്തലായിരുന്നു എന്നു ഞാൻ പറഞ്ഞുവല്ലോ. നമ്മുടെ ആത്മീയജീവിതത്തിലും സഭാത്മകജീവിതത്തിലും ഹൃദയബന്ധത്തിന്റെ പ്രാധാന്യം എടുത്തുകാണിക്കുന്ന ഫ്രാൻസിസ് മാർപാപ്പയുടെ പ്രബോധനമാണ് 2024 ഒക്ടോബർ മാസത്തിൽ പുറപ്പെടുവിച്ച അവൻ നമ്മെ സ്നേഹിച്ചു (*Dilexit Nos*) എന്ന ചാക്രികലേഖനം. ദൈവവുമായും സഹോദരങ്ങളുമായും കൂട്ടായ്മയിലായിരിക്കാനും അതുവഴി യഥാർഥവും പൂർണവുമായ ജീവിതംനയിക്കാനും നമ്മെ പ്രചോദിപ്പിക്കുന്നതു നിരുപാധികവും സമ്പൂർണവുമായ സ്നേഹത്തിന്റെ തികഞ്ഞ മാതൃകയായ ഈശോയുടെ ഹൃദയമാണെന്നു പരിശുദ്ധ പിതാവ് ഈ ചാക്രിക ലേഖനത്തിലൂടെ നമ്മെ പഠിപ്പിക്കുന്നു. ഇന്നു ലോകത്തിൽ കാണപ്പെടുന്ന നിസ്സംഗതയും അനാസ്ഥയും ഉപരിപ്ലവതയും മനുഷ്യഹൃദയത്തിൽ ഉരുത്തിരിയുന്ന ശൂന്യതയുടെ പ്രതിഫലനമാണ്. സമൂഹത്തിലെ വ്യത്യസ്തതകളെ സമന്വയിപ്പിക്കാനും മനുഷ്യവംശത്തെ നവീകരിക്കാനും സാധിക്കുന്നത് ഈശോയുടെ ഹൃദയവുമായി ഐക്യത്തിലായിരിക്കുന്ന ഹൃദയങ്ങളിലൂടെയാണ്. അതിനാൽ നമ്മുടെ സമൂഹങ്ങൾ നവീകരിക്കപ്പെടേണ്ടത് നാമോരോരുത്തരുടെയും ഹൃദയനവീകരണത്തിൽനിന്നാണ്. വ്യത്യസ്ത ചിന്താധാരകളെയും ആഗ്രഹങ്ങളെയും യോജിപ്പിക്കുന്നതിനും അനുരഞ്ജിപ്പിക്കുന്നതിനും നമ്മുടെ സമൂഹങ്ങൾ പ്രാപ്തമാകണമെങ്കിൽ നവീകരണം ഓരോരുത്തരുടെയും ഹൃദയത്തിൽനിന്ന് ആരംഭിക്കണം. അതുവഴി സാഹോദര്യത്തിന്റെ ഐക്യത്തിൽ പരിശുദ്ധാത്മാവു നമ്മെ നയിക്കുന്നതിന് ഇടയാകും (നമ്പർ 28). ഈ ഹൃദയനവീകരണം സാധ്യമാകണമെങ്കിൽ

സ്വന്തം കഴിവിൽ അമിതമായി ആശ്രയിക്കാതെ ഈശോയുടെ തിരുഹൃദയത്തിലേക്കു തിരിയേണ്ടത് അത്യാവശ്യമാണ്. തിരുഹൃദയത്തിലാണു നമ്മൾ നമ്മെത്തന്നെ കണ്ടെത്തുന്നതും സ്നേഹിക്കാൻ പഠിക്കുന്നതും (നമ്പർ 30). അതിനാൽ നാം മാറ്റം ആഗ്രഹിക്കുന്നുവെങ്കിൽ നമ്മുടെ ഹൃദയങ്ങളുടെ നവീകരണത്തിൽനിന്നു തുടക്കം കുറിക്കണം. നമ്മുടെ കുടുംബങ്ങളുടെയും സഭാസമൂഹങ്ങളുടെയും യഥാർഥത്തിലുള്ള നവീകരണം സാധ്യമാകണമെങ്കിൽ ഓരോരുത്തരും മുൻവിധികളും ഇഷ്ടാനിഷ്ടങ്ങളും മാറ്റിവച്ച് ഈശോയുടെ ഹൃദയവുമായി ബന്ധം സ്ഥാപിച്ച് അതിൽനിന്നു ലഭിക്കുന്ന ആത്മീയ ഉണർവിലൂടെ സാഹോദര്യത്തിന്റെയും ഐക്യത്തിന്റെയും മനോഭാവം സ്വീകരിക്കണം.

ദുക്റാനതിരുനാളിന്റെയും സഭാദിനത്തിന്റെയും ആശംസകൾ എല്ലാവർക്കും നേരുന്നു. നമ്മുടെ അമ്മയായ പരിശുദ്ധ കന്യാകാമറിയത്തിന്റെയും മാർ യൗസേപ്പുപിതാവിന്റെയും മാർ തോമാശ്ലീഹായുടെയും സകല വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും മാധ്യസ്ഥ്യവും അനുഗ്രഹവും നമ്മോടും നമ്മുടെ എല്ലാ പ്രവർത്തനങ്ങളോടുമൊപ്പം ഉണ്ടായിരിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽനിന്നു 2025-ാം ആണ്ട് ജൂൺ മാസം 20-ാം തീയതി നല്കപ്പെട്ടത്.

**റാഫേൽ തട്ടിൽ**
**സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്**

---

ഈ ഇടയലേഖനം 2025 ജൂൺ 29-ാം തീയതി ഞായറാഴ്ച സീറോ മലബാർസഭയിലെ എല്ലാ ഇടവക ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും സമർപ്പിതഭവനങ്ങളിലും പരിശീലന കേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാനമധ്യേ വായിക്കേണ്ടതാണ്.

No. 4117/K-5/KCBC/OL/DS 11.06.2025

# ജൂലൈ 6 യുവജനദിനം

## കെസിബിസി യുവജന കമ്മീഷൻ സർക്കുലർ

### മഹാജൂബിലി വർഷത്തിൽ പ്രത്യാശയുടെ തീർത്ഥാടകരായ യുവജനങ്ങൾ

കർത്താവിൽ പ്രിയ യുവജനങ്ങളേ,

മുൻവർഷങ്ങളിൽ നാം അനുവർത്തിച്ചിരുന്നതുപോലെ, ജൂലൈ മൂന്നിന് ശേഷം വരുന്ന ഞായറാഴ്ചയായ ജൂലൈ ആറിന് കേരള കത്തോലിക്കാ സഭ ഈ വർഷം യുവജനദിനമായി ആചരിക്കുമ്പോൾ രണ്ടു സവിശേഷതകൾകൂടിയുണ്ട്. ഒന്നാമതായി, ഫ്രാൻസിസ് പാപ്പ പ്രഖ്യാപിച്ച മഹാജൂബിലി വർഷത്തിലെ യുവജനദിനാഘോഷം എന്നതും മറ്റൊന്ന്, നമുക്ക് ലഭിച്ചിരിക്കുന്ന ദിനമായ ജൂലൈ 6 ശുദ്ധതയുടെ സ്വർഗ്ഗീയ മധ്യസ്ഥയായ വി. മരിയ ഗൊരേത്തിയുടെ തിരുന്നാൾ ദിനം കൂടിയാണെന്നുള്ളതും. ജൂബിലി വർഷം 2025 ആചരണത്തോടൊപ്പം സമാഗതമായിരിക്കുന്ന യുവജനദിനവുമായി ബന്ധപ്പെട്ട് യുവജനങ്ങളായ ഏവർക്കും തിരുസഭ വളരെ പ്രത്യേകമായ ചില സന്ദേശങ്ങൾ നൽകുന്നുണ്ട്. യുവജന ദിനാചരണത്തോടൊപ്പം, ജൂബിലി വർഷത്തോടനുബന്ധിച്ചുള്ള കർമ്മപരിപാടികൾ ഇടവകാ – സംഘടനാ തലങ്ങളിൽ ആസൂത്രണം ചെയ്തു നടപ്പാക്കാനും കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ യുവജന കമ്മീഷൻ ആഹ്വാനം ചെയ്യുന്നു. ഒരിക്കലുമുണ്ടായിട്ടില്ലാത്ത പലവിധ പ്രതിസന്ധികളെ ലോകം മുഴുവനും വിശിഷ്യാ കേരളസമൂഹവും യുവജനങ്ങളും നേരിടുന്ന പശ്ചാത്തലത്തിൽ, മഹാജൂബിലി വർഷാചരണത്തോടും യുവജന ദിനാഘോഷത്തോടും അനുബന്ധിച്ച് നാം പ്രത്യേകമായി വിചിന്തന വിധേയമാക്കേണ്ടതും പ്രവൃത്തിപഥത്തിലെത്തിക്കേണ്ട തുമായ ചില പ്രധാന വിഷയങ്ങൾ സ്നേഹപൂർവ്വം നിങ്ങളോട് പങ്കുവയ്ക്കാൻ ഈ ഘട്ടത്തിൽ ഞങ്ങൾ ആഗ്രഹിക്കുന്നു.

**പ്രത്യാശയുടെ തീർത്ഥാടകരായ യുവജനങ്ങൾ**

2025 ജൂബിലി വർഷത്തോടനുബന്ധിച്ച് ഫ്രാൻസിസ് പാപ്പ നിർദ്ദേശിച്ച ആപ്തവാക്യമാണല്ലോ 'പ്രത്യാശയുടെ തീർത്ഥാടകർ'. ആത്മീയമായും ഭൗതികമായും പ്രത്യാശാപൂർണ്ണമായ ജീവിത ശൈലിയിലേക്കുള്ള പരിവർത്തനത്തിനാവശ്യമായ മുന്നൊരുക്കവും

നവീകരണവുമാണ് ഈ കാലഘട്ടത്തിൽ തിരുസഭ നാമേവരിൽനിന്നും ആവശ്യപ്പെടുന്നത്. യുവജനങ്ങളുടെ ആത്മീയശാക്തീകരണത്തിനും പകലമായ ഭൗതിക സമുദ്ധാരണത്തിനും ഏറ്റവുമധികം പ്രവർത്തിക്കുകയും ആഹ്വാനങ്ങൾ നൽകുകയും ചെയ്ത ഫ്രാൻസിസ് പാപ്പയോടും പാപ്പയുടെ പിൻഗാമിയായി ദൈവം നൽകിയ പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ പാപ്പയോടും ചേർന്നുനിന്നുകൊണ്ട് ഈ വലിയ ലക്ഷ്യത്തിനായി നമുക്ക് പരിശ്രമിക്കാം.

**ക്രിസ്തു വിപ്ലവം, പ്രത്യാശയുടെ യുവത്വം**

രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് മനുഷ്യാവതാരം ചെയ്ത ക്രിസ്തുവിന്റെ യൗവ്വന തീക്ഷ്ണതയാണ് സുവിശേഷങ്ങളിൽ ജ്വലിച്ചു നിൽക്കുന്നത്. ക്രിസ്തുവിലുണ്ടായിരുന്ന വിപ്ലവവീര്യവും അവിടുന്ന് പകർന്നു നൽകിയ പ്രത്യാശയുമാണ് ഈ കാലഘട്ടത്തിലെ യുവജനങ്ങൾ അടുത്തു വീക്ഷിക്കുകയും മാതൃകയാക്കുകയും ചെയ്യേണ്ടത്. ആരെയും ഒരിക്കലും അകറ്റി നിർത്താതിരുന്ന ക്രിസ്തുവിന്റെ മാതൃക ഹൃദയത്തിൽ സ്വീകരിച്ചുകൊണ്ട് വിവേകവും കരുണയും മുഖമുദ്രയാക്കിയ യുവജനങ്ങളെ ഇന്നത്തെ ലോകത്തിന് ആവശ്യമുണ്ട്. അവിടെ ആഴമുള്ള വിചിന്തനങ്ങളും ആത്മാർത്ഥവും പ്രത്യാശാപൂരിതവുമായ പരിശ്രമങ്ങളും സ്വർഗം നമ്മിൽനിന്ന് പ്രതീക്ഷിക്കുന്നു. 'ക്രിസ്തുവിന്റെ വാഗ്ദാനങ്ങളിൽ വിശ്വാസമർപ്പിച്ചും നമ്മുടെ ശക്തിയിൽ ആശ്രയിക്കാതെ പരിശുദ്ധാത്മാവിന്റെ കൃപാവരത്തിന്റെ സഹായത്തിൽ ആശ്രയിച്ചും, നമ്മുടെ സൗഭാഗ്യമെന്ന നിലയിൽ സ്വർഗ്ഗരാജ്യത്തെയും നിത്യജീവിതത്തെയും നാം ആഗ്രഹിക്കുന്നത് ഏത് സുകൃതത്താലാണോ അതാണ് പ്രത്യാശ എന്ന ദൈവിക സുകൃതം' (CCC 1817).

**സാമൂഹിക പ്രതിസന്ധികളോടുള്ള പ്രതികരണം**

ഇക്കാലഘട്ടത്തിൽ നാം നേരിടുന്ന നാമൂഹിക പ്രതിസന്ധികൾ പലതാണ്. ലഹരിയുടെ ഭയാനകമായ സ്വാധീനവും, നിരീശ്വരവാദ പ്രസ്ഥാനങ്ങളും സഭാവിരുദ്ധ പ്രത്യയശാസ്ത്രങ്ങളും വേരാഴ്ത്തിക്കൊണ്ടിരിക്കുന്നത്, വൈവാഹിക ജീവിതവുമായി ബന്ധപ്പെട്ട പ്രതിസന്ധികൾ, തൊഴിൽ - സാമ്പത്തിക പ്രതിസന്ധികൾ, രാഷ്ട്രീയവും വർഗീയവുമായ വെല്ലുവിളികൾ തുടങ്ങിയവ ഉദാഹരണങ്ങളാണ്. അനേകം യുവജനങ്ങൾ ക്രൈസ്തവ വിശ്വാസത്തിൽനിന്നും സഭയിൽനിന്നും അകലാൻ ഇത്തരം പ്രതികൂല സാഹചര്യങ്ങൾ

വഴിയൊരുക്കുന്നു. വിശ്വാസജീവിതത്തിൽനിന്നുള്ള അകൽച്ച കൂടുതൽ വലിയ വീഴ്ചകളിലേയ്ക്ക് അനേകരെ നയിക്കുന്നുണ്ട്. മാനസികവും സാമ്പത്തികവുമായ ദുർബലാവസ്ഥകളാണ് അനേകരെ ഇത്തരം കെണികളിൽ അകപ്പെടുത്തിക്കൊണ്ടിരിക്കുന്നത് എന്ന വസ്തുത ഉൾക്കൊണ്ടുകൊണ്ട് വിവിധ പ്രതിസന്ധികളിൽ അകപ്പെട്ടിരിക്കുന്ന വരോട് പ്രത്യേകം കരുതലുള്ളവരായിരിക്കാൻ വ്യക്തിപരമായും സംഘടനാ പ്രവർത്തനങ്ങൾ വഴിയായും നമുക്ക് പരിശ്രമിക്കാം. ഒപ്പം, മയക്കുമരുന്ന് മാഫിയകളും നിരീശ്വരവാദ പ്രസ്ഥാനങ്ങളും സഭാവിരുദ്ധ ശക്തികളും കുട്ടികൾക്കും യുവജനങ്ങൾക്കുമിടയിൽ ശക്തി പ്രാപിച്ചു കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ നമ്മുടെ ക്രിയാത്മക ഇടപെടലു കൾ ആവശ്യമുണ്ട്. ജൂബിലി വർഷത്തോടനു ബന്ധിച്ചുള്ള നവീകരണ പ്രവർത്തനങ്ങളിൽ ഇത്തരം പദ്ധതികൾക്ക് സംഘടനാ തലങ്ങളിലും ഇടവകാതലത്തിലും കൂടിയ പരിഗണന നൽകാൻ ശ്രദ്ധിക്കുമല്ലോ.

**തൊഴിൽ മേഖലയും സംരംഭകത്വവും**

ക്രൈസ്തവ യുവജനങ്ങൾ ഏറിയപങ്കും പ്രവാസജീവിതം തെരഞ്ഞെടുക്കുന്ന സാഹചര്യമാണല്ലോ ഇന്നുള്ളത്. മികച്ച വിദ്യാഭ്യാസ, തൊഴിൽ, ജീവിത സാധ്യതകൾ തേടി വിദേശ രാജ്യങ്ങ ളിലേയ്ക്ക് ചേക്കേറുന്നവരെ നിരുത്സാഹപ്പെടുത്താൻ കഴിയില്ലെ ങ്കിലും ജന്മനാട്ടിൽ ജീവിക്കാൻ തൽപ്പരരായ ചെറുതല്ലാത്ത ഒരു സമൂഹം യുവജനങ്ങളിലുണ്ട് എന്നത് ഒരു വസ്തുതയാണ്. അത്തര ക്കാർക്കെങ്കിലും നാട്ടിൽ തുടരാൻ കഴിയുന്ന വിധത്തിലുള്ള തൊഴിൽ - സംരംഭകത്വ സാധ്യതകൾ അവഗണിക്കപ്പെടാൻ പാടില്ല. പ്രഫഷണ ലായി തൊഴിൽ - സംരംഭകത്വ മേഖലകളെ സമീപിക്കാനുതകുന്ന ബോധ്യങ്ങൾ വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും പകർന്നു നൽകാൻ സംഘടനാ നേതൃത്വങ്ങൾക്ക് കൂടുതലായി സാധിക്കും.

**ആർട്ടിഫിഷ്യൽ ഇന്റലിജൻസ്**

നിർമ്മിത ബുദ്ധി സംബന്ധിച്ച സഭാ പ്രബോധനങ്ങൾ യുവജന ങ്ങൾ ഗൗരവമായി പരിഗണിക്കേണ്ടതുണ്ട്. എഐ (AI) യുടെ അനന്ത സാധ്യതകളെ, ധാർമ്മികമൂല്യങ്ങൾ കണക്കിലെടുത്തുകൊണ്ട് ഉത്തരവാദിത്തപൂർവ്വം സമീപിക്കണമെന്ന ആഹ്വാനം പരിശുദ്ധ സിംഹാസനം പലപ്പോഴായി ആവർത്തിച്ചിട്ടുണ്ട്. ഇക്കാര്യങ്ങളിൽ അത്യന്തം ശ്രദ്ധാലുവായിരുന്ന ഫ്രാൻസിസ് പാപ്പയുടെ പ്രബോധന ങ്ങൾ നമുക്ക് ഹൃദയത്തിൽ സൂക്ഷിക്കാം. നിർമ്മിതബുദ്ധി സംബന്ധ

മായ സംവിധാനങ്ങളെ ക്രിയാത്മകമായി ഉപയോഗിക്കാനും, അതേസമയം ധാർമ്മികവും മാനവികവുമായി സംഭവിച്ചേക്കാവുന്ന അപചയങ്ങളിൽ കരുതലുള്ളവരായിരിക്കാനും ഇക്കാലഘട്ടത്തിൽ യുവജനങ്ങൾ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതുണ്ട്. ഈ വിഷയത്തിൽ ആഴത്തിലുള്ള പഠനങ്ങൾക്കും പരിശീലന പദ്ധതികൾക്കും യുവജന സംഘടനകൾ നേതൃത്വം നൽകുന്നത് ഉചിതമാണ്.

**രാഷ്ട്രീയം**

അത്യന്തം കലുഷിതവും ആശയക്കുഴപ്പങ്ങൾക്കിടയാക്കുന്നതുമായ രാഷ്ട്രീയ സാഹചര്യങ്ങളാണ് ഇന്നുള്ളത്. ഈ ഘട്ടത്തിൽ സഭാത്മകതയും നേതൃപാടവവും ചിന്താശേഷിയുമുള്ള ക്രൈസ്തവ യുവനിര മുഖ്യധാരാ രാഷ്ട്രീയത്തിൽനിന്ന് അകലം പാലിക്കുന്നത് ശരിയായ സമീപനമല്ല. അറിവും കഴിവും കാര്യപ്രാപ്തിയുമുള്ള യുവതലമുറ മുഖ്യധാരാ രാഷ്ട്രീയത്തിലേയ്ക്ക് കടന്നുവരികയാണ് ഇക്കാലഘട്ടത്തിൽ നമ്മുടെ നാട് അഭിമുഖീകരിക്കുന്ന പലവിധ പ്രതിസന്ധികളുടെയും പരിഹാരത്തിന് ആവശ്യം. നേതൃഗുണമുള്ള യുവതീയുവാക്കളെ സഭാത്മകമായി പരിശീലിപ്പിക്കാനും മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാനുമുള്ള ദൗത്യത്തെ കത്തോലിക്കാ യുവജന സംഘടനകൾ ഗൗരവമായെടുക്കണം. പൊതുസമൂഹത്തിന്റെയും ക്രൈസ്തവ സമുദായത്തിന്റെയും ആവശ്യമെന്ന നിലയിൽ തങ്ങളുടെ നിയോഗം തിരിച്ചറിഞ്ഞ് മുന്നോട്ടുവരാൻ യോഗ്യരായവർ തയ്യാറാവുകയും വേണം.

ആത്മീയവും സഭാപരവും സാമൂഹികവുമായ വിവിധ മേഖലകൾ പരിഗണിച്ചുകൊണ്ട് അവരവരുടെ വിളിക്കനുസൃതമായ ജീവിത പന്ഥാവിലേയ്ക്ക് ഓരോരുത്തരും കടന്നുവരികയും ആത്മാർത്ഥതയോടെ ജീവിതത്തിൽ മുന്നേറുകയുമാണ് ഈ കാലഘട്ടത്തിന്റെ ആവശ്യം. അത്തരത്തിൽ ഈ ജൂബിലി വർഷത്തോടും യുവജനദിനാചരണത്തോടും സഭാത്മകമായി നമുക്ക് പ്രത്യുത്തരിക്കാം.

ജൂബിലി വർഷത്തിന്റെ ചൈതന്യത്തോട് ചേർന്നു നിന്നുകൊണ്ട് ഇത്തവണത്തെ യുവജനദിനം സവിശേഷമായി ആചരിക്കാനുള്ള ആഹ്വാനം ജൂൺ 3, 4 ദിവസങ്ങളിൽ പിഒസിയിൽ ചേർന്ന കെസിബിസി വർഷകാല സമ്മേളനത്തിൽ പിതാക്കന്മാർ നൽകുകയുണ്ടായി. ജൂലൈ ആറാം തീയതിയിലെ സ്തോത്രക്കാഴ്ച കെസിബിസി യുവജന കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി രൂപതാ - അതിരൂപതാ കാര്യാലയത്തിൽ ഏൽപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

എല്ലാ യുവജനങ്ങൾക്കും ദൈവാനുഗ്രഹവും യുവജനദിനത്തിന്റെ മംഗളങ്ങളും ഏറ്റവും സ്നേഹത്തോടെ പ്രാർഥനാപൂർവം ആശംസി ക്കുന്നു.

**റൈറ്റ് റവ. ഡോ. ക്രിസ്തുദാസ് ആർ**
(ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

**ഡോ. മാർ ജോസഫ് പണ്ടാരശ്ശേരിൽ**
(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

**ഡോ. മാത്യൂസ് മാർ പോളികാർപ്പോസ്**
(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം, പി.ഒ.സി., കൊച്ചി - 682 025.

---

N.B. 2025 ജൂലൈ 6-ാം തീയതി ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലാറ്റിൻ, സിറോ മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കുന്ന എല്ലാ സ്ഥാപന ങ്ങളിലും വായിക്കുകയോ, ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.

ജൂലൈ 6 യുവജനദിനമായി ആചരിക്കുന്നതിനുള്ള ഒരുക്കങ്ങൾ ഇടവക വികാരിമാരും സംഘടനാ നേതാക്കളും മുൻകൂട്ടി നടത്തണ മെന്നകാര്യവും ഓർമ്മിക്കുമല്ലോ.

# കച്ചേരിക്കാര്യം
## ജൂലൈ 2025

### 1. പുതിയ നിയമനങ്ങൾ

1. റവ. ഫാ. ജോർജ് ചേന്നപ്പള്ളിൽ വികാരി, ആടാംപാറ
2. റവ. ഫാ. തോമസ് മരശ്ശേരിൽ വികാരി, അതിരുമാവ് (അധിക ചുമതല)
3. റവ. ഫാ. തോമസ് കളപ്പുരയ്ക്കൽ OFM Cap., വികാരി, മേലെചൊവ്വ
4. റവ. ഫാ. ജോസ് തോമസ് കരിങ്ങടയിൽ OFM Cap., വികാരി, കുറ്റിക്കോൽ
5. റവ. ഫാ. മാത്യു മൂന്നാനാൽ പ്രോ. വികാരി, ചെടിക്കുളം
6. റവ. ഫാ. ജോസഫ് കണ്ണംമ്പുഴ SDV, അസി. വികാരി, വിളക്കന്നൂർ
7. റവ. ഫാ. ദേവസ്യാ കോനൂർ OFM Cap., അസി. വികാരി, പൈസക്കരി

### 2. അത്തിയടുക്കം കുരിശുപള്ളി

അത്തിയടുക്കം കുരിശുപള്ളി ഇടവകസമൂഹത്തിന്റെ അജപാലന ശുശ്രൂഷ 2025 ജൂൺ 22 മുതൽ തയ്യേനി പള്ളിയുടെ ബഹു. വികാരി അച്ചനായിരിക്കും നിർവ്വഹിക്കുക. ഈ ക്രമീകരണത്തോടെ അത്തിയടുക്കം തോമാപുരം ഫൊറോനാ കൂട്ടായ്മയുടെ ഭാഗമായിരിക്കും.

### 3. ജൂലൈ 3 ദുക്റാനത്തിരുനാൾ

ഭാരതത്തിന്റെ അപ്പസ്തോലനും നമ്മുടെ പിതാവുമായ മാർതോമാശ്ലീഹായുടെ രക്തസാക്ഷിത്വദിനം സീറോ മലബാർ സഭയിൽ സഭാദിനമായാണ് ആചരിക്കുന്നത്. നമ്മുടെ അതിരൂപതയിലെ എല്ലാ ദൈവാലയങ്ങളിലും ദുക്റാന തിരുനാൾ ഉചിതമായി ആചരിക്കണമെന്ന് ഓർമപ്പെടുത്തുന്നു.

സീറോ മലബാർ സഭയുടെ വി. കുർബാന അർപ്പണത്തിന്റെ ഏറ്റവും ആഘോഷപൂർവ്വമായ റാസകുർബാന സാധിക്കുന്ന ഇടവകകളിൽ ദുക്റാനത്തിരുനാളിൽ അർപ്പിക്കുന്നത് ഏറ്റവും ഉചിതമാണ്. മാർതോമാശ്ലീഹായുടെ തിരുസ്വരൂപം എഴുന്നള്ളിച്ചുവച്ച് നൊവേനയും ലദീഞ്ഞും നടത്തുകയും ശ്രാദ്ധമായി ആചരിച്ച് പാച്ചോർ നേർച്ച നടത്തുന്നതും ഉചിതമായിരിക്കും.

**4. അഭിനന്ദനങ്ങൾ**

**1. റവ. ഫാ. ജേക്കബ് വട്ടുകളം :** തലശ്ശേരി അതിരൂപതാംഗമായ ബഹു. ജേക്കബ് വട്ടുകളം അച്ചന് വത്തിക്കാൻ നയതന്ത്ര കാര്യാലയത്തിലേക്കുള്ള അംഗങ്ങളെ പരിശീലിപ്പിക്കുന്ന റോമിലെ പൊന്തിഫിക്കൽ എക്ക്ളേസിയാസ്റ്റിക്കൽ അക്കാദമിയിൽ പ്രവേശനം ലഭിച്ചു. തലശ്ശേരി അതിരൂപതയിൽ നിന്നും ആദ്യമായാണ് ഒരു വൈദികൻ വത്തിക്കാൻ നയതന്ത്ര കാര്യാലയത്തിൽ സേവനം ചെയ്യുവാനുള്ള പരിശീലനത്തിനായി തിരഞ്ഞെടുക്കപ്പെട്ടത്. 2025 സെപ്റ്റംബർ 24 ന് ബഹു. ജേക്കബ് അച്ചൻ പരിശീലനത്തിനായി റോമിലെ അക്കാദമിയിൽ പ്രവേശിക്കും. രണ്ട് വർഷത്തെ പരിശീലനത്തിനുശേഷമാണ് വിവിധ രാജ്യങ്ങളിലുള്ള വത്തിക്കാൻ നയതന്ത്ര കാര്യാലയങ്ങളിൽ ശുശ്രൂഷക്കായി നിയോഗിക്കപ്പെടുക. റോമിൽ സഭാനിയമത്തിൽ പഠനം നടത്തിക്കൊണ്ടിരിക്കവെയാണ് ബഹു. ജേക്കബ് അച്ചന് പുതിയ നിയോഗം ലഭിക്കുന്നത്. ബഹു. ജേക്കബ് അച്ചന് തലശ്ശേരി അതിരൂപതാ കുടുംബത്തിന്റെ അനുമോദനവും ആശംസകളും.

**5. PPF അംഗങ്ങളുടെ ശ്രദ്ധയ്ക്ക്**

തലശ്ശേരി അതിരൂപതാ വൈദിക കൂട്ടായ്മയിൽ നിന്നും നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട ബഹു. ജോൺ മുല്ലക്കരയച്ചന്റെയും ബഹു. തോമസ് വട്ടമല അച്ചന്റെയും ആത്മശാന്തിക്കായി വിശുദ്ധ കുർബാന അർപ്പിക്കേണ്ടതാണ്.

**6. റിഫ്രഷർ കോഴ്സ്**

ബഹു. വൈദികരുടെ തുടർപരിശീലനത്തിന്റെ ഭാഗമായുള്ള റിഫ്രഷർ കോഴ്സ് 2025 ജൂലൈ 16-ാം തീയതി ബുധനാഴ്ച രാവിലെ 10:30 മുതൽ 18-ാം തീയതി വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 1:00 മണിവരെ തലശ്ശേരി സന്ദേശഭവനിൽവച്ച് നടത്തുകയാണ്. 2010 ന് മുമ്പ് തിരുപ്പട്ടം സ്വീകരിച്ച ബാച്ചുകളിലെ അജപാലനശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന ബഹു. വൈദികരാണ് ഈ കോഴ്സിൽ പങ്കെടുക്കേണ്ടത്. കോഴ്സിൽ ആദ്യാവസാനം പങ്കെടുക്കുവാൻ സാധിക്കുന്ന വിധത്തിൽ ഇടവകകളിലെ ശുശ്രൂഷകൾ ക്രമീകരിക്കുമല്ലോ.

**Refresher Course (2025 July 16-18 )**

**Rev. Fathers**

1. ACHANDIYIL GEORGE
2. ALAMKOTTU MATHEW
3. AMAKKATTU THOMAS
4. AMBATTU SEBASTIAN
5. ANAKKALLIL ANTONY
6. ANITHANAM JOSEPH
7. ANTHYAMKULAM JOHNSON
8. ARACKAL KURIAKOSE
9. ASARIKUNNEL GEORGE
10. ASARIPARAMBIL MATHEW
11. ATTEL EMMANUEL
12. ATTENGATTIL THOMAS

13. CHAKKANANIKAL SCARIA
14. CHATHANATTU JOSEPH
15. CHELAMARAM GEORGE
16. CHELLAMKOTTU JAMES
17. CHELLAMKOTTU MATHEW
18. CHENNAPPALLIL GEORGE
19. CHENNOTH SEBASTIAN
20. CHERIAMPURATH VARGHESE
21. CHERIPURATH SEBASTIAN
22. CHERUVIL THOMAS
23. EDAYADIYIL SEBASTIAN
24. ELAMTHURUTHIPADAVIL MATHEW
25. ELAVUMKUNNEL GEORGE (Jnr)
26. ELAVUMKUNNEL GEORGE (Snr)
27. ELUKUNNEL GEORGE
28. ENACHERIL JOSEPH
29. ERUPPAKKATTU PHILIP
30. KAKKARAMATTATHIL JOSEPH
31. KAKKATTIL JOSEPH
32. KALAPURA GEORGE
33. KALARICKAL JOSEPH
34. KALARICKAL KURIAKOSE
35. KALARIMURIYIL GEORGE
36. KANAKKATTU JOSEPH
37. KANJIRAKKATT GEORGE
38. KARAKKATTU PHILIP
39. KAROTTU GEORGE
40. KARUKAMALIL JOSEPH
41. KAVANADY JOSEPH
42. KAVIYIL PHILIP
43. KEEZHARATHIL THOMAS
44. KIDARATHIL ANTONY
45. KIDARATHIL THOMAS
46. KIZHAKKETHALACKAL MARTIN
47. KOCHUKAROTTU THOMAS
48. KOLAKKUNNEL KURIAKOSE
49. KOONANKIYIL EMMANUEL
50. KOTTUKAPPALLY MATHEW
51. KOVATTU GEORGE
52. KOYIPURAM JOSEPH
53. KUDIPPARAMBIL CHACKO
54. KULATHARA JOSEPH
55. KUTTIKKATTUKUNNEL JACOB
56. MADATHIMYALIL ABRAHAM
57. MANAVATH THOMAS
58. MANCHAPILLIL JOSEPH
59. MANICKATHAZHE JOSE
60. MANJALAMKUNNEL ANTONY
61. MATTATHIL ISSAC
62. MATTATHIL JOSEPH
63. MELVETTATH THOMAS
64. MELVETTOM MANI
65. MENACHERY LOUIS
66. MOOKKILIKKATTU SEBASTIAN
67. MOONNANAPPALLY JAMES
68. MUNDACKAL JOSE
69. MUNDOLICKAL JOHN
70. MUTHUKUNNEL ANTONY
71. MUTTATHUKUNNEL JOSEPH
72. MUTTATHUPARA SEBASTIAN
73. NARIKKUZHI MATHEW
74. NEDUMGATTU JACOB
75. NIRAPPEL SCARIA
76. NOORAMMACKAL JOHN
77. NOORAMMACKAL JOSEPH
78. OLICKAL MATHEW
79. ONAMKULAM JOHN
80. ORATHEL KURIAKOSE
81. PADINJAREMURIYIL PIOUS
82. PAIMPILLIL THOMAS
83. PALAKUZHY SEBASTIAN
84. PALAMATTAM MATHEW
85. PALLIKUNNEL ANTONY
86. PALLINEERACKAL JACOB
87. PAMPACKAL THOMAS
88. PANDIAMAKEL AUGUSTINE

89. PANTHALADICKAL JOSEPH
90. PARAPPALLIYATH MARTIN
91. PARAVARAKATH MATHEW
92. PATHIYOTTIL JOSEPH
93. PATTAMKULAM THOMAS
94. PODIMATTAM SEBASTIAN
95. PONNAMBEL JOHN
96. POOVANNIKUNNEL JOSE
97. POOVATHOLIL JOSEPH
98. POTTEMPLACKAL MATHEW
99. POWATH JOSEPH
100. PUNNURE ANTONY
101. PURATHEMUTHUKATTIL BOSCO
102. PUTHENNADAYIL JAMES
103. PUTHENPURACKAL XAVIER (Jnr)
104. PUTHENPURACKAL XAVIER (Snr)
105. PUTHUPPALLIL SEBASTIAN
106. PUTHUSSERY ABRAHAM
107. PUTHUSSERY JOSEPH
108. RATHAPPILLIL FRANCIS
109. SASTHAMPADAVIL MATHEW
110. THAYYIL THOMAS
111. THEKKEL ANDREWS
112. THEKKEMURIYIL ANTONY
113. THEKKEMURY MATHEW
114. THELAKKATT XAVIER
115. THENAMMACKAL JOSEPH
116. THENGUMPALLIL THOMAS
117. THYKUNNUMPURAM GEORGE
118. THYKUNNUMPURATH JOSEPH
119. VADAKKAN AUGUSTINE
120. VADAKKEMULANJANAL THOMAS
121. VADAKKEMURIYIL THOMAS
122. VADASSERIL SCARIA
123. VALAVANAL MATHEW
124. VALLIMALA GEORGE
125. VALLOPPILLY PAUL
126. VARAMBAKATH LAZAR
127. VARANATH JOSEPH
128. VAZHAKATTU JOHN
129. VELLARINGATT GEORGE
130. VENGAKUNNEL MATHEW
131. VENNAYAPPILLIL JACOB
132. VETTICKAL JOSE

**7. മേജർ സുപ്പീരിയേഴ്സിന്റെ യോഗം**

തലശ്ശേരി അതിരൂപതയിൽ ശുശ്രൂഷ നിർവഹിക്കുന്ന സന്യാസ സമൂഹങ്ങളുടെ മേജർ സുപ്പീരിയേഴ്സിന്റെ യോഗം 2025 ജൂലൈ 24 വ്യാഴാഴ്ച രാവിലെ 10 മണി മുതൽ ഉച്ചകഴിഞ്ഞ് 1:30 വരെ തലശ്ശേരി സന്ദേശഭവനിൽവച്ച് ചേരുന്നതാണ്. ഈ യോഗത്തിൽ തലശ്ശേരി അതിരൂപതയിൽ ഉള്ള സന്യാസസമൂഹങ്ങളുടെ സുപ്പീരിയർ ജനറൽമാർ, പ്രൊവിൻഷ്യൽ സുപ്പീരിയർമാർ, റീജിയൻ സുപ്പീരിയർമാർ എന്നിവരും അവരുടെ ഒരു കൗൺസിലറും ആണ് പങ്കെടുക്കേണ്ടത്. ഈ അതിരൂപതയിൽ പ്രൊവിൻസോ, റീജനോ ഇല്ലാത്ത സന്യാസസമൂഹങ്ങളിൽനിന്നും രണ്ടു പ്രതിനിധികൾ ഈ യോഗത്തിൽ പങ്കെടുക്കേണ്ടതാണ്.

**8. ആദരാഞ്ജലികൾ**

**1. ശ്രീ. തോമസ് കാഞ്ഞിരക്കാട്ട് (67):** ചെമ്പേരി ലൂർദ്ദ് മാതാ ബസിലിക്കാ റെക്ടർ ബഹു. ജോർജ് കാഞ്ഞിരക്കാട്ട് അച്ചന്റെ സഹോ

ദൻ ശ്രീ. തോമസ് കാഞ്ഞിരക്കാട്ട് 2025 ജൂൺ 08 ന് നിര്യാതനായി മൃതസംസ്ക്കാര ശുശ്രൂഷകൾ 2025 ജൂൺ 09 ന് മാങ്ങോട് സെന്റ് മേരീസ് ദൈവാലയ സെമിത്തേരിയിൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ കാർമ്മികത്വത്തിൽ നടന്നു. പ്രിയപ്പെട്ട സഹോദരന്റെ വേർപാടിൽ ദുഃഖിക്കുന്ന ബഹു. ജോർജച്ചനും കുടുംബാംഗങ്ങൾക്കും തലശ്ശേരി അതിരൂപതാ കുടുംബത്തിന്റെ അനുശോചനങ്ങൾ അറിയിക്കുന്നു.

**2. റവ. സി. ആലീസ് ജെയിംസ് എസ്. എച്ച്. (77)** : തിരുഹൃദയ സന്യാസിനീ സമൂഹം തലശ്ശേരി സെന്റ് ജോസഫ്സ് പ്രൊവിൻസ് അംഗമായ ബഹു. സി. ആലീസ് ജെയിംസ് പനയ്ക്കൽ എസ്. എച്ച് 2025 ജൂൺ 23 ന് നിര്യാതയായി. മൃതസംസ്കാര ശുശ്രൂഷകൾ 2025 ജൂൺ 24 ന് പേരാവൂർ തൊണ്ടിയിലുള്ള പ്രൊവിൻഷ്യൽ ഹൗസ് സെമിത്തേരിയിൽ അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ മുഖ്യകാർമികത്വത്തിൽ നടന്നു. കല്ലാനോട്, കൂരാച്ചുണ്ട്, കൊട്ടിയൂർ, പൈസക്കരി, പുലിക്കുരുമ്പ, മാങ്കോട്, അറബി, നിർമലഭവൻ, കാടന്മല, ബൽത്തങ്ങടി, തൊണ്ടിയിൽ, പരിയാരം സാൻജോസ് ഭവൻ എന്നീ മഠങ്ങളിൽ ബഹു. സിസ്റ്റർ സേവനം ചെയ്തിട്ടുണ്ട്. ബഹു. സിസ്റ്ററിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.



**9. സ്നേഹസ്മൃതി**

| | | | |
|---|---|---|---|
| 1. | റവ. ഫാ. ജോസ് കണിവേലിൽ | - | 01-07-2017 |
| 2. | റവ. ഫാ. മാണി വാഴചാരിയ്ക്കൽ | - | 02-07-2014 |
| 3. | റവ. ഫാ. അബ്രാഹം മൂങ്ങാമ്മാക്കൽ | - | 05-07-1989 |
| 4. | റവ. ഫാ. ഫിലിപ്പ് മുറിഞ്ഞകല്ലേൽ (സീനിയർ) | - | 07-07-1994 |
| 5. | റവ. ഫാ. ജോൺ കല്ലുങ്കൽ | - | 08-07-2012 |
| 6. | റവ. ഫാ. ജോസഫ് കീച്ചൻകേരി | - | 11-07-2021 |
| 7. | റവ. ഫാ. സേവ്യർ പുത്തൻപുരയിൽ | - | 15-07-1999 |
| 8. | റവ. ഫാ. അബ്രാഹം മൂക്കനോലിൽ | - | 16-07-1981 |
| 9. | റവ. ഫാ. ജേക്കബ് വെള്ളക്കട | - | 20-07-1970 |
| 10. | റവ. ഫാ. മാത്യു കൊട്ടുകാപ്പിള്ളി | - | 26-07-2003 |
| 11. | റവ. ഫാ. മാത്യു പൊയ്യക്കര | - | 27-07-2008 |
| 12. | റവ. ഫാ. ജോൺ കടുകമ്മാക്കൽ | - | 28-07-2010 |
| 13. | റവ. ഫാ. ജെയിംസ് മുകളേൽ | - | 29-07-2009 |
| 14. | റവ. ഫാ. ജോസഫ് മണിമലത്തറപ്പിൽ | - | 30-07-2012 |

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

ARCHDIOCESE
OF TELLICHERRY

Archbishop's House, PB No. 70,
Thalassery, Kerala, India – 670 101


Prot. No. 351/2025

**Order of Removal from Office
and Prohibitory Order from exercising Priestly Ministry**

Taking into consideration the seriousness and scandalous nature of the allegation of child abuse that is taking rounds among the public against Rev. Paul Thattuparambil, who is at present Vicar of St. Pauls' Church Athirumavu belonging to the Archdiocese of Tellicherry and his subsequent police enquiry and after having made due consultations, including legal, in this regard, I, Archbishop of Tellicherry in my capacity of Archbishop of the said Archdiocese, hereby remove Rev. Fr. Paul Thattuparambil from his office of the Vicar of the above mentioned parish with immediate effect.

In addition, he is suspended from exercising his priestly ministry, including the celebration of the Holy Sacraments and preaching of the Word of God in public, either inside or outside the Archdiocese of Tellicherry. This suspension and prohibition will remain in force until the accused is undergone the prescribed legal procedures in this regard and declared innocent.

Issued from the curia of the Archdiocese of Tellicherry on 08th June 2025.

✠ Joseph Pamplany
*Archbishop of Tellicherry*

MAR JOSEPH PAMPLANY
ARCHBISHOP OF TELLICHERRY


0490 2341058 curiaadtly@gmail.com www.archdioceseoftellicherry.org

Prot. N. 312/2025

## ACTS OF THE OFFICIAL DECLARATION OF EUCHARISTIC SIGN IN VILAKANNUR

On May 31, 2025, a momentous and long-awaited event for the Catholic faithful unfolded in Vilakannur. As directed by the Dicastery for the Doctrine of Faith the Archeparchy of Tellicherry officially declared the Vilakannur event in which image of Jesus that appeared on the Holy Host as a Eucharistic sign. This declaration pertains to a profound phenomenon observed on November 13, 2013, during the celebration of Holy Qurbana at Christ the King Church in Vilakannur. At that time, an image strikingly resembling the face of Jesus Christ became visible on the Holy Host. After a thorough evaluation spanning twelve years, the Dicastery for the Doctrine of Faith (DDF) has granted its "*Nihil obstat*," paving the way for this official recognition. The Dicastery, in its letter (Prot. N. 635/2018-103826), confirmed its approval subsequent to a "careful and prudent evaluation of the reports of the scientific experiments" conducted on the phenomenon. This comprehensive assessment was carried out in full accordance with the new Norms for proceeding in the discernment of alleged supernatural phenomena (cf. Article 18, §1 and Article 22, §1).

This formal declaration by the Archbishop of Tellicherry, underscored by the authoritative approval of the Holy See, marks a significant moment of spiritual affirmation and discernment for the local Church and the wider Catholic community.The Holy Host, on which the face of Jesus appeared, was brought from the Archbishop's house chapel to Vilakannur parish church on 31May 2025 in the afternoon. A solemn reception was held in Vilakannur, followed by a procession that began at 2:30 PM, leading the Host to a specially prepared tent for the celebration.

The ceremony was graced by the presence of **Archbishop Leopoldo Girelli**, the Apostolic Nuncio to India. **Mar Joseph Pamplany**, the Archbishop of Tellicherry, made the official declaration of the decree, affirming the image as a Eucharistic sign. The Malayalam translation of the decree was read by Rev. Fr. Joseph Muttathukunnel, Chancellor of the Archdiocese of Tellicherry. The Apostolic Nuncio then delivered a message and imparted a blessing with the Holy Eucharist.

The celebration witnessed the attendance of several esteemed church leaders, including:

- Archbishop Leopoldo Girelli
- Archbishop Joseph Pamplany
- Archbishop Emeritus Mar George Valiamattam
- Archbishop Emeritus Mar George Njaralakatt
- Bishop Alex Vadakkumthala (Bishop of Kannur)
- Bishop Dennis Kuruppassery (Auxiliary Bishop of Kannur)
- Mar Alex Tharamanaglam (Auxiliary Bishop of the Eparchy of Mananthavady)

Following the declaration, a solemn liturgical celebration took place with 200 priests concelebrating, joined by more than 700 religious nuns and approximately 10,000 faithful. The event was a profound expression of the people's faith in the Holy Eucharist, which stands as the "sum and substance of the Catholic faith."

*The Syro- Malabar Church, which shines for its apostolic zeal and missionary vitality for decades, is privileged to have this Eucharistic Species at Vilakannur. However, this event may not only be a great blessing for the beloved Syro- Malabar Church but also an indication in this time of division. How can one ignore that the tensions that are still dividing the clergy and faithful of the Syro- Malabar Church are contradictory to the Eucharist, the Sacrament of unity? Our Lord Jesus Christ bestowed the Eucharist to his Church "as s symbol of her unity and of the charity which he wanted all Christians to be closely united with one another" (St. Paul VI, Mysterium Fidei) – From the message of Archbishop Leopoldo Girelli – Apostolic Nunzio to India.*

Given from the Archeparchial Curia of the Archeparchy of Tellicherry on 07th June, 2025.

✠ **Joseph Pamplany**
*Archbishop of Tellicherry*

**Fr. Joseph Muttathukunnel**
*Chancellor*

# വിളക്കന്നൂർ ദിവ്യകാരുണ്യ അടയാളത്തിന്റെ ഔദ്യോഗിക പ്രഖ്യാപനം

തലശ്ശേരി അതിരൂപതയിലെ വിളക്കന്നൂർ ക്രിസ്തുരാജ ദൈവാലയത്തിൽ 2013 നവംബർ 13 ന് സംഭവിച്ച ദിവ്യകാരുണ്യ അടയാളത്തിന്റെ ഔദ്യോഗിക പ്രഖ്യാപനം 2025 മെയ് 31 ന് ഉച്ചകഴിഞ്ഞ് 2.30ന് ഇൻഡ്യയിലെ വത്തിക്കാൻ സ്ഥാനപതി ആർച്ച് ബിഷപ്പ് ലെയോപോൾഡോ ജിറെല്ലി പിതാവിന്റെ സാന്നിധ്യത്തിൽ നടന്നു. ദിവ്യകാരുണ്യ അടയാളത്തെ സംബന്ധിച്ചുള്ള വത്തിക്കാനിലെ വിശ്വാസതിരുസംഘത്തിന്റെ അറിയിപ്പ് ഏറെ സന്തോഷത്തോടെയാണ് ദൈവജനം സ്വീകരിച്ചത്. ഔദ്യോഗിക പ്രഖ്യാപനം നടന്ന ദിനം ഏറെ അനുഗ്രഹീതമായ ചടങ്ങുകൾക്കാണ് വിളക്കണ്ണൂർ ക്രിസ്തുരാജാ ദൈവാലയം സാക്ഷ്യം വഹിച്ചത്. ഈശോയുടെ തിരുമുഖം പതിഞ്ഞ തിരുവോസ്തി ഒടുവള്ളിത്തട്ടിൽ വച്ച് സ്വീകരിച്ച് പേപ്പൽ പതാകകൾ വഹിച്ച 100 വാഹനങ്ങളുടെ അകമ്പടിയോടെ വിളക്കന്നൂരിലേക്ക് ആനയിച്ചു. വിളക്കന്നൂർ ടൗണിലുള്ള കുരിശുപള്ളിയുടെ മുമ്പിൽവച്ച് തിരുവോസ്തി അടങ്ങിയ പേടകം വത്തിക്കാൻ സ്ഥാനപതിയിൽ നിന്ന് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് ഏറ്റുവാങ്ങി. തുടർന്ന് നൂറുകണക്കിന് വൈദികരുടെയും സമർപ്പിതരുടെയും ദൈവജനത്തിന്റെയും അകമ്പടിയോടെ ആഘോഷപൂർവം പ്രദക്ഷിണമായി ദൈവാലയഅങ്കണത്തിൽ തയ്യാറാക്കിയ പന്തലിലേക്ക് തിരുവോസ്തി സംവഹിക്കപ്പെട്ടു.

ദിവ്യകാരുണ്യ അടയാളത്തിന്റെ ഔദ്യോഗികമായ പ്രഖ്യാപനം തലശ്ശേരി അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി നിർവഹിച്ചു. റോമിലെ വിശ്വാസതിരുസംഘം നൽകിയ ഡിക്രിയുടെ മലയാള പരിഭാഷ അതിരൂപത ചാൻസലർ ഫാ. ജോസഫ് മുട്ടത്തുകുന്നേൽ വായിച്ചു. തുടർന്ന് തിരുവോസ്തി ആരാധനയ്ക്കായി അൾത്താരയിൽ പ്രതിഷ്ഠിച്ചു. ദിവ്യകാരുണ്യ ആരാധനയ്ക്കു ബഹു. മാത്യു വേങ്ങക്കുന്നേലച്ചൻ നേതൃത്വം നല്കി. വത്തിക്കാൻ സ്ഥാനപതി ലെയോ പോൾഡോ ജിറെല്ലി പിതാവ് ദിവ്യകാരുണ്യ ആരാധനയുടെ സമാപനത്തിൽ ആശീർവാദം നല്കുകയും വചനസന്ദേശം നല്കുകയും ചെയ്തു. സീറോ മലബാർ സഭയ്ക്കു മുഴുവനായും ദൈവം നല്കിയ അടയാളമാണ് ഇതെന്നും വിശുദ്ധ കുർബാനയിൽ നിന്നും ഐക്യത്തിന്റെയും കൂട്ടായ്മയുടെയും ജീവിരീതി നമ്മൾ സ്വന്തമാക്കണമെന്നും വചനസന്ദേശത്തിലൂടെ വത്തിക്കാൻ സ്ഥാനപതി ആഹ്വാനം ചെയ്തു. കണ്ണൂർ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ അലക്സ് വടക്കുംതല പിതാവും സഹായ മെത്രാൻ അഭിവന്ദ്യ ഡെന്നീസ് കുറു

പ്പശ്ശേരി പിതാവും മാനന്തവാടി രൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ അലക്സ് താരാമംഗലം പിതാവും അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവും അഭിവന്ദ്യ ജോർജ് വലിയമറ്റം പിതാവും ചടങ്ങുകളിൽ പങ്കെടുത്തു. ഔദ്യോഗിക പ്രഖ്യാപനത്തിനെത്തിയ വത്തിക്കാൻ സ്ഥാനപതിക്ക് അതിരൂപത പ്രൊക്യുറേറ്റർ ഫാ. ജോസഫ് കാക്കരമറ്റത്തിൽ നന്ദി പറഞ്ഞു.

തുടർന്ന് നടന്ന സമൂഹബലിക്ക് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് മുഖ്യകാർമികത്വം വഹിച്ചു. അഭിവന്ദ്യ പിതാക്കന്മാരും ബഹു. ജനറാളച്ചന്മാരും 200 ഓളം വൈദികരും സഹകാർമ്മികരായി. ചെമ്പന്തൊട്ടി, ചെമ്പേരി, പൈസക്കരി, ആലക്കോട്, വായാട്ടുപറമ്പ്, തളിപ്പറമ്പ് എന്നീ ഫൊറോനകളിൽ നിന്നായി പതിനായിരത്തോളം ദൈവജനം ചടങ്ങുകളിൽ പങ്കെടുക്കാനെത്തി. വിളക്കന്നൂർ ഇടവകാസമൂഹം എല്ലാ ക്രമീകരണവും കൃത്യമായി നടത്തിയിരുന്നു. മികച്ച സംഘാടകനും കലാകാരനുമായ ബഹു. തോമസ് കീഴാരത്തിലച്ചന്റെ നേതൃത്വത്തിൽ ചുരുങ്ങിയ സമയംകൊണ്ട് കുറ്റമറ്റവിധത്തിലുള്ള ക്രമീകരണങ്ങൾ നടത്തുവാൻ വിളക്കന്നൂർ ഇടവകാസമൂഹത്തിന് കഴിഞ്ഞു. അസി. വികാരി ബഹു. എബിൻ നെല്ലിച്ചുവട്ടിൽ VC അച്ചന്റെ സേവനങ്ങളും നന്ദിയോടെ ഓർക്കുന്നു. മനോഹരമായി അലങ്കരിച്ച പീഠത്തിൽ തിരുവോസ്തി എഴുന്നള്ളിച്ചുവച്ചത് ഏറെ ഹൃദ്യമായിരുന്നു. പ്രത്യേകമായി ഒരുക്കിയ അൾത്താരയിലെ അലങ്കാരങ്ങൾ തിരുഹൃദയ സന്യാസിനീസമൂഹത്തിലെ ബഹു. സിസ്റ്റേഴ്സിന്റെ നേതൃത്വത്തിലായിരുന്നു. ചെമ്പന്തൊട്ടി ഫൊറോനായിലെ ബഹു. വൈദികരുടെ പ്രത്യേക കൂട്ടായ്മയും സഹകരണവും ചടങ്ങുകൾ ഭംഗിയായി നടത്തുവാൻ സഹായകമായി. അതിരൂപതാ പ്രോട്ടോ സിഞ്ചെല്ലൂസ് മോൺ. ആന്റണി മുതുകുന്നേൽ ഏവർക്കും നന്ദി അറിയിച്ചു. ബഹു. ജോസഫ് വയലുങ്കൽ അച്ചന്റെ നേതൃത്വത്തിൽ 50 പേരടങ്ങിയ ഗായകസംഘം ഹൃദ്യമായി ഗാനങ്ങൾ ആലപിച്ചു. റെഡ് അലേർട്ട് പ്രഖ്യാപിക്കപ്പെട്ടിരുന്ന ദിനത്തിൽ ഒരു തുള്ളി മഴപോലും പെയ്യാതെ അനുകൂലമായ കാലാവസ്ഥ നല്കി ദൈവം അനുഗ്രഹിച്ചു. തലശ്ശേരി അതിരൂപതയുടെ ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ട ഒരു ദിനമായിരുന്നു കടന്നുപോയത്. വി. കുർബാനയിലെ ഈശോയുടെ സാന്നിധ്യത്തിൽ ഉറച്ചു വിശ്വസിക്കുന്ന മലബാറിലെ വിശ്വാസസമൂഹം ദിവ്യകാരുണ്യ ഈശോയ്ക്കു മുമ്പിൽ സാഷ്ടാംഗം പ്രണമിച്ച് ആരാധന നടത്തിയ അനുഗ്രഹീത ദിനമായി പ്രഖ്യാപന ദിനം മാറി.

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

# പ്രെസ്ബിറ്ററൽ കൗൺസിൽ മീറ്റിംഗ്

തലശ്ശേരി അതിരൂപത പ്രെസ്ബിറ്ററൽ കൗൺസിലിന്റെ മൂന്നാമത്തെ സമ്മേളനം 2025 ജൂൺ മാസം 10-ാം തീയതി സന്ദേശഭവനിൽ വച്ചു നടത്തപ്പെട്ടു. രാവിലെ 10.30 ന് ഫാ. ജോസഫ് ആനചാരി നേതൃത്വം നൽകിയ പ്രാർത്ഥനാ ശുശ്രൂഷയോടെ യോഗം ആരംഭിച്ചു. മോൺ. മാത്യു ഇളംതുരുത്തിപടവിൽ സമ്മേളനത്തിലേക്ക് ഏവരേയും സ്വാഗതം ചെയ്തു. മുൻ സമ്മേളനത്തിന്റെ റിപ്പോർട്ട് സെക്രട്ടറി അവതരിപ്പിക്കുകയും യോഗാംഗങ്ങളുടെ സമ്മതത്തോടെ അഭിവന്ദ്യ പിതാവ് റിപ്പോർട്ട് അംഗീകരിക്കുകയും ചെയ്തു.

അധ്യക്ഷപ്രസംഗത്തിൽ അഭിവന്ദ്യ പിതാവ് പുതിയ മലയാള ബൈബിൾ വിവർത്തനം നിലവിൽ വന്നതിനെപ്പറ്റി പരാമർശിക്കുകയും പരിഭാഷകരുടെ ടീമിലുണ്ടായിരുന്ന നമ്മുടെ അതിരൂപതയായ ഫാ. ആന്റണി തറേക്കടവിലിനെ പ്രത്യേകം പ്രശംസിക്കുകയും ചെയ്തു. ലിയോ ടോൾസ്റ്റോയ്, ദേസ്നെയോവിസ്കി തുടങ്ങിയ വിശ്വസാഹിത്യകാരന്മാർക്ക് സാഹിത്യ രചനകൾക്ക് വി. ഗ്രന്ഥം പ്രചോദനമായതിനെപ്പറ്റി പരാമർശിച്ച പിതാവ്, വചനത്തോടുള്ള താത്പര്യം പൗരോഹിത്യത്തിന്റെ അടയാളമായി കൊണ്ടു നടക്കണമെന്ന് വൈദികരെ ഓർമ്മിപ്പിച്ചു. എല്ലാദിവസവും വി. ഗ്രന്ഥം മൂന്ന് അധ്യായമെങ്കിലും മുടങ്ങാതെ വായിക്കണമെന്ന ഈശോയുടെ വി. തെരേസയുടെ വൈദികരോടുള്ള ഉപദേശം അഭിവന്ദ്യ പിതാവ് വൈദികരോടുള്ള തന്റെയും ഉപദേശമായി ആവർത്തിച്ചു.

അധ്യക്ഷപ്രസംഗത്തിനുശേഷം മുൻകൂട്ടി നിശ്ചയിച്ച വിഷയങ്ങളിന്മേലുള്ള ചർച്ചകൾ ആരംഭിച്ചു. ചർച്ചയിലെ ആദ്യ വിഷയമായി വൈദികക്ഷേമത്തെപ്പറ്റി മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി വിഷയാവതരണം നടത്തി. നിലവിൽ രോഗികളായി കഴിയുന്നവരേയും വിശ്രമജീവിതം നയിക്കുന്നവരേയും പറ്റി അദ്ദേഹം സൂചിപ്പിക്കുകയും വൈദികരുടെ ക്ഷേമകാര്യങ്ങൾക്ക് P.P.F വിഹിതം മുഴുവൻ പിരിഞ്ഞുകിട്ടിയാലും അത് അപര്യാപ്തമാണെന്ന് സൂചിപ്പിക്കുകയും ചെയ്തു. വൈദികമന്ദിരത്തിലുള്ളവരുടെ ചെലവിനായി പ്രതിമാസം 11 ലക്ഷത്തോളം രൂപ ആവശ്യമാണെന്നും ഇപ്പോൾ P.P.F കൂടാതെ ഓരോ വർഷവും 52 ലക്ഷം രൂപ അധികമായി കണ്ടെത്തേണ്ടതുണ്ടെന്നും അദ്ദേഹം അറിയിച്ചു. ഇതിനുപുറമേ ആക്ടീവ് മിനിസ്ട്രിയിലുള്ളവരുടെ രോഗചികിത്സാർത്ഥം വർഷംതോറും 70 മുതൽ 80 ലക്ഷംവരെ രൂപ അധികമായി കണ്ടെത്തേണ്ടതുണ്ടെന്നും അദ്ദേഹം ഓർമ്മിച്ചു. സെമിനാരിക്കാരുടെ മെഡിക്കൽ ആവശ്യങ്ങളിലും പലപ്പോഴും രൂപതാസാമ്പത്തിക സഹായം നൽകാറുണ്ടെന്ന വസ്തുതയും പരാമർശവിഷയമാ

യി. നിലവിൽ വൈദികർക്ക് Star Health Insurance -ൽ 5 ലക്ഷം രൂപയുടെ Insurance Policy യാണ് ഉള്ളതെന്ന് അദ്ദേഹം അറിയിച്ചു.

ചാൻസലർ ഫാ. ജോസഫ് മുട്ടത്തുകുന്നേൽ വിയാനി നിധിയെപ്പറ്റി സംസാരിച്ചു. 135 വൈദികർ ഇതുവരെ വിയാനിനിധിയോട് സഹകരിച്ചെന്നും ബാക്കിയുള്ളവർ വൈകാതെതന്നെ ഇക്കാര്യം ഗൗരവത്തിലെടുക്കണമെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. വിരമിച്ച വൈദികരെ മാന്യമായി സംരക്ഷിക്കേണ്ടത് നമ്മുടെ കൂട്ടുത്തരവാദിത്വമാണത് അഭിവന്ദ്യ പിതാവ് അഭിപ്രായപ്പെടുകയും വരുംനാളുകളിൽ ചികിത്സാർത്ഥം ആശുപത്രികൾ തിരഞ്ഞെടുക്കുന്നതിൽ ഒരു മുൻഗണനാക്രമം നിർദ്ദേശിക്കുകയും ചെയ്തു. അതിൻപ്രകാരം കരുവഞ്ചാൽ ആശുപത്രിയുടെ റെഫറൽ ആശുപത്രികളായി ഫാ. മുള്ളേഴ്സ് മംഗലാപുരം, ബേബി മെമ്മോറിയൽ, മിംസ് കണ്ണൂർ, എന്നിവയും അടുത്ത ഘട്ടത്തിൽ ലിസ്യൂ എറണാകുളം, മെഡിസിറ്റി പാലാ എന്നിവയെയുമാണ് വൈദികർ ചികിത്സാർത്ഥം പരിഗണിക്കേണ്ടത്. അതേസമയം ഒരു അടിയന്തരഘട്ടത്തിൽ ഏറ്റവും പെട്ടെന്ന് ലഭ്യമാകുന്ന വൈദ്യസഹായം സ്വീകരിക്കുന്നതിന് ഈ മുൻഗണനാക്രമം തടസ്സമല്ലെന്നും പിതാവ് കൂട്ടിച്ചേർത്തു. വിയാനിനിധിയെക്കുറിച്ച് ഫൊറോനാ മീറ്റിങ്ങുകളിൽ ഒരിക്കൽകൂടി ചർച്ച ചെയ്യണമെന്ന് പിതാവ് ഓർമ്മപ്പെടുത്തി. കരുവഞ്ചാൽ പ്രീസ്റ്റ്, ഹോമിൽ നിലവിൽ ഒഴിവുള്ള റൂമുകൾ കുറവാണെന്നും എത്രയും വേഗം ഒരു Extension Building പണിയുന്ന കാര്യം ആലോചനയിലുണ്ടെന്നും പിതാവ് അറിയിച്ചു.

ചർച്ചയിലെ രണ്ടാമത്തെ വിഷയമായി വൈദികരുടെ തുടർപരിശീലനം റിഫ്രഷർ കോഴ്സ് എന്നിവയെക്കുറിച്ച് മോൺ. ആൻണി മുതുകുന്നേൽ വിഷയാവതരണം നടത്തി. വൈദികർക്ക് ആദ്യത്തെ അഞ്ചു വർഷങ്ങളിൽ പാസ്റ്ററൽ ഓറിയന്റേഷൻ ക്ലാസ്സുകൾ നല്കി അവരെ പ്രത്യേകം പരിശീലിപ്പിക്കണമെന്നും വിവിധ സംഘടനകൾ/ അപ്പൊസ്റ്റൊലേറ്റുകൾ എന്നിവയുടെ ഇടവകാതലത്തിലുള്ള പ്രവർത്തനങ്ങളെക്കുറിച്ച് അവർക്ക് കൃത്യമായ പ്രായോഗിക നിർദ്ദേശങ്ങൾ നൽകണമെന്നും അതിരൂപതാ കുരിയാ സംവിധാനവും അക്കൗണ്ടിങ് സിസ്റ്റവുമെല്ലാം അവർ നന്നായി മനസ്സിലാക്കിയിട്ടുണ്ടെന്ന് ആദ്യവർഷങ്ങളിൽത്തന്നെ ഉറപ്പുവരുത്തണമെന്നും അച്ചൻ പറഞ്ഞതിനെ യോഗാംഗങ്ങൾ അനുകൂലിച്ചു. വൈദികപട്ടസ്വീകരണത്തിനു മുൻപ് ഡീക്കന്മാരായിരിക്കെത്തന്നെ പ്രായോഗിക അജപാലന പരിശീലനം രൂപതാതലത്തിൽ നൽകുന്ന പതിവ് ചില രൂപതകളിലുണ്ടെന്നും അത് അനുകരണീയമായ മാതൃകയാണെന്നും യോഗം വിലയിരുത്തി.

തുടർന്ന് ഈ വർഷത്തെ റിഫ്രഷർ കോഴ്സിനെപ്പറ്റിയുള്ള പരാമർശങ്ങൾ ഉണ്ടായി. ജൂനിയർ വൈദികർക്ക് ഇത്തവണ റിഫ്രഷർ

കോഴ്സ് ക്രമീകരിച്ചിരിക്കുന്നത്. ഒരു ആത്മീയ നവീകരണം പ്രോഗ്രാമായിട്ടു കൂടിയാണെന്ന് പിതാവ് വ്യക്തമാക്കി. ജൂനിയർ വൈദികർക്ക് അച്ചടക്കത്തിന്റെ കാര്യത്തിൽ കൂടുതൽ ശ്രദ്ധവേണമെന്ന് യോഗാംഗങ്ങൾ ചിലർ അഭിപ്രായപ്പെട്ടപ്പോൾ സഹവൈദികരോട് കുറേക്കൂടി ഉപവിയോടെ പെരുമാറാനും മനസ്സിലാക്കാനും വൈദികസമൂഹം ശ്രദ്ധിക്കണമെന്ന് പിതാവും ഓർമ്മപ്പെടുത്തി.

റിഫ്രഷർ കോഴ്സുകളിൽ പൗരോഹിത്യ അച്ചടക്കം, വചനപ്രഘോഷണ സംബന്ധമായ നൂതന വിഷയങ്ങൾ എന്നിവ ഉൾപ്പെടുത്തുന്നത് അഭികാമ്യമാണെന്ന് ഏതാനുംപേർ അഭിപ്രായപ്പെട്ടു. സീനിയർ വൈദികരെ വീണ്ടും രണ്ടുഗണമാക്കിതിരിച്ച് കോഴ്സുകൾ ക്രമീകരിക്കുന്നതിനെപ്പറ്റി ചർച്ചകൾ ഉണ്ടായെങ്കിലും റിഫ്രഷർ കോഴ്സ് പരസ്പരം അറിയാനും ഇടപഴകാനുമുള്ള വേദിയായതിനാൽ ഈ കാര്യം പരിഗണിച്ചു തീരുമാനങ്ങളെടുക്കാമെന്ന് പിതാവ് അഭിപ്രായപ്പെട്ടു.

ചർച്ചയിലെ മൂന്നാമത്തെ വിഷയമായി സാമുദായിക ശാക്തീകരണ വർഷാചരണത്തെപ്പറ്റി മോൺ. ആന്റണി മുതുകുന്നേൽ വിഷയാവതരണം നടത്തി. വിവിധ അപ്പൊസ്റ്റൊലേറ്റുകൾ മുൻചർച്ചകളുടെ അടിസ്ഥാനത്തിൽ തീരുമാനിച്ച കർമ്മപദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കണമെന്ന് അച്ചൻ ഓർമ്മിപ്പിച്ചു. കുടുംബക്കൂട്ടായ്മ സംവിധാനം സജീവമാക്കുന്നതിനെപ്പറ്റിയും കുടുംബക്കൂട്ടാമയ്ക്ക് പൊതുവായ ഒരു ആന്തം തയ്യാറാക്കുന്നതിനെപ്പറ്റിയും ഫാ. ജോർജ് കോവാട്ട് യോഗത്തോട് സംസാരിച്ചു. ഫൊറോന കൗൺസിലുകൾ കൂടുതൽ സജീവമായി പ്രവർത്തിക്കണമെന്നും ഫൊറോനാ കൗൺസിൽ പ്രസിഡണ്ടിന് ഫൊറോന അജപാലനപ്രവർത്തനങ്ങളിൽ കൂടുതൽ പങ്കാളിത്തം നൽകണമെന്നും അവരിലൂടെ വിവിധ അപ്പൊസ്റ്റൊലേറ്റുകളുടെ പ്രവർത്തനങ്ങൾ ക്രമീകരിക്കണമെന്നും അഭിവന്ദ്യ പിതാവ് നിർദ്ദേശിച്ചു.

ചർച്ചയിലെ നാലാമത്തെ വിഷയമായി ഹെൽപ് ഡെസ്ക്-എഡ്യൂസ് പാർക്ക് എന്നിവയുടെ പ്രവർത്തനത്തെപ്പറ്റി ഫാ. ജോസഫ് റാത്തപ്പിള്ളി വിഷയാവതരണം നടത്തി. വിവിധ പ്രായവിഭാഗങ്ങളിലുള്ള കുട്ടികൾക്കുവേണ്ടി അക്കാദമിക് വിഷയങ്ങളിൽ പരിശീലനം നൽകുന്നതിനെപ്പറ്റി അച്ചൻ സംസാരിച്ചു. പഠനത്തിൽ സമർത്ഥരായ കുട്ടികളെ ഇത്തരം പരിശീലനത്തിലൂടെ ഭാവിയിൽ മുൻപന്തിയിലെത്തിക്കാൻ എല്ലാവരും പരിശ്രമിക്കണമെന്ന് പിതാവ് ഓർമ്മപ്പെടുത്തുകയും ചെയ്തു. നിലവിൽ 173 കുട്ടികൾ കോച്ചിങ്ങിൽ പങ്കെടുക്കുന്നുണ്ടെന്നും പുതിയ ബാച്ച് ജൂൺ 23 ന് ആരംഭിക്കുമെന്നും യോഗത്തെ അറിയിച്ചു.

ചർച്ചയിലെ അവസാന വിഷയമായി അതിരൂപതാ മാധ്യമനയവും നിലവിലെ പ്രവർത്തനങ്ങളും വിശദീകരിക്കപ്പെട്ടു. അതിരൂപതയുടെ You tube ചാനൽ നന്നായി ജനങ്ങളിലേക്ക് എത്തുന്നുണ്ടെങ്കിലും വിഷയാനുബന്ധിയായി യഥാസമയം പ്രതികരിക്കുന്നതിൽ നാം പിറകിലാണെന്ന് വിഷയാവതരണം നടത്തിയ ചാൻസലർ ഫാ. ജോസഫ് മുട്ടത്തുകുന്നേൽ അഭിപ്രായപ്പെട്ടു. ആവശ്യസമയത്ത് ഉടനടി പ്രതികരിക്കാൻ സാധിക്കുന്നവർ ഉണ്ടാകേണ്ടതിന്റെ ആവശ്യകതയെപ്പറ്റി യോഗം അഭിപ്രായപ്പെടുകയും മീഡിയായിൽ സംസാരിക്കാൻ കഴിവുള്ള വൈദികരേയും ഇതിനായി പ്രയോജനപ്പെടുത്തണമെന്ന നിർദ്ദേശമുണ്ടായി. അഭിവന്ദ്യ പിതാവിനുനേരെ സോഷ്യൽ മീഡിയാ വഴിയുണ്ടായ സംഘടിത ആക്രമണങ്ങളെപ്പറ്റി പരാമർശങ്ങളുണ്ടാവുകയും അതിനെതിരെ ശക്തമായ പ്രതികരണങ്ങൾ നടത്തിയ അതിരൂപതാ മാതൃവേദിയ്ക്കും ഫാ. ജോർജ് കളപ്പുരയ്ക്കും പിതാവ് പ്രത്യേകം നന്ദി പറയുകയും ചെയ്തു.

അതിരൂപതയിൽ പുതുതായി ആരംഭിക്കുന്ന Missionary Society for the Marginalized എന്ന പുതിയ സൊസൈറ്റിയെപ്പറ്റി അഭിവന്ദ്യ പിതാവ് യോഗത്തെ അറിയിച്ചു. ബഹു. ജോർജ് കുറ്റിക്കലച്ചന്റെ കീഴിൽ ആകാശപ്പറവകൾ എന്ന പേരിൽ സാധുജനസംരക്ഷണാർത്ഥം ആരംഭിച്ച വിവിധ പ്രേഷിതരിലെ പുരുഷന്മാർക്കുവേണ്ടിയാണ് സീറോമലബാർ മെത്രാന്മാരുടെ സ്ഥിരം സിനഡ് ഇങ്ങനെയൊരു സൊസൈറ്റി ആരംഭിക്കാൻ അനുവാദം നൽകിയിട്ടുള്ളത്. നിലവിൽ ഈ സൊസൈറ്റി തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്തയുടെ നിയന്ത്രണത്തിലായിരിക്കുമെന്നും അതിരൂപതാംഗമായ ഫാ. സെബാസ്റ്റ്യൻ മണപ്പാത്തുപറമ്പിൽ പുതിയ സൊസൈറ്റിയുടെ Servent General ആയിരിക്കുമെന്നും പിതാവ് അറിയിച്ചു. ഇതൊരു Non-Clerical Missionary Society ആയിരിക്കുമെന്നും ആകാശപ്പറവകളിലെ സ്ത്രീകൾക്കുള്ള സൊസൈറ്റി ആരംഭിക്കുന്നത് പിന്നീടേ പരിഗണിക്കൂ എന്നും പിതാവ് യോഗത്തെ അറിയിച്ചു. നമ്മുടെ അതിരൂപതയിൽ സമർപ്പിതകന്യകൾ (Consecrated Virgins) എന്ന പ്രത്യേക ജീവിതാന്തസ്സിൽപ്പെട്ട ആളുകൾ ഉണ്ടെന്നും പിതാവ് വിവിധ സംശയങ്ങൾക്കുള്ള മറുപടിയായി വിശദീകരിച്ചു.

പ്രെസ്ബിറ്ററൽ കൗൺസിൽ സെക്രട്ടറി ഫാ. മാത്യു കൊട്ടുകാപ്പള്ളി ഏവർക്കും നന്ദി പറയുകയും ത്രിസന്ധ്യാ ജപത്തോടെ യോഗം പര്യവസാനിക്കുകയും ചെയ്തു.

**ഫാ. മാത്യു കൊട്ടുകാപ്പള്ളി**
*സെക്രട്ടറി*

# സെമിനാരി വാർത്തകൾ

**ഹൃദയപൂർവ്വം നന്ദി - ആശംസകൾ**
**റവ. ഫാ. ജോർജ് കരോട്ട്**

തലശ്ശേരി കത്തീഡ്രൽ വികാരിയായും മൈനർ സെമിനാരി റെക്ടർ ആയും 7 വർഷം സ്തുത്യർഹമായി സേവനം ചെയ്ത് മാടത്തിൽ പള്ളി വികാരിയായും കുന്നോത്ത് മേജർ സെമിനാരി അദ്ധ്യാപകനായും നിയമനം ലഭിച്ച പ്രിയപ്പെട്ട ജോർജ് കരോട്ടച്ചന് ഹൃദയപൂർവ്വം നന്ദി അർപ്പിക്കുന്നു. 2018 മെയ് മാസം 13 മുതൽ ആരംഭിച്ച സേവന കാലഘട്ടം ക്രിസ്തുവിന്റെ പൗരോഹിത്യത്തിലേക്ക്, പരിശീലനത്തിലേക്ക് വൈദി കാർത്ഥികളെ കൈപിടിച്ചു നയിച്ചു. അച്ചന്റെ ശാന്തതയും പ്രാർത്ഥനയും പൗരോഹിത്യത്തിന്റെ വിത്തിനെ വളർത്തുന്നതിൽ പ്രധാന പങ്കു വഹിച്ചു. പ്രിയപ്പെട്ട കരോട്ടച്ചന് തലശ്ശേരി അതിരൂപത മൈനർ സെമിനാരി കുടുംബത്തിന്റെ പേരിൽ നന്ദിയർപ്പിക്കുന്നു. പുതിയ ഇടവകയിലേക്ക് നന്മയുടെ ഇടയന്റെ വിളി പിന്തുടർന്ന് അച്ചൻ യാത്രാകുമ്പോൾ എല്ലാവിധ ആശംസകളും നേരുന്നു.

**റവ. ഫാ. ജോൺ മുണ്ടോളിക്കൽ**

തലശ്ശേരി അതിരൂപത മൈനർ സെമിനാരി ആത്മീയ പിതാവായി 2020 ജൂൺ 28 ന് സേവനം ആരംഭിച്ച ബഹു. ജോൺ മുണ്ടോളിക്കലച്ചന്റെ ആത്മീയ ദർശനം വൈദികാർത്ഥികളെ നല്ല ഇടയന്റെ സാന്നിധ്യത്തി ലേക്ക് നയിച്ചു. ഒരു ആത്മീയ പിതാവിന്റെ വാത്സല്യത്തോടെ പൗരോ ഹിത്യത്തിലേയ്ക്കുള്ള വഴികാട്ടിയായി അദ്ദേഹം ഞങ്ങളുടെ കൂടെ നിന്നു. പയ്യന്നൂർ പള്ളി വികാരിയായി, നല്ല ഇടയന്റെ വിളി ഹൃദയത്തിലേന്തി അച്ചൻ യാത്രയാകുമ്പോൾ സെമിനാരി കുടുംബത്തിന്റെ സ്നേഹം നിറഞ്ഞ നന്ദി അറിയിക്കുന്നു.

**സ്വാഗതം**

മൈനർ സെമിനാരി റെക്ടർ ആയി ചുമതല ഏറ്റെടുത്തിരിക്കുന്ന പ്രിയപ്പെട്ട തോമസ് മേൽവെട്ടത്ത് അച്ചനും സെമിനാരി ആത്മീയ പിതാവായി കടന്നുവന്ന പ്രിയപ്പെട്ട ഐസക് മറ്റത്തിലച്ചനും ഹൃദ്യമായ സ്വാഗതം.

**2025–26 അധ്യയന വർഷം തലശ്ശേരി അതിരൂപതയ്ക്കായി മൈനർ സെമിനാരിയിൽ ചേർന്നവർ**

| No | Name and House Name | Parish |
|---|---|---|
| 01 | Alencheril George (Adorn) | Panathady |
| 02 | Animoottil Philip (Jithu) | Kallar |
| 03 | Arikuzhipil Johns Jose | Karunapuram |
| 04 | Athirakulangara George (Abin) | Kacherikadavu |
| 05 | Cherusseril Jose Alex | Nellikkutty |
| 06 | Chetticheriyil George (Jiswin) | Karikkottakary |
| 07 | Edacheril Dani Sebastian | Chempanthotty |
| 08 | Kadankavil Joseph | Palavayal |
| 09 | Kaithaparambil Lawrance (Alan) | Kanakapally |
| 10 | Kumbalappallil Edwin (Arjavu) | Karuvanchal |
| 11 | Kunnel Augustine (Augusto) | Pulikurumba |
| 12 | Madappamthottukunnel Alfonse Francies | Anamanjal |
| 13 | Mangalamkunnel Donbosco | Thomapuram |
| 14 | Manjamattathil Augustine (Shijin) | Karuvanchal |
| 15 | Muttathupara Joseph (Alan James) | Kadumeni |
| 16 | Pamplaniyil Dr. Chrison Tom Joseph | Edoor |
| 17 | Panachikkal Kurian Mathew (Jismon) | Marygiri |
| 18 | Parachudala Mathew (Athul) | Kaniyiladukkan |
| 19 | Pattermadathil Thomas (Calvin) | Chempanthotty |
| 20 | Plavilaputhenveettil Alfi | Vimalagiri |
| 21 | Poomarathil Joseph (Roshan) | Peratta |
| 22 | Porunnakottu Mosses John | Nirmalagiri |
| 23 | Pulickal Dominic | Malome |
| 24 | Thazhathuvadakkel George (Edwin) | Chemperi |
| 25 | Thazhathuveetil George (Gladin) | Nellikkutty |
| 26 | Velikkakath George | Puncha |
| 27 | Vettathu Jacob | Konnakkadu |

**ഫാ. കുര്യാക്കോസ് പ്ലാവുനിൽക്കുംപറമ്പിൽ**
*വൊക്കേഷൻ പ്രൊമോട്ടർ*
9400652328

**റവ. ഡോ. തോമസ് മേൽവെട്ടത്ത്**
*റെക്ടർ*
9447853524

# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റോലേറ്റ്

"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും
മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്കാ 2:52).

**1. ദുക്റാനത്തിരുനാൾ**

"കർത്താവേ നീ എവിടേക്കു പോകുന്നുവെന്ന് ഞങ്ങൾക്കറിഞ്ഞുകൂടാ. പിന്നെ വഴി ഞങ്ങൾ എങ്ങനെ അറിയും? ഈശോ പറഞ്ഞു: വഴിയും സത്യവും ജീവനും ഞാനാണ്. എന്നിലൂടെ അല്ലാതെ ആരും പിതാവിന്റെ പക്കലേക്ക് വരുന്നില്ല". സ്വർഗ്ഗത്തിലേക്കുള്ള വഴി കണ്ടെത്തിയവനാണ് മാർ തോമ്മാശ്ലീഹാ. നമുക്കു വിശ്വാസം പകർന്നുതന്ന മാർ തോമ്മാശ്ലീഹായെ അനുകരിച്ച് വിശ്വാസത്തിൽ ആഴപ്പെടാനും ജീവിക്കാനും പ്രഘോഷിക്കാനും മിശിഹായ്ക്ക് സാക്ഷ്യം വഹിക്കാനും നമുക്കു പരിശ്രമിക്കാം. ദുക്റാനത്തിരുന്നാളിന്റെ മംഗളങ്ങൾ ഏവർക്കും ആശംസിക്കുന്നു.

**2. വിശ്വാസപരിശീലന പ്രവർത്തനവർഷ ഉദ്ഘാടനം**

2025-2026 അധ്യയവർഷത്തെ വിശ്വാസപരിശീലനപ്രവർത്തനങ്ങളുടെ ഔദ്യോഗിക ഉദ്ഘാടനം പാത്തൻപാറ സെന്റ് ആന്റണിസ് ദൈവാലയത്തിൽവച്ച് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് നിർവ്വഹിച്ചു.

**3. പ്രവേശനോത്സവം**

2025-2026 അധ്യയവർഷത്തിലെ പ്രവേശനോത്സവത്തിന്റെ അതിരൂപതാതല ഉദ്ഘാടനം ജൂൺ 8 ഞായറാഴ്ച അങ്ങാടിക്കടവ് തിരുഹൃദയ ദൈവാലയത്തിൽവച്ച് അതിരൂപതാ ഡയറക്ടർ നിർവ്വഹിച്ചു.

**4. മതബോധന മണിക്കൂർ**

കുട്ടികളെ അനുധാവനം ചെയ്യുന്നതിന്റെ ഭാഗമായി മതബോധന മണിക്കൂർ (എല്ലാ ശനിയാഴ്ചയും രാത്രി 8 മണി മുതൽ 9 മണി വരെ) കഴിഞ്ഞ അധ്യയനവർഷം മുതൽ ആരംഭിച്ചുവല്ലോ. ക്ലാസ് അധ്യാപകരുടെ വാട്സ്ആപ്പ് ഗ്രൂപ്പുവഴി മതബോധന മണിക്കൂറിൽ ചർച്ച ചെയ്യുകയും പഠിക്കുകയും ചെയ്യേണ്ട കാര്യങ്ങൾ നൽകുന്നതാണ്. വിശ്വാസപരിശീലകർ അവ കുട്ടികൾക്ക് നൽകണം. മതബോധന മണിക്കൂറിൽ

പഠിക്കാനും ചർച്ച ചെയ്യാനും കൊടുത്ത കാര്യങ്ങൾ കുടുംബങ്ങളിൽ ചെയ്തിട്ടുണ്ടെന്ന് വിശ്വാസപരിശീലകർ ഉറപ്പുവരുത്തേണ്ടതാണ്.

**5. സർവ്വേ ഫോം - 2025**

2025-2026 അധ്യയനവർഷത്തെ മതാധ്യാപകരുടെയും കുട്ടികളുടെയും വിവരങ്ങൾ രേഖപ്പെടുത്തിയ സർവ്വേ ഫോം ജൂലൈ 14-ന് മുമ്പായി ഓഫീസിലേക്ക് അയച്ചുതരുമല്ലോ.

**6. വിശ്വാസപരിശീലകരുടെ ധ്യാനം - "റേമ 2025"**

2025-2026 പ്രവർത്തനവർഷത്തിൽ വിശ്വാസപരിശീലകർക്കായി മൂന്ന് ദിവസം നീണ്ടുനിൽക്കുന്ന ധ്യാനം "റേമ 2025" പരിയാരം മദർഹോമിൽവച്ച് നടത്തുന്നതാണ്. ഓഗസ്റ്റ് 22, 23, 24 എന്നീ തീയതികളിലായിരിക്കും ധ്യാനം നടത്തുക.

**7. എയ്ഞ്ചൽ നഴ്സറി**

സീറോമലബാർ കാറ്റക്കെറ്റിക്കൽ കമ്മീഷന്റെ നിർദ്ദേശമനുസരിച്ച് തലശ്ശേരി അതിരൂപതയിലെ എല്ലാ സൺഡേ സ്കൂളുകളിലും ഒന്നാം ക്ലാസിന് മുമ്പുള്ള കുട്ടികൾക്കായി എയ്ഞ്ചൽ നഴ്സറി ആരംഭിക്കേണ്ടതാണ്. പുസ്തകം ഓഫീസിൽ ലഭ്യമാണ്.

**8. ഫുൾഡേ ക്ലാസ്**

വാർഷിക കലണ്ടറിൽ നല്കിയിരിക്കുന്നപ്രകാരം മാസത്തിലെ അവസാന ഞായറാഴ്ച എല്ലാ സൺഡേസ്കൂളുകളിലും ഫുൾഡേ ക്ലാസ് നടത്തേണ്ടതാണ്. ഗ്രൂപ്പുകളുടെ കലാപരിപാടികൾ, സംഘടനാപ്രവർത്തനങ്ങൾ, സെമിനാറുകൾ, ആരാധന, കുമ്പസാരം മുതലായവയ്ക്ക് ഉച്ചകഴിഞ്ഞുള്ള സമയം പ്രയോജനപ്പെടുത്താവുന്നതാണ്.

**9. ഡിപ്ലോമ, ആസ്പെക്ട് സർട്ടിഫിക്കറ്റുകൾ**

2024-2025 പ്രവർത്തനവർഷത്തിൽ നടന്ന ഡിപ്ലോമ പരീക്ഷയുടെ സർട്ടിഫിക്കറ്റുകളും, ആസ്പെക്ട് സർട്ടിഫിക്കറ്റുകളും, ദിവ്യകാരുണ്യ വർഷത്തിൽ മുടങ്ങാതെ വി. കുർബാനയിൽ പങ്കെടുത്ത കുട്ടികൾക്കുള്ള സർട്ടിഫിക്കറ്റുകളും ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസിൽവച്ച് വിതരണം ചെയ്തിരുന്നു. സർട്ടിഫിക്കറ്റുകൾ എത്രയും പെട്ടന്നുതന്നെ കുട്ടികൾക്ക് നല്കേണ്ടതാണ്. സർട്ടിഫിക്കറ്റ് സംബന്ധമായ എന്തെങ്കിലും തിരുത്തലുകൾ ഉണ്ടെങ്കിൽ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

**10. അസൈൻമെന്റ് ക്ലാസ് XII**

പന്ത്രണ്ടാം ക്ലാസിലെ കുട്ടികളുടെ ഈ അധ്യയനവർഷത്തെ അസൈൻമെന്റിന്റെ വിഷയം **'ഭാരതത്തിന്റെ വളർച്ചയിൽ ക്രൈസ്തവ സമുദായത്തിന്റെ പങ്ക്'** എന്നതാണ്. കുട്ടികളെ വിഷയം നേരത്തേ അറിയിച്ച് അസൈൻമെന്റ് എഴുതാനുള്ള ക്രമീകരണങ്ങൾ അവർക്കു ചെയ്തുകൊടുക്കുമല്ലോ. അസൈൻമെന്റിന് കുറഞ്ഞത് 10 പേജുകളെങ്കിലും ഉണ്ടായിരിക്കണം.

**11. ആമുഖസെമിനാർ ജൂലൈ 10-13**

തുടക്കക്കാരായ വിശ്വാസപരിശീലകർക്കായി ജൂലൈ 10 മുതൽ 13 വരെയുള്ള തീയതികളിൽ ആമുഖസെമിനാർ സന്ദേശഭവനിൽ വച്ച് സംഘടിപ്പിക്കുന്നു. സെമിനാർ ജൂലൈ മാസം 10-ാം തീയതി വ്യാഴാഴ്ച വൈകുന്നേരം 5 മണിക്ക് ആരംഭിച്ച് 13-ാം തീയതി ഞായറാഴ്ച ഉച്ചയ്ക്ക് 1 മണിക്ക് അവസാനിക്കുന്നതാണ്. ഇതുവരെയും ആമുഖസെമിനാറിൽ പങ്കെടുക്കാത്ത എല്ലാ വിശ്വാസപരിശീലകരും നിർബന്ധമായും സെമിനാറിൽ പങ്കെടുക്കേണ്ടതാണ്. സെമിനാറിന്റെ ഫീസ് 1600 രൂപയായിരിക്കും.

**12. മതബോധന കൗൺസിൽ/പി.ടി.എ**

എല്ലാ ഇടവകകളിലും കുട്ടികളുടെ രക്ഷിതാക്കളെ വിളിച്ചു ചേർത്ത് ക്ലാസ് കൊടുക്കേണ്ടതും മതബോധന കൗൺസിൽ രൂപീകരിക്കേണ്ടതുമാണ്.

**13. അതിരൂപതാ സന്ദർശകരുടെ സമ്മേളനം - ജൂലൈ 5**

അതിരൂപതാ സന്ദർശകരുടെ പ്രഥമസമ്മേളനം ജൂലൈ 5-ന് ശനിയാഴ്ച രാവിലെ 11 മണി മുതൽ സന്ദേശഭവനിൽവച്ച് നടത്തുന്നു. എല്ലാവരും കൃത്യസമയത്ത് എത്തിച്ചേരുമല്ലോ.

**14. പുതിയ ഹെഡ്മാസ്റ്റർ, വിസിറ്റേഴ്സ്**

പുതിയ ഹെഡ്മാസ്റ്റർമാരെയും, വിസിറ്റേഴ്സിനെയും ഫൊറോനാ പ്രസിഡണ്ട്, സെക്രട്ടറിമാരെയും നിയമിക്കുമ്പോൾ അവരുടെ വിലാസവും മറ്റുവിവരങ്ങളും ബന്ധപ്പെട്ടവർ രേഖാമൂലം ഓഫീസിൽ അറിയിക്കേണ്ടതാണ്.

**15. ഗിരിദീപം**

തലശ്ശേരി അതിരൂപതയുടെ മുഖപത്രമായ 'ഗിരിദീപം' എല്ലാ പ്രധാനാധ്യാപകർക്കും അയയ്ക്കുന്നുണ്ട്. അഡ്രസ്സ് മാറ്റേണ്ടവരും ഗിരിദീപം ലഭിക്കാത്തവരും ഓഫീസിൽ അറിയിക്കുമല്ലോ. **എല്ലാ മാസത്തെയും ആദ്യത്തെ ഞായറാഴ്ചത്തെ സ്റ്റാഫ് മീറ്റിംഗിൽ** വിശ്വാസ പരിശീലനത്തെ സംബന്ധിച്ച് ഗിരിദീപത്തിൽ പറഞ്ഞിട്ടുള്ള വിഷയങ്ങൾ പ്രധാനാധ്യാപകൻ സ്റ്റാഫംഗങ്ങളെ അറിയിക്കുകയും ചർച്ചചെയ്യുകയും ചെയ്യേണ്ടതാണ്.

**16. പുസ്തകവിതരണം**

2025-2026 അധ്യയനവർഷത്തെ പാഠ - ഉപപാഠപുസ്തകങ്ങളുടെ വിതരണം ജൂൺ 4 മുതൽ 7 വരെയുള്ള തീയതികളിൽ നടത്തി. പുസ്തക വിതരണത്തിന് സഹകരിച്ച ഫൊറോനാ പ്രസിഡണ്ട്, സെക്രട്ടറി, ഹെഡ്മാസ്റ്റർമാർ എന്നിവർക്ക് ഹൃദയപൂർവ്വം നന്ദി....

**17. ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസ്**

2025 ജൂൺ 14 ശനിയാഴ്ച സാൻജോസ് മെട്രോപൊളിറ്റൻ സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസ് നടത്തി. മാർ ജോസഫ് പാംപ്ലാനി

പിതാവ് കോൺഫറൻസ് ഉദ്ഘാടനം ചെയ്തു. മോൺ. ആന്റണി മുതുകുന്നേൽ മീറ്റിംഗിന് അദ്ധ്യക്ഷത വഹിച്ചു. റവ. ഡോ. ജോസഫ് മുട്ടത്തുകുന്നേൽ, റവ. ഡോ. ഫിലിപ്പ് കവിയിൽ, ശ്രീ. ജോൺസൺ പൊട്ടയ്ക്കൽ എന്നിവർ ആശംസാ പ്രസംഗങ്ങൾ നടത്തി. വിവിധ അവാർഡുകൾ, സ്കോളർഷിപ്പുകൾ, സർട്ടിഫിക്കറ്റുകൾ എന്നിവ മീറ്റിംഗിൽ വച്ച് വിതരണം ചെയ്തു. ജോസ് നിരപ്പേൽ, ജോൺസൺ ജോസഫ് കിഴക്കേചെത്തിപ്പുഴ, ലില്ലി ബേബി കരുമാനപ്പിള്ളിൽ, സണ്ണി പാറയിൽ, എലിസബത്ത് കണിയാറകത്ത് എന്നിവർ മറുപടി പ്രസംഗം നടത്തി. റവ. ഡോ. ആന്റണി കിടാരത്തിൽ സ്വാഗതവും, ശ്രീ. ബാബു പതിപ്പള്ളിൽ നന്ദിയും പറഞ്ഞു. സി. റോസിലിയ എൻഎസ്, സി. ട്രീസ എഫ്സിസി എന്നിവർ പ്രാർത്ഥന ശുശ്രൂഷയ്ക്ക് നേതൃത്വം നല്കി. അഞ്ഞൂറോളം വിശ്വാസപരിശീലകർ കോൺഫറൻസിൽ പങ്കെടുത്തു.

### a) ജൂബിലി ആഘോഷിച്ചവർ

മതാധ്യാപനരംഗത്ത് 50, 25 വർഷം പൂർത്തിയാക്കിയവരെയും മതാധ്യാപനരംഗത്തുനിന്ന് വിരമിച്ചവരെയും ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസിൽ അഭിവന്ദ്യ പിതാവ് ആദരിച്ചു. സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച അധ്യാപകർക്ക് അതിരൂപതാ വിശ്വാസപരിശീലനകുടുംബത്തിന്റെ അഭിനന്ദനങ്ങളും പ്രാർത്ഥനകളും ആശംസിക്കുന്നു.

### i) സുവർണ്ണജൂബിലി

ശ്രീ. വർക്കി പള്ളൂരത്തിൽ (പുറവയൽ), ശ്രീ. ജോസ് നിരപ്പേൽ (മാലോം), ശ്രീ. ജോർജ് മാരാംകുഴയ്ക്കൽ (മണിപ്പാറ).

### ii) രജതജൂബിലി ആഘോഷിച്ചവർ

സെബാസ്റ്റ്യൻ പന്തളാനിക്കൽ (തിരുമേനി), ജാൻസി കുന്നുംപുറത്ത് (ചുള്ളി), സിബിൽ പനക്കപ്പിള്ളിൽ (ചുള്ളി), ലില്ലി ബേബി കരുമാനപ്പിള്ളിൽ (മുത്താറിക്കുളം), ലിസി കല്ലുങ്കൽ (പെരിങ്കരി), ജോസ്കുട്ടി പാലമറ്റത്തിൽ (വെള്ളരിക്കുണ്ട്), സി. അനിത എഫ്സിസി (വെള്ളരിക്കുണ്ട്), ആൻസി ജോസ് പുൽപ്പേൽ (അൽഫോൻസഗിരി), സെബാസ്റ്റ്യൻ കുന്നിന് (ആനറ), സി. ഷൈനി എസ്ഡിപി (ബിരിക്കുളം), ഫ്രാൻസിസ് ആലയ്ക്കകുന്നേൽ (മാട്ടറ), സുനിൽ നായിപുരയിടത്തിൽ (ചെമ്പേരി), ഷൈബി കുഴിവേലിപ്പുറത്ത് (ചെമ്പേരി), സജിത്ത് കൊച്ചുപറമ്പിൽ (ചെമ്പേരി), ജ്യോതിരാജ് അയ്യങ്കനാൽ (ചെമ്പേരി), സി. മിനി ഹോളിക്രോസ് (ചെമ്പേരി), സി. നവ്യ ഡിഎസ്ടി (ചെമ്പേരി), ജോൺസൺ കിഴക്കെചെത്തിപ്പുഴ (ഭീമനടി), ബിനീഷ് ഇല്ലിക്കൽ (അട്ടേങ്ങാനം), അന്നമ്മ ജോസ് മഞ്ഞിലേട്ട് (പടുപ്പ്), സി. മേഴ്സി എംഎസ്എംഐ (കാഞ്ഞിരക്കൊല്ലി), ത്രേസ്യാമ്മ കുറിഞ്ഞിക്കാട്ട് (എടപ്പുഴ), സി. ദീപ്തി എംഎസ്ഐ (എടപ്പുഴ), ആലിസ് എടാട്ടേൽ (ആലക്കോട്), മനു പരപരാകത്ത് (പുറവയൽ), സി. തുഷാര എംഎസ്എംഐ (മേരിഗിരി), ഡെന്നി മേച്ചേരിൽ (കോലുവള്ളി), മോളി കദളിക്കാട്ടിൽ (പേരാവൂർ), റെന്നി എഴുത്തുപള്ളിക്കൽ (മേൽമുരിങ്ങോടി).

**b) വിരമിച്ച പ്രധാനധ്യാപകർ**

ജോൺസൺ ജോസഫ് കിഴക്കെചെത്തിപ്പുഴ (ഭീമനടി), ലില്ലി ബേബി കരുമാനപ്പിള്ളിൽ (മുത്താറിക്കുളം), ജോണി മഞ്ചപ്പിള്ളിൽ (പൊട്ടംപ്ലാവ്), ജോസഫ് ചെത്തിപ്പുഴ (കൊട്ടോടി), സെബാസ്റ്റ്യൻ പാംപ്ലാനി (ചരൾ), ജോണി മൂലംതുരുത്തിൽ (എടക്കോം).

**c) വിരമിച്ച വിശ്വാസപരിശീലകർ**

ജോണി പൂവ്വത്തിങ്കൽ (ചുള്ളി), മേരിക്കുട്ടി കിഴക്കരക്കാട് (നീലേശ്വരം), എൽസമ്മ പുഞ്ചത്തലയ്ക്കൽ (മാടത്തിൽ), ജോസഫ് എടാട്ട് (എടപ്പുഴ), ബേബി പുഞ്ചായിൽ (തളിപ്പറമ്പ്), ലാലി തടത്തിൽ (തോമാപുരം), ജോണി കൈപ്പള്ളിപ്പാറയിൽ (ചെറുപുഴ), റോയ് മൂന്നുപ്ലാക്കൽ (ജോസ്മൗണ്ട്), തങ്കമ്മ വെട്ടത്ത് (പൈസക്കരി), മേരി ഇടനിലത്തിൽ (കണിച്ചാർ), ഗ്രേസി പുത്തേട്ട് (ചരൾ), ഷീന ജോൺ വട്ടത്തറ (ചന്ദനക്കാംപാറ), ജെയ്നമ്മ ചക്കാംകുന്നേൽ (ചന്ദനക്കാംപാറ), സണ്ണി പുത്തേട്ട് (മണിക്കടവ്).

**d) അധ്യാപകർക്ക് അഭിനന്ദനങ്ങൾ**

പന്ത്രണ്ടു വർഷവും മുടങ്ങാതെ എല്ലാ ഞായറാഴ്ചകളിലും വിശ്വാസം പരിശീലിപ്പിച്ച ലില്ലിക്കുട്ടി മൂലേത്തോട്ടത്തിൽ (വെള്ളരിക്കുണ്ട്), സണ്ണി പാറയിൽ (ശാന്തിനഗർ), ബിജു പെരുമ്പള്ളിൽ (പാടിയോട്ടുചാൽ), ഡെയ്സി കുന്നത്തറ (പാടിയോട്ടുചാൽ), ലിസി ലാലു നരിമറ്റത്തിൽ (തയ്യേനി), മഞ്ജു പുളിയപ്പള്ളിയിൽ (കുളിനീർ) എന്നീ അധ്യാപകരെ ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസിൽവച്ച് സർട്ടിഫിക്കറ്റും മെമെന്റോയും നൽകി ആദരിച്ചു.

**e) കുട്ടികൾക്ക് അഭിനന്ദനങ്ങൾ**

പന്ത്രണ്ടു വർഷവും എല്ലാ ഞായറാഴ്ചകളിലും വിശ്വാസപരിശീലന ക്ലാസ്സുകളിൽ ഹാജരായി പഠനം പൂർത്തിയാക്കിയ ക്ലറീന ചിലമ്പിമറ്റത്തിൽ (കൊന്നക്കാട്), ഗോഡ്വിൻ പൂത്തൊട്ടാൽ (കരിക്കോട്ടക്കരി), ബെനീറ്റ കാവുങ്കൽ (കരിക്കോട്ടരി), അമല മണ്ണൂർ (ചുള്ളി), ആൻസില കാരിക്കാട്ടിൽ (ആലക്കോട്), ഷാരോൺ റോസ് എടയാനിക്കാട്ട് (ചാവറഗിരി), ആന്റണി പുതിയാപറമ്പിൽ (കാര്യപ്പള്ളി), എയ്ഞ്ചൽ വീണപ്ലാക്കൽ (മാമ്പൊയിൽ), ഗോഡ്സൺ കൊച്ചുപുരയിൽ (മാവുംചാൽ), എലിസബത്ത് വെള്ളാപ്പള്ളി (പെരുമ്പടവ്), അൽഫോൻസ മരുതുംകുഴിയിൽ (പുലിക്കുരുമ്പ), ആൻ മരിയ തെക്കെമുറിയിൽ (മാട്ടറ), അന്ന കിഴക്കെതയ്യിൽ (മാട്ടറ), ആൻ മരിയ ഐക്കര (വിമലശ്ശേരി), ബിനിറ്റ മരിയ ചെറുപുറത്ത് (വിമലശ്ശേരി), ജോസഫ് ക്ലീറ്റസ് ആലങ്ങാടൻ (കുടിയാൻമല), പോൾ ക്ലീറ്റസ് ആലങ്ങാടൻ (കുടിയാൻമല), ഡെല്ല തെരേസ് മണ്ണാറത്ത് (ജയഗിരി), ഡെൽവിൻ കുന്നംകുളങ്ങര (പുറവയൽ), ആൻ മേരി ജോബിഷ് മുളങ്കോത്ര (പുറവയൽ), ആൻ മരിയ ചക്കുളിക്കൽ (കാസർഗോഡ്), ലിസ് തട്ടാംപറമ്പിൽ (പൈസക്കരി), മരിയ ചക്കാനികുന്നേൽ (പൈസക്കരി), മരിയ കുരൂർ (എടക്കോം) എന്നീ കുട്ടികളെ ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസിൽ വച്ച് സർട്ടിഫിക്കറ്റും ക്യാഷ് അവാർഡും നൽകി ആദരിച്ചു.

**18. വിശ്വാസോത്സവ ആൽബം എൻഡോവ്മെന്റ്**

വിശ്വാസോത്സവ ദിവസങ്ങളിൽ ''ദൈവവചനം'' എന്ന വിഷയത്തെ ആസ്പദമാക്കി കുട്ടികൾക്കായി നടത്തിയ റവ. ഫാ. അബ്രാഹം ഒറ്റപ്ലാക്കൽ വിശ്വാസോത്സവ ആൽബം എൻഡോവ്മെന്റിന് കൊട്ടോടി സൺഡേസ്കൂൾ ഒന്നാം സ്ഥാനത്തിനും, കരിക്കോട്ടക്കരി സൺഡേസ്കൂൾ രണ്ടാം സ്ഥാനത്തിനും, വായാട്ടുപറമ്പ്, മാലോം സൺഡേസ്കൂളുകൾ മൂന്നാം സ്ഥാനത്തിനും അർഹരായി. വിജയികളായവർക്ക് അഭിനന്ദനങ്ങൾ.

**19. എൻഡോവ്മെന്റുകൾ**

2024-2025 അധ്യയനവർഷത്തിൽ വിജയികളായ അധ്യാപകർക്കും കുട്ടികൾക്കുമായി സൺഡേസ്കൂൾ തലത്തിൽ വിതരണം ചെയ്ത വിവിധ എൻഡോവ്മെന്റുകൾ താഴെകൊടുക്കുന്നു.

1) ആർച്ച്ബിഷപ്പ് മാർ ജോർജ് വലിയമറ്റം എപ്പിസ്കോപ്പൽ രജതജൂബിലി മെമ്മോറിയൽ എൻഡോവ്മെന്റ്. 2) ബിഷപ്പ് മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി എപ്പിസ്കോപ്പൽ സുവർണ്ണജൂബിലി മെമ്മോറിയൽ എൻഡോവ്മെന്റ്. 3) ആർച്ച് ബിഷപ്പ് മാർ ജോർജ് വലിയമറ്റം പൗരോഹിത്യ സുവർണ്ണ ജൂബിലി മെമ്മോറിയൽ എൻഡോവ്മെന്റ്. 4) ശ്രീ. ജോസഫ് ഇരുപ്പക്കാട്ട് മെമ്മോറിയൽ എൻഡോവ്മെന്റ്. 5) ചിറമേൽ ജേക്കബ് മറിയം എൻഡോവ് മെന്റ്. 6) റവ. ഡോ. ജോസ് ജേക്കബ് നെടുംതകടി പൗരോഹിത്യ സുവർണ്ണ ജൂബിലി മെമ്മോറിയൽ എൻഡോവ്മെന്റ്. 7) റവ. ഡോ. കുര്യാക്കോസ് മുണ്ടപ്ലാക്കൽ മെമ്മോറിയൽ എൻഡോവ്മെന്റ്. 8) റവ. ഫാ. തോമസ് മണ്ണൂരാംപറമ്പിൽ പൗരോഹിത്യ രജതജൂബിലി മെമ്മോറിയൽ എൻഡോവ്മെന്റ്. 9) കൂറ്റാരപ്പള്ളി ശ്രീ. പോത്തൻ ജോസഫ്, അന്നമ്മ ജോസഫ് മെമ്മോറിയൽ എൻഡോവ്മെന്റ്. 10) റവ. ബ്രദർ മാത്യു കാവുങ്കൽ എൻഡോവ്മെന്റ്. 11) റവ. ഫാ. ജോർജ് കാഞ്ഞിരക്കാട്ട് പൗരോഹിത്യ രജതജൂബിലി എൻഡോവ്മെന്റ്. 12) റവ. ഫാ. അബ്രാഹം ഒറ്റപ്ലാക്കൽ മെമ്മോറിയൽ എൻഡോവ്മെന്റ്.

**20. ടീച്ചേഴ്സ് ട്രെയിനിംഗ് - നന്ദി**

11, 12 ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന കുന്നോത്ത് മേജർ സെമിനാരിയിലെ ബ്രദേഴ്സിനുവേണ്ടി ട്രെയിനിംഗ് ജൂൺ 12-ന് സംഘടിപ്പിച്ചു. ട്രെയിനിംഗിന് നേതൃത്വം നൽകിയ റവ. ഡോ. തോമസ് മേൽവെട്ടം അച്ചന് കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റോലേറ്റിന്റെ നന്ദി.

11,12 ക്ലാസ്സുകളിലെ ടീച്ചേഴ്സ് ട്രെയിനിംഗ് ജൂൺ 21-ന് ചെറുപുഴ, പടന്നക്കാട് സെന്ററുകളിൽവച്ചും, ജൂൺ 28-ന് ഇരിട്ടി സെന്ററിൽവച്ചും നടത്തി. പങ്കെടുത്ത ഫോറോനകൾ

**ചെറുപുഴ സെന്റർ:** വായാട്ടുപറമ്പ്, ആലക്കോട്, മേരിഗിരി, ചെറുപുഴ, തോമാപുരം, മാലോം.

**പടന്നക്കാട് സെന്റർ:** വെള്ളരിക്കുണ്ട്, പനത്തടി, കാഞ്ഞങ്ങാട്, കാസർഗോഡ്, തളിപ്പറമ്പ്.

**ഇരിട്ടി സെന്റർ:** പേരാവൂർ, എടൂർ, കുന്നോത്ത്, നെല്ലിക്കാംപൊയിലൽ, മണിക്കടവ്, പൈസക്കരി, ചെമ്പേരി, ചെമ്പന്തൊട്ടി.

ട്രെയിനിംഗിൽ പങ്കെടുത്ത എല്ലാ വിശ്വാസപരിശീലകർക്കും സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. ട്രെയിനിംഗിൽ ശ്രീ. ജോയ് ചെല്ലങ്കോട്ട്, ശ്രീ. ബാബു പതിപ്പള്ളിൽ, ശ്രീ. ജോബി മൂലയിൽ, ശ്രീമതി സൗമ്യ ജോബി മൂലയിൽ, റവ. സി. ലിൻസി എസ്എച്ച് എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

**21. ഓർമ്മിക്കേണ്ട തീയതികൾ**

2025-2026 അധ്യയനവർഷത്തിലെ പ്രധാനപ്പെട്ട തീയതികൾ. **ഓണപരീക്ഷ:** സെപ്റ്റംബർ 07, **ക്രിസ്മസ് പരീക്ഷ**: ഡിസംബർ 07, **ഡിപ്ലോമ പരീക്ഷ:** ജനുവരി 26, **വിശ്വാസോത്സവം:** ഏപ്രിൽ 06-09, **ഈസ്റ്റർ പരീക്ഷ:** ഏപ്രിൽ 11, **മതാധ്യാപക ദിനം:** നവംബർ 02.

**18. ഓഫീസിൽ അടയ്ക്കേണ്ട തുകകൾ**

2025-2026 പ്രവർത്തന വർഷത്തിൽ ഓഫീസിൽ അടയ്ക്കേണ്ട വിവിധ തുകകൾ (സ്റ്റുഡന്റ്സ് ഫണ്ട്, ചോദ്യപേപ്പർ, പാഠപുസ്തകങ്ങൾ, ഉപപാഠപുസ്തകങ്ങൾ) ശേഖരിച്ച് ബാങ്ക് വഴി അടയ്ക്കണമെന്ന് ഓർമിപ്പിക്കുന്നു. തുക ട്രാൻസ്ഫർ ചെയ്യുന്നവർ ഡയറക്ടറച്ചനെ ഫോൺ വഴി അറിയിക്കുകയോ വാട്സ്ആപ്പ് നമ്പറിലേക്ക് സന്ദേശം നൽകുകയോ ചെയ്യണം.

A/c Holder : Department of Catechesis
A/c No : 0078053000073503
IFSC : SIBL 0000078
Bank : South Indian Bank, Thalassery

**23. ആദരാഞ്ജലികൾ**

കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റിന്റെ മുൻഡയറക്ടർ ബഹു. ജോർജ് കാഞ്ഞിരക്കാട്ട് അച്ചന്റെ ജ്യേഷ്ഠ സഹോദരൻ ശ്രീ. തോമസ് കാഞ്ഞിരക്കാട്ട് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. കുടുംബാംഗങ്ങളെ വിശ്വാസപരിശീലനകേന്ദ്രത്തിന്റെ അനുശോചനവും പ്രാർത്ഥനയും അറിയിക്കുന്നു.

**24. ഡയറക്ടറച്ചൻമാരുടെ സന്ദർശനം**

ഡയറക്ടറച്ചൻ തടിക്കടവ്, നെല്ലിപ്പാറ, അമ്മംകുളം, അങ്ങാടിക്കടവ്, ചരൾ സൺഡേ സ്കൂളുകളിലും അസി. ഡയറക്ടർ മേരിഗിരി, വായാട്ടുപറമ്പ് എന്നീ സൺഡേ സ്കൂളുകളിലും സന്ദർശനം നടത്തി.

NB: കുർബാനപുസ്തകങ്ങൾ ആവശ്യമുള്ളവർ ഓഫീസിൽ അറിയിക്കേണ്ടതാണ്.

**റവ. ഡോ. ആന്റണി കിടാരത്തിൽ**
*ഡയറക്ടർ*

# ബൈബിൾ അപ്പൊസ്റ്റോലേറ്റ്

## ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

**തിയോളജി കോഴ്സുകളിലേക്കുള്ള രജിസ്ട്രേഷൻ**

2025–26 വർഷത്തെ തിയോളജി പഠനപ്രോഗ്രാമുകളിലേക്കുള്ള അഡ്മിഷൻ ജൂലൈ 31 വരെ തുടരുന്നു.

**തിയോളജി കോഴ്സുകൾ**

1. Diploma in Theology
3. Bachelors Degree in Christian Studies
4. Masters degree in Christian Studies

പ്രവേശനമാഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വെബ്സൈറ്റ് വഴി പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. **Website: www.alpha thalassery.org.** കൂടുതൽ വിവരങ്ങൾക്ക്: Email - alphits@gmail.com, Ph: 8086312826.

**തീസിസ് സമർപ്പണം, അധ്യയന വർഷാരംഭം**

അവസാനവർഷ ബിരുദ, ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾ ജൂലൈ 15 നു മുമ്പായി തീസിസ് ആൽഫാ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. ബിരുദ വിദ്യാർത്ഥികൾ 60 മുതൽ 80 വരെ പേജുകളും ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾ 80 മുതൽ 100 പേജുകളും ഉള്ള പ്രബന്ധമാണ് തയ്യാറാക്കേണ്ടത്.

ബിരുദ വിദ്യാർത്ഥികൾ ബൈൻഡ് ചെയ്ത ഒരു കോപ്പിയും ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾ ബൈൻഡ് ചെയ്ത 2 കോപ്പികളും (ടൈപ്പ് ചെയ്തതായിരിക്കണം) സമർപ്പിക്കണം. കൃത്യസമയത്തിനുള്ളിൽ തീസിസ് സമർപ്പിക്കാത്ത വിദ്യാർത്ഥികൾക്ക് ഈ വർഷത്തെ കോൺവൊക്കേഷനിൽ പങ്കെടുക്കാൻ സാധിക്കുന്നതല്ല. (കോൺവൊക്കേഷൻ തീയതി - ഒക്ടോബർ 11)

2025–2026 അധ്യയനവർഷത്തിന്റെ ഉദ്ഘാടനം ജൂലൈ 12 ശനിയാഴ്ച രാത്രി 3 മണിക്ക് online ആയി നടത്തുന്നതാണ്. എല്ലാ പഠിതാക്കളും പങ്കെടുക്കാൻ ശ്രദ്ധിക്കുമല്ലോ.

**ലോഗോസ് ബൈബിൾ ക്വിസ് - 2025**

കെ.സി.ബി.സി ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന 25-ാമത് ലോഗോസ് ബൈബിൾ ക്വിസിന്റെ പഠനഭാഗങ്ങളും തീയതിയും ശ്രദ്ധിക്കുമല്ലോ.

**പഠനഭാഗങ്ങൾ**

| | |
|---|---|
| **ന്യായാധിപന്മാർ 11-21** | **പ്രഭാഷകൻ 41-50** |
| **വി. ലൂക്കാ 17-24** | **എഫേസോസ് 1-6** |

**പരീക്ഷാ തീയതികൾ**

രൂപതാതലം : 2025 സെപ്റ്റംബർ 28, 2.00-3.30 pm

സംസ്ഥാനതലം : 2025 നവംബർ 09

മെഗാ ഫൈനൽ : 2025 നവംബർ 22-23

രജിസ്ട്രേഷൻ : **2025 ജൂൺ 1 മുതൽ ജൂലൈ 31 വരെ**

രജിസ്ട്രേഷൻ ഫീസ് : **20 രൂപ**

മത്സരത്തിൽ പങ്കെടുക്കുന്നവരെ പ്രായത്തെ അടിസ്ഥാനമാക്കി A, B, C, D, E, F എന്നീ 6 വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. മൂല്യ നിർണയം നടത്തുന്നതും സമ്മാനങ്ങൾ നല്കുന്നതും ഈ അടിസ്ഥാനത്തിലായിരിക്കും.

A വിഭാഗം : 1-1-2014-നും അതിനുശേഷവും ജനിച്ചവർ

B വിഭാഗം : 1 -1-2009-നും 31-12-2013-നും ഇടയ്ക്ക് ജനിച്ചവർ

C വിഭാഗം : 1-1-1994-നും 31-12-2008-നും ഇടയ്ക്ക് ജനിച്ചവർ

D വിഭാഗം : 1-1-1974-നും 31-12-1993-നും ഇടയ്ക്ക് ജനിച്ചവർ

E വിഭാഗം : 1-1-1961-നും 31-12-1973-നും ഇടയ്ക്ക് ജനിച്ചവർ

F വിഭാഗം : 31-12-1960-നും അതിനു മുമ്പും ജനിച്ചവർ

നിർബന്ധമായും രജിസ്ട്രേഷൻ മുൻകൂട്ടി ചെയ്തിരിക്കേണ്ടതാണ്. എല്ലാ രൂപതകളും ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യേണ്ടതാണെന്ന് ഓർമിപ്പിക്കുന്നു. 25 മത്സരാർത്ഥികളുള്ള ഒരു ഇടവകയെയോ ഒരു കത്തോലിക്കാ സ്ഥാപനത്തെയോ ഒരു പരീക്ഷ സെന്ററായി അംഗീകരിക്കുന്നതാണ്. അവിടെ നിങ്ങൾക്ക് പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. ***രജിസ്ട്രേഷൻ ഫീസ് 20 രൂപ.*** ലോഗോസ് ലഘുപഠനത്തിന്റെ പ്രിന്റു രൂപം ഉണ്ടായിരിക്കുന്നതല്ല (വിഷയത്തിന്റെ പശ്ചാത്തലപഠനത്തിൽ താത്പര്യമുള്ളവർക്ക് ലഘുപഠന

ത്തിനും കഴിഞ്ഞ വർഷങ്ങളിലെ ചോദ്യങ്ങൾക്കുമായി സെപ്റ്റംബർ 1 നു ശേഷം www.keralabible society.com സന്ദർശിക്കാവുന്നതാണ്). പഠനത്തിനായി ഉപയോഗിക്കേണ്ടത് പി.ഒ.സി. ബൈബിളും, ഇംഗ്ലീഷിൽ NRSV കാത്തലിക് എഡിഷൻ ബൈബിളും ആണ്.

**ബധിര ഭിന്നശേഷിക്കാർക്കുള്ള ലോഗോസ്**

ഈ വർഷവും ബധിര-ഭിന്നശേഷിക്കാർക്കുള്ള ലോഗോസ് പരീക്ഷ സംഘടിപ്പിക്കുന്നു. വിശദ വിവരങ്ങൾക്ക് ഫാ. പ്രിയേഷ് കളരിമുറിയുമായി ബന്ധപ്പെടുമല്ലോ. ഫോൺ : **7506604885.**

**ലോഗോസ് ഫമിലിയ ക്വിസ്**

1. ഒരു ടീമിൽ പങ്കെടുക്കുന്നവർ കുറഞ്ഞത് രണ്ട് തലമുറകളിൽ നിന്നുള്ളവരായിരിക്കണം.
2. ഫമിലിയ പരീക്ഷയ്ക്ക് പൊതുപരീക്ഷയുടെ ചോദ്യപേപ്പർ ആയിരിക്കും. ഫാമിലി ടീമിലെ ഓരോരുത്തർക്കും കിട്ടുന്ന മാർക്കിന്റെ ആവറേജ് ആണ് ഫാമിലിയുടെ മാർക്കായി പരിഗണിക്കുക.
3. സംസ്ഥാനതലത്തിലെ പരീക്ഷയ്ക്ക് രൂപതയിൽ നിന്ന് ഒരു ടീമിന് മാത്രമെ പങ്കെടുക്കുവാൻ സാധിക്കുകയുള്ളൂ.

**സമ്മാനങ്ങൾ**

ആകർഷകമായ ക്യാഷ് അവാർഡുകൾ, ഷീൽഡുകൾ, പുസ്തകങ്ങൾ, സ്വർണ്ണമെഡലുകൾ, ട്രോഫികൾ കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സർട്ടിഫിക്കറ്റുകൾ എന്നീ നിരവധി സമ്മാനങ്ങൾ നല്കപ്പെടുന്നു.

**അഖില കേരളതലത്തിൽ** (ഒരോ വിഭാഗത്തിനും പ്രത്യേകം)

1-ാം സമ്മാനം 15,000 രൂപയും സ്വർണമെഡലും സർട്ടിഫിക്കറ്റും

2-ാം സമ്മാനം 10,000 രൂപയും സ്വർണമെഡലും സർട്ടിഫിക്കറ്റും

3-ാം സമ്മാനം 5,000 രൂപയും സ്വർണമെഡലും സർട്ടിഫിക്കറ്റും

4-ാം സമ്മാനം 1,000 രൂപയും മെഡലും, സർട്ടിഫിക്കറ്റും

(ഓരോ വിഭാഗത്തിലും 7 പേർക്കു വീതം)

5-ാം സമ്മാനം 500 രൂപയും മെഡലും എല്ലാവർക്കും ലഭിക്കുന്നതാണ്.

**രൂപതാതലത്തിൽ** (ഒരോ വിഭാഗത്തിനും പ്രത്യേകം)

1-ാം സമ്മാനം 1000 രൂപയും സർട്ടിഫിക്കറ്റും

2-ാം സമ്മാനം 750 രൂപയും സർട്ടിഫിക്കറ്റും

3-ാം സമ്മാനം 500 രൂപയും സർട്ടിഫിക്കറ്റും

- രൂപതാതല രജിസ്ട്രേഷന്റെ എണ്ണമനുസരിച്ച് സമ്മാനങ്ങളുടെ തുക ക്രമീകരിക്കുവാൻ ബൈബിൾ അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർമാർക്ക് അധികാരമുണ്ടായിരിക്കും.
- ഏറ്റവും കൂടുതൽ മത്സരാർഥികളെ പങ്കെടുപ്പിക്കുന്ന ഇടവകകൾക്ക് (ജനസംഖ്യയ്ക്കാനുപാതികമായി) ക്യാഷ് അവാർഡ് ഉണ്ടായിരിക്കും.
- 60 ശതമാനത്തിൽ കൂടുതൽ മാർക്കു വാങ്ങുന്ന A പ്രായവിഭാഗത്തിലുള്ളവർക്കും 70 ശതമാനത്തിൽ കൂടുതൽ മാർക്കു വാങ്ങുന്ന B, C, D, E, F പ്രായവിഭാഗങ്ങളിലുള്ളവർക്കും കെ.സി.ബി.സി. ബൈ ബിൾ കമ്മീഷന്റെ സർട്ടിഫിക്കറ്റ് നല്കുന്നതാണ്.
- ലോഗോസ് ക്വിസ് 2025-ന്റെ രക്ഷാധികാരി കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ ചെയർമാനും, ചീഫ് കോ-ഓർഡിനേറ്റർ കെ.സി. ബി.സി. ബൈബിൾ കമ്മീഷൻ സെക്രട്ടറിയും, രൂപതാ കോ-ഓർഡി നേറ്റർമാർ രൂപതാ ബൈബിൾ അപ്പോസ്റ്റലേറ്റ് ഡയറക്ടർമാരും ആയി രിക്കും. അന്വേഷണങ്ങൾക്കും രജിസ്ട്രേഷനുമായി രൂപതാ ബൈബിൾ അപ്പോസ്റ്റലേറ്റ് ഡയറക്ടറുമായി ബന്ധപ്പെടേണ്ടതാണ്.

**ഫാ. മാത്യു കൊട്ടുകാപ്പള്ളി**
*ഡയറക്ടർ,*
*ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്*

**ഫാ. ഫിലിപ്പ് കവിയിൽ**
*ഡയറക്ടർ,*
*ബൈബിൾ അപ്പൊസ്റ്റൊലേറ്റ്*

# ചിൽഡ്രൻ അപ്പൊസ്റ്റോലേറ്റ്
## ചെറുപുഷ്പ മിഷൻലീഗ്

സ്നേഹ ബഹു. അച്ചന്മാരെ, സിസ്റ്റേഴ്സ്, പ്രിയ മിഷനറിമാരെ,

നേരിൽ കണ്ട്, സ്പർശിച്ചനുഭവിച്ച ക്രിസ്തുവിനെ ലോകം മുഴുവൻ അറിയിക്കാൻ ആഗ്രഹിച്ച വി. തോമാശ്ലീഹായുടെ ദുക്റാനത്തിരുനാളിന്റെയും സഹനത്തെ സുഖമുള്ള നൊമ്പരമാക്കി സ്വർഗ്ഗീയ കിരീടമണിഞ്ഞ വി. അൽഫോൻസാമ്മയുടെ തിരുനാളിന്റെയും മംഗളങ്ങൾ ഏവർക്കും ആശംസിക്കുന്നു.

ഈ പുതിയ പ്രവർത്തനവർഷത്തിൽ **'ക്രിസ്തുവിന്റെ വിളഭൂമിയിൽ പ്രത്യാശയുടെ തീർത്ഥാടകരായ്...'** എന്ന ആപ്തവാക്യത്തെ നെഞ്ചോട് ചേർത്ത് കൂടുതൽ തീക്ഷ്ണതയോടെ, വിശുദ്ധിയോടെ മുന്നേറുവാൻ നമുക്ക് പരിശ്രമിക്കാം. ഈ വർഷം മിഷൻലീഗ് സംഘടനയിൽ അംഗങ്ങളായി കടന്നുവന്നിരിക്കുന്ന എല്ലാ കുഞ്ഞുമിഷനറിമാർക്കും മിഷൻലീഗ് സംഘടനാ പ്രവർത്തനം വഴി ധാരാളം ദൈവാനുഗ്രഹങ്ങൾ ലഭിക്കട്ടെയെന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

| | |
|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | ദുക്റാനത്തിരുനാൾ |
| അനുസ്മരിക്കുന്ന വിശുദ്ധർ | വി. തോമാശ്ലീഹ, വി. അൽഫോൻസാമ്മ |
| പ്രാർത്ഥനാനിയോഗം | എല്ലാ മെത്രാന്മാർക്കും വേണ്ടി |
| സുകൃതജപം | എന്റെ കർത്താവേ... എന്റെ ദൈവമെ... |

**1. ശാഖകൾ ശ്രദ്ധിക്കാൻ**

1 ചൊവ്വ : ഡോക്ടേഴ്സ് ഡേ

3 വ്യാഴം : ദുക്റാനത്തിരുനാൾ, അംഗത്വ സ്വീകരണം, അസാധാരണ സമ്മേളനം, പൊതുദിവ്യകാരുണ്യ സ്വീകരണം.

6 ഞായർ : വി. മരിയാഗൊരേത്തിയുടെ തിരുനാൾ

12 ശനി : വി. കൊച്ചുത്രേസ്യായുടെ മാതാപിതാക്കളുടെ തിരുനാൾ, കുടുംബദിനാചരണം.

16 ബുധൻ : കർമ്മല മാതാവിന്റെ തിരുനാൾ

26 ശനി : മാർ തോമസ് തറയിൽ ചരമവാർഷികം

28 തിങ്കൾ : വി. അൽഫോൻസാമ്മയുടെ തിരുനാൾ, അസാധാരണ സമ്മേളനം, പൊതു ദിവ്യകാരുണ്യസ്വീകരണം. വൈസ് ഡയറക്ടേഴ്സ് ദിനം, ശാഖാ വൈസ്ഡയറക്ടേഴ്സ് ഓൺലൈൻ സംഗമം, ലോക പ്രകൃതിസംരക്ഷണദിനം, പ്രകൃതി സംരക്ഷണ പ്രതിജ്ഞ.

**2. മേഖലകൾ ശ്രദ്ധിക്കാൻ**

എക്സിക്യൂട്ടീവ്, അൽഫോൻസാ ക്വിസ്സ്, കൊച്ചുത്രേസ്യായുടെ മാതാപിതാക്കളുടെ തിരുനാൾ, കുടുംബദിനാചരണം, വി. അൽഫോൻസാമ്മയുടെ തിരുനാൾ - വൈസ്ഡയറക്ടേഴ്സ് ദിനം, ഡോക്ടേഴ്സ് ഡേ, അതിരൂപതാ മാനേജിംഗ് കമ്മറ്റി - ജൂനിയർ ഭാരവാഹികളുടെ ഇലക്ഷൻ, ദുക്റാനതിരുനാൾ.

**3. അംഗത്വസ്വീകരണം :** ദുക്റാന തിരുനാളിനോടനുബന്ധിച്ച് ജൂലൈ 3 നോ തൊട്ടടുത്ത ഞായറാഴ്ചയോ ഈ വർഷത്തെ അംഗത്വ സ്വീകരണം നടത്തി ജൂലൈ 31 നുള്ളിൽ കഴിഞ്ഞ വർഷത്തേതിന്റെ തുടർച്ചയായ നമ്പറിട്ട് അംഗത്വ ലിസ്റ്റ് ഓഫീസിൽ എത്തിക്കുമല്ലോ. അംഗത്വ കാർഡിന്റെ മറുവശത്ത് വികാരിയച്ചനെകൊണ്ട് ഒപ്പ് ഇട്ടതിനുശേഷം അതിരൂപതയിൽ കൊണ്ടുവരുവാൻ ശ്രദ്ധിക്കുമല്ലോ. അംഗത്വ കാർഡിനോടൊപ്പം അതിരൂപതയിൽനിന്ന് തന്ന അംഗത്വ ഫോമിൽ കുട്ടികളുടെ പേര്, വീട്ടുപേര്, ജനനത്തീയതി, പിതാവിന്റെ പേര്, കുട്ടിയെ വിളിക്കുന്നപേര്. അംഗത്വം സ്വീകരിച്ച തീയതി എന്നിവ കൃത്യമായി എഴുതികൊണ്ടുവരാൻ ശ്രദ്ധിക്കുമല്ലോ.

**4. അതിരൂപതാതല അൽഫോൻസാക്വിസ്സ്**

**നിബന്ധനകൾ**

1) 5 മുതൽ 12 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് മത്സരത്തിൽ പങ്കെടുക്കാം.
2) ഒരു മേഖലയിൽ നിന്ന് 3 കുട്ടികൾക്ക് മത്സരത്തിൽ പങ്കെടുക്കാം. ഉത്തരം പരസ്പരം ചർച്ച ചെയ്ത് എഴുതാവുന്നതാണ്.
3) ഒരു ആൺകുട്ടിയും ഒരു പെൺകുട്ടിയും നിർബന്ധമായും ഗ്രൂപ്പിൽ ഉണ്ടായിരിക്കണം.
4) ഓഗസ്റ്റ് 20-ാം തീയതിക്കുള്ളിൽ മേഖലകളിൽ മത്സരം നടത്തി ഒന്നാം സ്ഥാനം കിട്ടുന്ന ടീമിന്റെ പേരുകൾ അതിരൂപതയിൽ തരേണ്ടതാണ്.
5) പഠനഭാഗം: **'വി. അൽഫോൻസ ആത്മീയതയുടെ അനശ്വരദീപ്തി'** എന്ന പുസ്തകത്തിൽ **'ദൈവത്തിങ്കലേക്കൊരു പാലം'** എന്ന തലക്കെട്ട് മുതൽ **'സ്വർഗ്ഗത്തിലും ഭൂമിയിലും'** എന്ന തലക്കെട്ട് ഉൾപ്പെടെയുള്ള ഭാഗവും **'നവമാലിക' 1,2** അധ്യായങ്ങളിൽ നിന്നുമാണ് ചോദ്യങ്ങൾ.
6) ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്ന ടീമിന് ട്രോഫിയും ക്യാഷ് അവാർഡും ഉണ്ടായിരിക്കും.

7) ഒന്നാം സ്ഥാനം നേടുന്ന ടീമിനെ മിഷൻ തീർത്ഥയാത്രയ്ക്ക് കൊണ്ടു പോകുന്നതായിരിക്കും.

8) മേഖലാതലത്തിൽ വിജയികളായ ശാഖ ടീം അംഗങ്ങൾ തന്നെയായിരിക്കണം അതിരൂപതാമത്സരത്തിൽ പങ്കെടുക്കേണ്ടത്.

9) അതിരൂപതാതല മത്സരം ഓഗസ്റ്റ് 28-ാം തീയതി നടത്തപ്പെടുന്നതായിരിക്കും. സമയവും സ്ഥലവും പിന്നീട് അറിയിക്കുന്നതായിരിക്കും.

10) കൂടുതൽ വിവരങ്ങൾക്ക് മാർഗ്ഗരേഖ പേജ് 57 കാണുക.

**5. ഡോക്ടേഴ്സ് ഡേ**

ജൂലൈ ഒന്ന് ഡോക്ടേഴ്സ് ഡേ ആണല്ലോ. അന്നേ ദിവസം ആതുര ശുശ്രൂഷാരംഗത്ത് സ്തുത്യർഹമായ സേവനം ചെയ്തുകൊണ്ടിരിക്കുന്ന ഡോക്ടേഴ്സിനെ മേഖലാ - ശാഖാ തലങ്ങളിൽ ആദരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. അതിരൂപതാതല ഡോക്ടേഴ്സ് ഡേ ആഘോഷം പൈസക്കരി സേക്രട്ട് ഹാർട്ട് ഹോമിയോ ക്ലിനിക്കിൽ വച്ച് നടത്തപ്പെടുന്നതാണ്.

**6. അംഗത്വ സ്വീകരണവും, സെന്റ് തോമസ് ഡേ ദിനാചരണവും**

അതിരൂപതാതല അംഗത്വ സ്വീകരണവും, സെന്റ് തോമസ് ഡേ ദിനാചരണവും ജൂലൈ 6-ാം തീയതി കാസർഗോഡ് ശാഖയിൽ വച്ച് നടത്തപ്പെടുന്നു. എല്ലാ ശാഖകളിലും അന്നേ ദിനം അംഗത്വ സ്വീകരണവും, സെന്റ് തോമസ് ഡേ ദിനാചരണവും, അസാധാരണ സമ്മേളനവും, പൊതുദിവ്യകാരുണ്യ സ്വീകരണവും നടത്തുമല്ലോ.

**7. വി. അൽഫോൻസാമ്മയുടെ തിരുനാളും, വൈസ് ഡയറക്ടേഴ്സ് ദിനവും**

അതിരൂപതാതല വി. അൽഫോൻസാമ്മയുടെ തിരുനാളും, വൈസ് ഡയറക്ടേഴ്സ് ദിനവും ചെങ്ങോം ശാഖയിൽ വച്ച് നടത്തപ്പെടുന്നു. എല്ലാ ശാഖകളിലും അന്നേ ദിനം തിരുനാൾ ആഘോഷിക്കുവാനും, ശാഖാ - മേഖലാ വൈസ് ഡയറക്ടേഴ്സിനെ ആദരിക്കുവാനും ശ്രദ്ധിക്കുമല്ലോ. അതോടൊപ്പം അന്നേദിനം അസാധാരണ സമ്മേളനവും, പൊതു ദിവ്യകാരുണ്യ സ്വീകരണവും നടത്തുമല്ലോ. അന്നേ ദിനം അതിരൂപതയുടെ നേതൃത്വത്തിൽ ശാഖാ - മേഖലാ വൈസ്ഡയറക്ടേഴ്സിന് ഓൺലൈൻ സംഗമം ഉണ്ടായിരിക്കും. അന്നത്തെ പ്രോഗ്രാമുകളെക്കുറിച്ച് പിന്നീട് നിങ്ങളെ അറിയിക്കുന്നതായിരിക്കും.

**8. വി. കൊച്ചുത്രേസ്യായുടെ മാതാപിതാക്കളുടെ തിരുനാൾ, കുടുംബദിനാചരണം**

വി. കൊച്ചുത്രേസ്യായുടെ മാതാപിതാക്കളുടെ തിരുനാൾ ദിനം ജൂലൈ 12-ാം തീയതി ആണല്ലോ അന്നേദിനം മിഷൻലീഗ് അംഗങ്ങൾ കുടുംബദിനാചരണമായി ആചരിക്കുകയാണല്ലോ. അന്നേദിവസമോ തൊട്ടടുത്ത ഞായ

റാഴ്ചയോ ശാഖകളിലും, മേഖലകളിലും വി. കൊച്ചുത്രേസ്യായുടെ മാതാപിതാക്കളുടെ തിരുനാളും കുടുംബദിനാചരണം നടത്തുവാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യുമല്ലോ. അതിരൂപതാതല ആചരണം ജൂലൈ 13-ാം തീയതി നടത്തുന്നതായിരിക്കും.

**9. അതിരൂപതാ മാനേജിംഗ് കമ്മറ്റി**

2025 ജൂലൈ 12 ശനിയാഴ്ച രാവിലെ 9.30 മുതൽ 1 മണിവരെ തളിപ്പറമ്പ് സെന്റ് മേരീസ് ദൈവാലയ ഓഡിറ്റോറിയത്തിൽ വച്ച് അതിരൂപതാ മാനേജിംഗ് കമ്മറ്റിയും ജൂനിയർ ഭാരവാഹികളുടെ തെരഞ്ഞെടുപ്പും നടത്തുന്നതാണ്. എല്ലാ മേഖലകളിലെയും ജൂനിയർ - സീനിയർ ഭാരവാഹികൾ മാനേജിംഗ് കമ്മറ്റിയിൽ പങ്കെടുക്കണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

**11. ബെസ്റ്റ് ശാഖാ - മേഖലാ തിരഞ്ഞെടുപ്പ്**

ബെസ്റ്റ് ശാഖാ - മേഖലാ നിർണ്ണയത്തിനായി അതിരൂപതാ ഭാരവാഹികൾ ജൂലൈ 5 നും 20 നും ഇടയിൽ തെരഞ്ഞെടുക്കപ്പെട്ട ശാഖകളും മേഖലകളും സന്ദർശിക്കുന്നതായിരിക്കും എന്ന കാര്യം സ്നേഹപൂർവ്വം ഓർമ്മപ്പെടുത്തുന്നു.

**12. ഹൃദ്യമായ സ്വാഗതം**

കുന്നോത്ത് മേഖല ഡയറക്ടർ ഫാ. മാത്യു ശാസ്താംപടവിൽ, കാസർഗോഡ് മേഖല ഡയറക്ടർ ഫാ. ജോസഫ് ഐക്കരപ്പറമ്പിൽ, പൈസക്കരി മേഖല ഡയറക്ടർ ഫാ. ജോസഫ് ചെരിയംകുന്നേൽ, പനത്തടി മേഖല ഡയറക്ടർ ഫാ. തോമസ് പാണാംകുഴിയിൽ, വെള്ളരിക്കുണ്ട് മേഖല ഡയറക്ടർ ഫാ. ജോസഫ് കൊട്ടാരത്തിൽ, തളിപ്പറമ്പ് മേഖല ഡയറക്ടർ ഫാ. മാത്യു നരിക്കുഴി, കുന്നോത്ത് മേഖല വൈസ് ഡയറക്ടർ സി. ജെയ്സ് മരിയ എഫ്.സി.സി, മാലോം മേഖല വൈസ് ഡയറക്ടർ സി. ഡോണ എഫ്.സി.സി, മണിക്കടവ് മേഖല വൈസ് ഡയറക്ടർ സി. ലിസ്യൂസ് എൻ എസ്, കാഞ്ഞങ്ങാട് മേഖല വൈസ് ഡയറക്ടർ സി. മേഴ്സി എഫ്.സി.സി, മേരിഗിരി മേഖല വൈസ് ഡയറക്ടർ സി. സൗമ്യ എം.എസ്.എം.ഐ, ആലക്കോട് മേഖല വൈസ് ഡയറക്ടർ സി. ഡിറ്റി എസ്.ജെ,എൽ, പൈസക്കരി മേഖല വൈസ് ഡയറക്ടർ സി. ടോംസി എം.എസ്.എം.ഐ, പേരാവൂർ മേഖല വൈസ് ഡയറക്ടർ സി. പ്രീതി എസ്.എ.ബി.എസ്, എടൂർ മേഖല വൈസ് ഡയറക്ടർ സി. ആൻ മരിയ സി.എം.സി ചെറുപുഴ മേഖല വൈസ് ഡയറക്ടർ സി. ലിസ് മരിയ എസ്.എം.എസ് എന്നിവർക്ക് അതിരൂപതാ കുടുംബത്തിലേക്ക് ഹൃദ്യമായ സ്വാഗതം.

**ഹൃദ്യമായ നന്ദി :** കർമ്മനിരതമായ പ്രവർത്തന ശൈലിയിലൂടെ, ത്യാഗനിർഭരമായ സേവനത്തിലൂടെ ചെറുപുഷ്പ മിഷൻലീഗ് പ്രവർത്തനങ്ങൾക്ക് മേഖലയിൽ ശുശ്രൂഷചെയ്ത് പുതിയ ഇടവകകളിലേക്ക് സ്ഥലം

മാറിപ്പോയ ഫാ. ഐസക് മറ്റത്തിൽ, ഫാ. ജോസഫ് വയലുങ്കൽ, ഫാ. ഡെന്നീസ് നെല്ലിത്താനം, ഫാ. ജോസഫ് ഐക്കരപ്പറമ്പിൽ, ഫാ. ജെയിംസ് മൂന്നാനപ്പള്ളി, സി. റോഷ്ണി എഫ്.സി.സി., സി. സിൻസി സി.എം.സി, സി. അർപ്പിത എസ്.എസ്.എസ്, സി. അലീന എം.എസ്.എം.ഐ, സി. ബ്ലസി എസ്.എ. ബി.എസ്, സി. കുസുമം സി.എം.സി, സി. സോജി എം.എസ്. എം.ഐ, സി. സ്മിത സി.എം.സി, സി. അഞ്ജലി എസ്.എച്ച്, സി. സൗമ്യ എഫ്.സി.സി, സി. അലോൺസ് എസ്.എ.ബി.എസ്, സി. ഷാരോൺ എം. എസ്.എം.ഐ. എന്നിവർക്ക് അതിരൂപതാ കുടുംബത്തിന്റെ ഹൃദ്യമായ നന്ദിയും ആശംസകളും...

**13. കാഞ്ഞങ്ങാട് റീജിയണൽ വൈസ് ഡയറക്ടേഴ്സിന്റെ ശ്രദ്ധയ്ക്ക്**

കാഞ്ഞങ്ങാട് റീജിയണിൽ ഉള്ളവർക്ക് അംഗത്വകാർഡ് സീൽ ചെയ്യാൻ സൗകര്യത്തിനായി ഓഗസ്റ്റ് 2 ന് രാവിലെ 10 മണി മുതൽ 2 മണിവരെ അതിരൂപതാ ടീം പടന്നക്കാട് പാസ്റ്ററൽ സെന്ററിൽ ഉണ്ടായിരിക്കും. ഓഫീസ് സംബന്ധമായി നിങ്ങൾക്കാവശ്യമുള്ള സാധനങ്ങൾ അന്ന് വാങ്ങാൻ സൗകര്യമുണ്ടായിരിക്കും.

**14. അതിരൂപതാതല ലോഗോ മത്സരം**

അതിരൂപതാതലത്തിൽ ഈ വർഷത്തെ മിഷൻലീഗ് ആപ്തവാക്യത്തെ അടിസ്ഥാനമാക്കി ലോഗോമത്സരം നടത്തപ്പെടുന്നു. മത്സരത്തെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1) മത്സരത്തിൽ പ്രായപരിധിയില്ല. മിഷൻലീഗ് അംഗത്വകാർഡ് ഉള്ളവർക്ക് മത്സരിക്കാവുന്നതാണ്.
2) പ്രമേയം: **'ക്രിസ്തുവിന്റെ വിളഭൂമിയിൽ പ്രത്യാശയുടെ തീർത്ഥാടകരായ്'** (മിഷൻലീഗിന്റെ ഈ വർഷത്തെ ആപ്തവാക്യമാണ്. ഈ വിഷയത്തെ അടിസ്ഥാനമാക്കിയാണ് ലോഗോ വരയ്ക്കേണ്ടത്).
3) തന്നിരിക്കുന്ന വിഷയം വ്യക്തമായും കൃത്യമായും പ്രകടമാക്കുന്നതായിരിക്കണം. ലോഗോ മറ്റൊന്നിന്റെ കോപ്പി ആകരുത്. പൂർണ്ണമായും സ്വന്തം ആശയവും നിർമ്മിതിയുമായിരിക്കണം.
4) മത്സരം രണ്ട് വിധത്തിലാണ് നടത്തുന്നത്. ഡിജിറ്റലായും, പൂർണ്ണമായും കൈകൊണ്ട് വരച്ചും. ഏതെങ്കിലും ഒന്നിൽമാത്രമേ പങ്കെടുക്കാവൂ.
5) ലോഗോയുടെ അർത്ഥതലം 5 വാക്യത്തിൽ കൂടാതെ വിവരിച്ചിരിക്കണം.
6) ഒരു ശാഖയിൽ നിന്നും രണ്ടുമത്സരത്തിലും ഓരോ എൻട്രികൾ വീതമാണ് രൂപതയ്ക്ക് നൽകേണ്ടത്.
7) ജൂലൈ 25 ന് മുമ്പ് PDF ഫോർമാറ്റായി ഇവിടെ തന്നിരിക്കുന്ന നമ്പറിൽ അയച്ചുതരിക. 8281255847.

8) **ഡിജിറ്റൽ ലോഗോ നിർമ്മാണം :** (Canvas size : 1080px X 1080px, Resolution : 300PPI, Colur mode: CMYK)

- ലോഗോ സ്‌ക്വയർ ഷെയ്പ്പിനുള്ളിൽ വെള്ള ബാക്ക്ഗ്രൗണ്ടിലാണ് നിർമ്മിക്കേണ്ടത്. ലോഗോ നിർമ്മിക്കാൻ ഏത് മൊബൈൽ ആപ്പ് വേണമെങ്കിലും ഉപയോഗിക്കാവുന്നതാണ്. വാട്ടർമാർക്ക് ഇമേജുകൾ ഉപയോഗിക്കാൻ പാടില്ല.

9) **ലോഗോ പൂർണ്ണമായും കൈകൊണ്ട് വരയ്ക്കുന്നവർ ശ്രദ്ധിക്കേണ്ടത്:**

- ഒരു A4 ഷീറ്റിൽ 11 ഇഞ്ച് എന്ന അളവിനുള്ളിലായിരിക്കണം ലോഗോ വരയ്ക്കേണ്ടത്. വരകൾ, കളർ ഷെയ്ഡുകൾ, സിംബലുകൾ എന്നിവ ലോഗോയിൽ ഉൾപ്പെടുത്താം. സ്കെച്ച് പെൻ, കളർ പെൻസിലുകൾ, പേനകൾ എന്നിവ ഉപയോഗിക്കാം.

10) ലോഗോ മത്സരത്തിൽ പങ്കെടുക്കുന്നവർ പേര്, വീട്ടുപേര്, ഇടവക, മേഖല, ഫോൺനമ്പർ, അംഗത്വ നമ്പർ എന്നിവ കൃത്യമായി രേഖപ്പെടുത്തിയിരിക്കണം.

## 15. പ്രവർത്തനവർഷ ഉദ്ഘാടനവും വൈസ് ഡയറക്ടേഴ്സ് മീറ്റിംഗും മാർഗ്ഗരേഖാ പ്രകാശനവും

ചെറുപുഷ്പ മിഷൻലീഗ് തലശ്ശേരി അതിരൂപത 2025-26 പ്രവർത്തന വർഷ ഉദ്ഘാടനവും മാർഗ്ഗരേഖാ പ്രകാശനവും വൈസ് ഡയറക്ടേഴ്സ് മീറ്റിംഗും ജൂൺ 7-ാം തീയതി ശനിയാഴ്ച തളിപ്പറമ്പ് സെന്റ് മേരീസ് ദൈവാലയ ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. രാവിലെ 9.15 ന് വി. കുർബാനയ്ക്ക്ശേഷം അതിരൂപതാ പ്രസിഡന്റ് ശ്രീ. ഷിജോ സ്രായിലിന്റെ അധ്യക്ഷതയിൽ ചേർന്ന പൊതുസമ്മേളനം അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനം ചെയ്ത് മാർഗ്ഗരേഖാ പ്രകാശനം നടത്തി. വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി തിരുബാലസഖ്യം മാർഗ്ഗരേഖയുടെ പ്രകാശനകർമ്മം നിർവഹിച്ചു. അതിരൂപതയിലെ എല്ലാ ശാഖകളിലും വിഷമുക്ത പച്ചക്കറിത്തോട്ടം നിർമ്മിക്കുക എന്ന ലക്ഷ്യത്തോടെ നടത്തിയ പച്ചക്കറി വിത്ത് തളിപ്പറമ്പ് ഫൊറോന വികാരി ഫാ. മാത്യു ആശാരിപ്പറമ്പിൽ വിതരണം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വയലുങ്കൽ മാർഗ്ഗരേഖാ വിശകലന ക്ലാസ്സിന് നേതൃത്വം നൽകി. അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വടക്കേപ്പറമ്പിൽ സ്വാഗതവും അതിരൂപതാ ജനറൽ ഓർഗനൈസർ അരുൾ പറയക്കുന്നേൽ നന്ദിയും പറഞ്ഞു.

## 16. നമ്മുടെ അച്ചൻ, സ്നേഹമുള്ള സിസ്റ്റർ, മിഷൻഗ്രാമം

അതിരൂപതയിലെ ബഹു. വൈദികർക്കും സിസ്റ്റേഴ്സിനും അഗതിമന്ദിരത്തിനും മിഷൻഗ്രാമത്തിനും വേണ്ടി പ്രാർത്ഥിക്കാനുള്ള ലിസ്റ്റ് എല്ലാ

ശാഖകൾക്കും മേഖലകൾക്കും ലഭിച്ചുകാണും എന്ന് കരുതുന്നു. അതിരൂപതയിലെ ബഹുമാനപ്പെട്ട വൈദികരെയും സിസ്റ്റേഴ്സിനെയും ഓർത്ത് പ്രാർത്ഥിക്കുവാനായി ഓരോ ശാഖയ്ക്കും നൽകിയിരിക്കുന്ന ബഹു. വൈദികരെയും സിസ്റ്റേഴ്സിനെയും ഫോണിൽ വിളിച്ചും കത്തുകളെഴുതിയും അവർക്കായി പ്രാർത്ഥിക്കുന്നുണ്ടെന്ന് അറിയിക്കുകയും ഫീസ്റ്റ് ഡേ, ബർത്ത് ഡേ, വിയാനി ഡേ, ഓർഡിനേഷൻ ഡേ തുടങ്ങിയ അവസരങ്ങളിൽ ആശംസകൾ അർപ്പിക്കുകയും ചെയ്യാൻ ബഹു. വൈസ് ഡയറക്ടേഴ്സ് കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ.

ശാഖകൾക്ക് പ്രാർത്ഥിക്കുവാൻ ലഭിച്ചിരിക്കുന്ന വൃദ്ധസദനങ്ങൾ, ഓർഫനേജുകൾ, മിഷൻഗ്രാമങ്ങൾ എന്നിവിടങ്ങൾ സന്ദർശിച്ച് അവർക്കുവേണ്ട സഹായങ്ങൾ ചെയ്യുവാനും ശ്രദ്ധിക്കണേ. മിഷൻ ഗ്രാമങ്ങളുബന്ധപ്പെട്ട് അവരുമായി സൗഹൃദം നിലനിർത്തുവാൻ പരിശ്രമിക്കുകയും വേണം. ഏതെങ്കിലും ശാഖകൾക്ക് മിഷൻഗ്രാമങ്ങൾ ലഭിച്ചിട്ടില്ലെങ്കിൽ അതിരൂപതാ ഓഫീസിൽ അറിയിക്കുമല്ലോ.

**17. അഭിനന്ദനങ്ങൾ :** വിശ്വാസപരിശീലനത്തിൽ 12-ാം ക്ലാസ്സിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന കുട്ടികൾക്ക് ചെറുപുഷ്പ മിഷൻലീഗ് നൽകി വരുന്ന മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളി പൗരോഹിത്യ സുവർണ്ണജൂബിലി മെമ്മോറിയൽ അവാർഡ് കരസ്ഥമാക്കിയ ചെറുപാറ ശാഖയിലെ തോമസ് നാഗനോലിൽ അതോടൊപ്പം എം.റ്റി.സി. ഉണർവ്വ് ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികളിൽ നിന്ന് 10, 12 ക്ലാസ്സുകളിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ്സ് വാങ്ങുന്ന കുട്ടികൾക്ക് നൽകുന്ന പോണാട്ട് ജോസഫ് - ഏലിക്കുട്ടി മെമ്മോറിയൽ എക്സലന്റ് അവാർഡ് കരസ്ഥമാക്കിയ കൊച്ചുകൂട്ടുകാർക്കും അതിരൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

**18. ആദരാഞ്ജലികൾ**

അതിരൂപത ആലക്കോട് റീജിയണൽ ഓർഗനൈസർ ഷേർളി പാമ്പനാലിന്റെ ഭർതൃപിതാവ് തോമസ് പാമ്പനാലിന്റെയും, ചെമ്പേരി റീജിയണൽ ഓർഗനൈസർ മാണി കണിയാരോലിക്കലിന്റെ പിതാവ് മത്തായി കണിയാരോലിക്കലിന്റെയും, എം.റ്റി.സി. കുഞ്ഞുമിഷണറി അലീന വട്ടക്കുന്നേലിന്റെയും നിര്യാണത്തിൽ അതിരൂപതാ ചെറുപുഷ്പ മിഷൻലീഗിന്റെ ആദരാഞ്ജലികൾ.

**ഫാ. ജോസഫ് വയലുങ്കൽ**
*ഡയറക്ടർ*

# തിരുബാലസഖ്യം

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

വിശ്വാസത്തിന്റെ ദീപശിഖ തെളിയിച്ചുതന്ന ഭാരതത്തിന്റെ അപ്പ സ്തോലനായ വി. തോമാശ്ലീഹായുടെയും സഹനത്തെ സ്നേഹിച്ച് ജീവിച്ച ഭാരതത്തിന്റെ പ്രഥമ വിശുദ്ധയായ വി. അൽഫോൻസാമ്മയു ടെയും തിരുനാൾ ഈ മാസം നാം ആഘോഷിക്കുമ്പോൾ ഈ വിശു ദ്ധരുടെ ജീവിത മാതൃക നമുക്കെന്നും പ്രചോദനമാകട്ടെ എന്ന് പ്രാർത്ഥി ക്കുന്നതോടൊപ്പം ഈ വർഷം തിരുബാലസഖ്യം സംഘടനയിൽ അംഗ ങ്ങളായി കടന്നുവന്നിരിക്കുന്ന എല്ലാ കൊച്ചുകൂട്ടുകാർക്കും തിരുബാല സഖ്യം പ്രവർത്തനം വഴി ധാരാളം ദൈവാനുഗ്രഹങ്ങൾ ലഭിക്കട്ടെയെന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

അനുസ്മരിക്കുന്ന തിരുനാൾ : ദുക്റാനത്തിരുനാൾ
അനുസ്മരിക്കുന്ന വിശുദ്ധർ : വി. തോമാശ്ലീഹ, വി. അൽഫോൻസാമ്മ, വി. മരിയഗൊരേത്തി
പ്രാർത്ഥനാനിയോഗം : രോഗികൾക്കുവേണ്ടി
സുകൃതംജപം : എന്റെ കർത്താവേ, എന്റെ ദൈവമേ
വചനം : വഴിയും സത്യവും ജീവനും ഞാനാകുന്നു. (വി. യോഹ 14 :6)
പ്രവൃത്തി : വി. തോമാശ്ലീഹാ, വി. അൽഫോൻസാമ്മ, വി. മരിയ ഗൊരേത്തി എന്നിവരുടെ ജീവചരിത്രം മാതാപിതാക്കളുടെ സഹായത്തോടെ പഠിക്കുന്നു.
മന:പാഠമാക്കുക : അഞ്ച് സുകൃതജപം അധ്യാപകരുടെ സഹായത്തോടെ പഠിക്കുക.
എയ്ഞ്ചൽസ് വോയ്സ് : പ്രസംഗമത്സരം (അതിരൂപതാതലം)

**1. ശാഖകൾ ശ്രദ്ധിക്കാൻ**

1 ചൊവ്വ : ഡോക്ടേഴ്സ് ഡേ
3 വ്യാഴം : ദുക്റാനത്തിരുനാൾ, ബാഡ്ജ് ധരിച്ച് ദിവ്യബലിയിൽ പങ്കെടുക്കുക. പൊതു മീറ്റിംഗ് കൂടുക.
6 ഞായർ : വി. മരിയാഗൊരേത്തിയുടെ തിരുനാൾ
13 ഞായർ : അംഗത്വ സ്വീകരണം.

16 ബുധൻ : കർമ്മല മാതാവിന്റെ തിരുനാൾ
28 തിങ്കൾ: വി. അൽഫോൻസാമ്മയുടെ തിരുനാൾ

**2. ഈശോയെപ്പോലെ വളരാം... വലുതാകാം...**

ഈശോയെപ്പോലെ വളരാം... വലുതാകാം എന്ന വർക്ക് ബുക്ക് എല്ലാ കൂട്ടുകാരുടെയും കൈകളിൽ എത്തിക്കാണുമല്ലോ. ഇനിയും കിട്ടാത്തവർക്ക് എത്രയും വേഗം എത്തിച്ചുകൊടുക്കുവാൻ ബഹു. ഡയറക്ടർ അച്ചൻമാരും ആനിമെറ്റേഴ്സും സൺഡേസ്കൂൾ ഹെഡ്മാസ്റ്റേഴ്സും ശ്രദ്ധിക്കുമല്ലോ. അടുത്ത മാസം മുതൽ (ഓഗസ്റ്റ്) ആണ് ഒന്നാം അധ്യായത്തിൽ കൊടുത്തിരിക്കുന്ന നിറംകൊടുക്കാമോ? നിങ്ങൾക്കറിയാമോ? എന്നിവ കളർ ചെയ്ത് പൂർത്തിയാക്കി അതിരൂപതയിലേക്ക് അയച്ചുതരേണ്ടത് എന്ന കാര്യം സ്നേഹപൂർവ്വം ഓർമ്മപ്പെടുത്തുന്നു.

**3. അതിരൂപതാതല പ്രസംഗ മത്സരം**

വി. തോമാശ്ലീഹായുടെയും വി. അൽഫോൻസാമ്മയുടെയും തിരുനാളിനോടനുബന്ധിച്ച് തിരുബാലസഖ്യം കുട്ടികൾക്കായി പ്രസംഗമത്സരം നടത്തുന്നു. ശാഖയിൽ ജൂലൈ മാസം മത്സരം നടത്തി ഒന്നാം സ്ഥാനം കിട്ടുന്ന ആൺകുട്ടിയുടെയും, പെൺകുട്ടിയുടെയും പ്രസംഗം വീഡിയോ ആയി അതിരൂപതാ ഓഫീസിൽ കിട്ടത്തക്കവിധം മെയിൽ ചെയ്യേണ്ടതാണ്. പ്രസംഗം പറയുന്ന കുട്ടിയുടെ പേര്, വീട്ടുപേര്, ഇടവക എന്നിവ കൃത്യമായി രേഖപ്പെടുത്തിയിരിക്കണം. പ്രസംഗം പറയേണ്ട സമയം 4 മിനിറ്റ്. പ്രസംഗം പറയുന്ന വീഡിയോ എടുത്ത് holychildhoodtly01@gmail.com എന്ന Email അക്കൗണ്ടിലേക്ക് അയക്കുക. അയക്കേണ്ട അവസാന ദിവസം ഓഗസ്റ്റ് 5. ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ ലഭിക്കുന്നവർക്ക് സമ്മാനം നൽകുന്നതാണ്. ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും വ്യത്യസ്ത വിഷയമാണ് എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**വിഷയം :** വി. തോമാശ്ലീഹയുടെ പ്രേഷിതയാത്ര (ആൺകുട്ടികൾക്ക്)

വി. അൽഫോൻസാമ്മയുടെ സമർപ്പിത തീർത്ഥയാത്ര (പെൺകുട്ടികൾക്ക്)

**4. അംഗത്വസ്വീകരണം :** ജൂലൈ 13 നോ തൊട്ടടുത്ത ഞായറാഴ്ചയോ ഈ വർഷത്തെ അംഗത്വ സ്വീകരണം നടത്തി ജൂലൈ 31 നുള്ളിൽ കഴിഞ്ഞവർഷത്തേതിന്റെ തുടർച്ചയായ നമ്പറിട്ട് അംഗത്വ ലിസ്റ്റ് ഓഫീസിൽ എത്തിക്കുമല്ലോ. അംഗത്വ കാർഡിനോടൊപ്പം അതിരൂപതയിൽ നിന്ന് തന്ന അംഗത്വ ഫോമിൽ കുട്ടികളുടെ പേര്, വീട്ടുപേര്, ജനനത്തീയതി, പിതാവിന്റെ പേര്, കുട്ടിയെ വിളിക്കുന്നപേര്. അംഗത്വം സ്വീകരിച്ച തീയതി എന്നിവ കൃത്യമായി എഴുതികൊണ്ടുവരാൻ ശ്രദ്ധിക്കുമല്ലോ.

ഉണ്ണീശോ എല്ലാവരെയും അനുഗ്രഹിക്കട്ടെ...

**ഫാ. ജോസഫ് വയലുങ്കൽ**
*ഡയറക്ടർ*

# യൂത്ത് അപ്പൊസ്തൊലേറ്റ്

"യൗവനം മുതൽ അവനെ ഞാൻ പിതാവിനെപ്പോലെ പോറ്റുകയും ജനിച്ചപ്പോൾ മുതൽ നയിക്കുകയും ചെയ്തു" (ജോബ് 31:18).

സ്നേഹമുള്ള ഡയറക്ടറച്ചന്മാരെ, ആനിമേറ്റേഴ്സ്, യുവജന സുഹൃത്തുക്കളെ,

ജൂൺ 23 ന് തോമസ് മൂർ അനുസ്മരണത്തോടെ ഈ വർഷത്തെ കെസിവൈഎം പ്രവർത്തനങ്ങൾ ഇടവകകളിൽ ആരംഭിച്ചുവെന്ന് കരുതുന്നു. യൂണിറ്റ് ഇലക്ഷനും പൂർത്തീകരിച്ചു കാണുമല്ലോ. യുവജന ശുശ്രൂഷകളിൽ എല്ലാ അച്ചന്മാരുടെയും സിസ്റ്റേഴ്സിന്റെയും സഹകരണം പ്രതീക്ഷിക്കുന്നു. കാലത്തിനനുസരിച്ച് വിശ്വാസമുള്ള, മൂല്യമുള്ള ഒരു യുവതലമുറയെ രൂപപ്പെടുത്താൻ നമുക്കൊരുമിച്ച് പരിശ്രമിക്കാം.

**മെഗാ യുവജനദിനം**

തലശ്ശേരി അതിരൂപത 2024-2025 വർഷത്തെ മെഗാ യുവജന സംഗമം ജൂലൈ 12 ശനിയാഴ്ച്ച വൈകുന്നേരം 4 മണിക്ക് ആലക്കോട് വെച്ച് നടത്തുന്നു. എല്ലാ ഫൊറോനയിൽ നിന്നും യുവജനങ്ങളെ പങ്കെടുപ്പിക്കുവാൻ ബഹു. ഡയറക്ടറച്ചൻമാർ ശ്രദ്ധിക്കുമല്ലോ.

**തോമസ് മൂർ ദിനാചരണം**

ജൂൺ 29 ഞായറാഴ്ച്ച അതിരൂപതാതല തോമസ് മൂർ ദിനാചരണം തളിപ്പറമ്പ് ഫൊറോനയുടെ ആഭിമുഖ്യത്തിൽ നടത്തുന്നു.

**സമുദ്ര 25 - തീരദേശക്യാമ്പ്**

കെസിവൈഎം എസ്എംവൈഎം തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ പടന്നക്കാട് നല്ലിടയൻ പാസ്റ്ററൽ സെന്ററിൽ വച്ച് കാഞ്ഞങ്ങാട്, കാസർഗോഡ് ഫൊറോനകളുടെ ആതിഥേയത്വത്തിൽ മെയ് 23, 24, 25 തീയതികളിൽ തീരദേശക്യാമ്പ് സംഘടിപ്പിച്ചു. കാസർഗോഡ് ലോക്സഭ മെമ്പർ ശ്രീ. രാജ്മോഹൻ ഉണ്ണിത്താൻ എം.പി. ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. തീരദേശക്യാമ്പിന് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്ത് തന്ന പാസ്റ്ററൽ സെന്റർ ഡയറക്ടർ വികാരി ജനറാൾ മോൺ. മാത്യു ഇളംത്തുരുത്തിപ്പടവിൽ അച്ചനും ക്യാമ്പ് മനോഹരമാക്കി മാറ്റിയ കാസർഗോഡ് ഫൊറോന പ്രസിഡന്റ് ശ്രീ. ഫെബിൻ ചിറയലിനും ഫൊറോന ഡയറക്ടർ അഗസ്റ്റിൻ അറയ്ക്കൽ അച്ചനും

കാഞ്ഞങ്ങാട് ഫൊറോന പ്രസിഡന്റ് ശ്രീ. അൽജോ കുന്നപ്പള്ളിക്കും ഫൊറോന ഡയറക്ടർ തോമസ് പള്ളിക്കൽ അച്ചനും സഹഭാരവാഹികൾക്കും അതിരൂപത യുവജന കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.

**തളിര് - പരിസ്ഥിതി ദിനാചരണം**

കെസിവൈഎം എസ്എംവൈഎം അതിരൂപതാതല പരിസ്ഥിതി വാരാഘോഷ പരിപാടികളുടെ ഉദ്ഘാടനം നെല്ലിക്കാംപൊയിൽ ഫൊറോനയുടെ ആതിഥേയത്വത്തിൽ ഇരിട്ടി നഗരവനത്തിൽ വെച്ച് പേരാവൂർ നിയോജകമണ്ഡലം എംഎൽഎ അഡ്വ. സണ്ണി ജോസഫ് നിർവ്വഹിച്ചു. യൂണിറ്റ്, ഫൊറോന സമിതികളുടെ നേതൃത്വത്തിൽ പരിസ്ഥിതി ദിനാചരണം, ശുചീകരണ പ്രവർത്തനങ്ങൾ എന്നിവ ജൂൺ 01-08 വരെയുള്ള കാലയളവിൽ സംഘടിപ്പിച്ചു. നേതൃത്വം കൊടുത്ത നെല്ലിക്കാംപൊയിൽ ഫൊറോന പ്രസിഡന്റ് ഷെബിൻ പാലക്കലോടിക്കും ഡയറക്ടർ ഫാ. ജോസഫ് കോയിപ്പുറത്തിനും സഹഭാരവാഹികൾക്കും അതിരൂപത യുവജന കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.

**വനിതാക്യാമ്പ് – WINGS (Women Inspiring New Growth and Strength)**

കെസിവൈഎം എസ്എംവൈഎം തലശ്ശേരി അതിരൂപതയുടെ വനിതാവിഭാഗമായ **VOW**-ന്റെ ആഭിമുഖ്യത്തിൽ കോട്ടൂർ സെന്റ് തോമസ് ഇടവക ദൈവാലയ ഓഡിറ്റോറിയത്തിൽ വച്ച് ചെമ്പന്തൊട്ടി ഫൊറോനയുടെ ആതിഥേയത്വത്തിൽ വനിതാക്യാമ്പ് ജൂൺ 13,14,15 തീയതികളിൽ നടത്തപ്പെട്ടു. ശ്രീകണ്ഠാപുരം നഗരസഭ ചെയർപേഴ്സൺ ഡോ. കെ.വി ഫിലോമിന ടീച്ചർ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ആവശ്യമായ ക്രമീകരണങ്ങൾ ചെയ്ത് തന്ന സിഎസ്ടി ആശ്രമ സുപ്പീരിയർ റവ. ഫാ. ജോൺ സിഎസ്ടിക്കും ചെമ്പന്തൊട്ടി ഫൊറോന പ്രസിഡന്റ് ശ്രീ. എബിൻ കാഞ്ഞിരത്തിങ്കലിനും ഡയറക്ടർ ഫാ. ജോബി എടത്തിനാലിനും സഹഭാരവാഹികൾക്കും അതിരൂപത യുവജന കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.

**പുതിയ ഡയറക്ടർ അച്ചന്മാർക്ക് സ്വാഗതം**

വിവിധ ഫൊറോനകളിൽ പുതിയ ഡയറക്ടർമാരായി ചാർജെടുത്ത അച്ചന്മാർക്ക് യുവജന കുടുംബത്തിലേയ്ക്ക് ഹൃദ്യമായ സ്വാഗതം. ഫാ. ജേക്കബ് പഞ്ഞിക്കുന്നേൽ (വെള്ളരിക്കുണ്ട്), ഫാ. അലക്സ് നിരപ്പേൽ (എടൂർ), ഫാ. തോമസ് കൊന്നയിൽ (കുന്നോത്ത്), ഫാ. തോമസ് പൂകമല (ചെറുപുഴ), ഫാ. ജോൺസൺ പടിഞ്ഞാറയിൽ (പനത്തടി), ഫാ. വർഗീസ് കളപ്പുരക്കൽ (ചെമ്പേരി), ഫാ. തോമസ് പള്ളിക്കൽ (കാഞ്ഞയങ്ങാട്), ഫാ. സ്ക്കറിയ ചക്കാനിക്കൽ (തോമാപുരം), ഫാ. തോമസ് അട്ടേങ്ങാട്ടിൽ (തളിപ്പറമ്പ്), ഫാ. മാത്യു ചെമ്പ്ലായിൽ (മേരിഗിരി) ഫാ. അഗസ്റ്റിൻ അറക്കൽ (കാസർഗോഡ്).

**ഇലക്ഷൻ വിജ്ഞാപനം**

കെസിവൈഎം യുവജന പ്രസ്ഥാനത്തെ 2024-25 വർഷത്തിൽ ക്രിസ്തീയ വിശ്വാസത്തിൽ അടിയുറച്ചു നിന്നുകൊണ്ട് നയിക്കുവാൻ പ്രാപ്ത രായ പുതിയ നേതൃത്വനിരയെ ഫൊറോന തലത്തിൽ ജൂലൈ 27 ന് മുൻപ് തിരഞ്ഞെടുക്കേണ്ടതാണ്. ഫൊറോനയിൽ തിരഞ്ഞെടുക്കുന്ന ഭാരവാഹി കളുടെ ലിസ്റ്റ് ഓഗസ്റ്റ് 2-ാം തീയതിക്കുള്ളിൽ അതിരൂപതയിൽ നിന്നു നൽകുന്ന ഫോമിൽ ഡയറക്ടറുടെ സാക്ഷ്യപത്രത്തോടെ തലശ്ശേരി കെസിവൈഎം ഓഫീസിൽ എത്തിക്കേണ്ടതാണ്.

ജൂലൈ 13 ന് മുൻപ് യൂണിറ്റുകളുടെ അഫിലിയേഷൻ പൂർത്തിയാക്ക ണം. അതിരൂപതാ ഓഫീസിൽ നൽകിയിരിക്കുന്ന അഫിലിയേഷൻ ലിസ്റ്റിൽ പേര് ഉള്ളവർക്ക് മാത്രമെ ഇലക്ഷനിലും മൽസരങ്ങളിലും പങ്കെടുക്കാൻ സാധിക്കുകയുള്ളു. I D Card നിർബന്ധമായിരിക്കും. തിരഞ്ഞെടുക്കപ്പെടുന്ന ഭാരവാഹികൾക്ക് ഐ ഡി കാർഡ് ആഗസ്റ്റ് 02-ാം തീയതി വരെ അതിരൂ പതാ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. ആഗസ്റ്റ് 02 ന് ശേഷം വരുന്ന ഭാരവാഹികളുടെ ലിസ്റ്റിലുള്ളവരെ അതിരൂപതാ സെനറ്റിൽ പങ്കെടുപ്പിക്കാൻ സാധിക്കില്ല.

**ഫൊറോന എക്സിക്യൂട്ടീവ് അംഗങ്ങൾ**

ഫൊറോന തലത്തിൽ ഡയറക്ടറും ആനിമേറ്റേഴ്സും ഉൾപ്പെടെ 12 അംഗങ്ങളായിരിക്കും ഫൊറോന എക്സിക്യൂട്ടീവിൽ ഉണ്ടായിരിക്കുക. ഡയ റക്ടർ, ആനിമേറ്റർ, അൽമായ ആനിമേറ്റർ, പ്രസിഡന്റ്, വൈസ് പ്രസിഡന്റു മാർ (പുരുഷൻ + വനിത) ജനറൽ സെക്രട്ടറി, രണ്ട് സെക്രട്ടറിമാർ (പുരു ഷൻ + വനിത), ട്രഷറർ, കൗൺസിലേഴ്സ് (പുരുഷൻ + വനിത) എന്നിവ രായിരിക്കും ഫൊറോന ഭാരവാഹികൾ. സമിതിയിൽ 3 പേർ നിർബന്ധ മായും യുവതികളായിരിക്കണം.

**തിരഞ്ഞെടുപ്പു സംബന്ധമായ ചില നിർദ്ദേശങ്ങൾ**

1. അതാതു തലങ്ങളിലെ ഡയറക്ടർമാർ തിരഞ്ഞെടുപ്പുകൾക്ക് ഭരണാധി കാരികളായിരിക്കും.
2. അതാതു വർഷം യൂണിറ്റിൽ ഭാരവാഹികളായി തിരഞ്ഞെടുക്കപ്പെടു ന്നവർക്ക് മാത്രമെ ഫൊറോന ഭാരവാഹികളായി തിരഞ്ഞെടുക്കപ്പെടാൻ അവകാശമുള്ളു.
3. ഫൊറോന തലത്തിൽ അതാതു വർഷം തിരഞ്ഞെടുക്കപ്പെട്ടവർക്കു മാത്രമെ രൂപതാ തലത്തിൽ മത്സരിക്കാൻ അവകാശമുള്ളു.
4. ഫൊറോനകളിൽ ഭാരവാഹികളായി തിരഞ്ഞെടുക്കപ്പെടുന്നവർക്ക് 18 നും 30 നും ഇടയിൽ പ്രായപരിധി എന്നുള്ള നിയമം പാലിക്കേണ്ടതാണ്.
5. യൂണിറ്റ് ഫൊറോന തലങ്ങളിൽ കൗൺസിലർമാരായി തെരഞ്ഞെടുക്ക

പ്പെടുന്നവർ മുൻകാല കെസിവൈഎം പ്രവർത്തന പരിചയം ഉള്ളവർ ആയിരിക്കണം.

6. നിലവിലുള്ള ഭാരവാഹികൾക്ക് തിരഞ്ഞെടുപ്പുകഴിഞ്ഞ് പുതിയ ഭാരവാഹികൾ സ്ഥാനം ഏല്ക്കുന്നതുവരെ തൽസ്ഥാനങ്ങളിൽ തുടരാവുന്നതാണ്.

7. അതിരൂപത ഭാരവാഹിത്വത്തിലേക്ക് മത്സരിക്കുന്നവർ അതാതു വർഷത്തെ തിരഞ്ഞെടുക്കപ്പെട്ട സെനറ്റ് അംഗങ്ങളായിരിക്കണം. (അതിരൂപതാ സിൻഡിക്കേറ്റ്, ഫൊറോന എക്സിക്യൂട്ടീവ് അംഗങ്ങൾ, അതിരൂപതാ ഭാരവാഹികളായ പ്രസിഡന്റ്, വൈസ് പ്രസിഡന്റുമാർ, ജനറൽ സെക്രട്ടറി, സെക്രട്ടറിമാർ, ട്രഷർ, കൗൺസിലർമാർ എന്നിവർ അടങ്ങുന്നതാണ് അതിരൂപതാ സെനറ്റ്).

8. അതിരൂപത ഭാരവാഹികളായി മത്സരിക്കുന്നവർക്ക് 2 രൂപത സെനറ്റിൽ പങ്കെടുത്ത പരിചയം ഉണ്ടായിരിക്കണം.

9. ഫൊറോനയിൽ നിന്നും വരുന്ന കൗൺസിലർമാർ ഉൾപ്പെടെയുള്ള 9 ഫൊറോന ഭാരവാഹികൾക്കും അതിരൂപതാ ഇലക്ഷൻ മാനദണ്ഡങ്ങൾ അനുസരിച്ച് മത്സരിക്കാവുന്നതാണ്.

10. കൗൺസിലർമാരിൽ ഒരാൾ യുവതിയും ഒരാൾ യുവാവും ആയിരിക്കണം.

11. അതിരൂപതയിൽ നിന്നുള്ള സംസ്ഥാന അംഗം, സംസ്ഥാന ഭാരവാഹിയായി തിരഞ്ഞെടുക്കപ്പെടുകയാണെങ്കിൽ സംസ്ഥാന ഭാരവാഹിത്വ കാലാവധി തീരുമ്പോൾ അതിരൂപതാ ഭാരവാഹിത്വം നഷ്ടപ്പെടുന്നതായിരിക്കും.

12. തുടർച്ചയായി രണ്ടു തവണ ഒരു പോസ്റ്റിൽ വിജയിച്ച വ്യക്തിക്ക് മൂന്നാം തവണയും അതേ പോസ്റ്റിൽ മത്സരിക്കാൻ അനുവാദം ഇല്ല.

13. അഫിലിയേഷൻ, മറ്റു കുടിശികകൾ എന്നിവ അടച്ചു തീർക്കുന്ന ഇടവകകളിൽ /ഫൊറോനകളിൽ നിന്നുള്ള യുവജനങ്ങൾക്ക് മാത്രമെ ഇലക്ഷനിൽ മത്സരിക്കാൻ അവകാശം ഉണ്ടായിരിക്കുകയുള്ളു.

14. സംഘടനയുടെ ഏതെങ്കിലും തലത്തിൽ ഭാരവാഹി/ അംഗം ശിക്ഷണ നടപടിക്ക് വിധേയമായാൽ അയാൾക്ക് 3 വർഷത്തേക്ക് യൂണിറ്റ്, ഫൊറോന, അതിരൂപതാ തലത്തിൽ ഭാരവാഹിയായിരിക്കാൻ യോഗ്യത ഉണ്ടായിരിക്കുന്നതല്ല.

15. അതിരൂപതാ ഭാരവാഹികളായി ഒന്നിലധികം പേർ ഒരു ഫൊറോനയിൽ നിന്നും തിരഞ്ഞെടുക്കപ്പെടുവാൻ അവകാശം ഉണ്ടായിരിക്കുന്നതല്ല. വനിത ഭാരവാഹികൾക്ക് ഇത് ബാധകമല്ല.

16. മേൽപ്പറഞ്ഞ യോഗ്യതയുള്ള മത്സരാർത്ഥികൾ ഇല്ലാതെ വന്നാൽ യുക്തമായ തീരുമാനമെടുക്കുവാൻ സെനറ്റിന് അധികാരം ഉണ്ടായിരിക്കും.

17. സെനറ്റിൽ നിന്നും തിരഞ്ഞെടുക്കുന്ന പ്രതിനിധികൾ (പുരുഷൻ, വനിത) അതിരൂപത കൗൺസിലർ എന്ന് അറിയപ്പെടും.

18. സംസ്ഥാന പ്രതിനിധികളായി അതിരൂപതയിൽ നിന്നും പോകേണ്ട ഭാര വാഹികളെ അതാത് വർഷം വരുന്ന അതിരൂപത സമിതി തെരഞ്ഞെടുക്കും. ഇത്തരത്തിൽ തെരഞ്ഞെടുക്കുമ്പോൾ ഒരു ഫൊറോനയിൽ നിന്നും ഒരു പ്രതിനിധി മാത്രമേ ഉണ്ടാകാൻ പാടുള്ളു.

### Ex-officio അംഗങ്ങൾ

Ex-officio അംഗങ്ങൾ സെനറ്റിൽ ക്ഷണിക്കപ്പെട്ട അതിഥികൾ മാത്രമായിരിക്കും. അവർക്ക് തിരഞ്ഞെടുപ്പിൽ മത്സരിക്കാനും, വോട്ടുചെയ്യുവാനും അവകാശം ഉണ്ടായിരിക്കുന്നതല്ല.

### എക്സ്പ്ലോറ 2k25 - ഇലക്ഷൻ സെനറ്റ്

2025-26 പ്രവർത്തന വർഷത്തേക്കുള്ള കെസിവൈഎം അതിരൂപതാ ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതിന് എക്സ്പ്ലോറ 2k25 ആഗസ്റ്റ് 9-ാം തീയതി നടത്തുവാൻ തീരുമാനിച്ചു. 19 ഫൊറോനകളിൽ നിന്നുള്ള ഫൊറോന ഭാരവാഹികൾ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. എക്സ്പ്ലോറ ഇലക്ഷൻ സെനറ്റിൽ ആദ്യവസാനം വരെ പങ്കെടുക്കുന്നവർക്ക് മാത്രമെ ഇലക്ഷനിൽ തിരഞ്ഞെടുക്കപ്പെടുവാനും വോട്ടുചെയ്യുവാനും അവകാശം ഉണ്ടായിരിക്കുകയുള്ളു. മത്സരാർത്ഥികൾ അംഗത്വ കാർഡും, ഇടവക വികാരി, ഫൊറോന ഡയറക്ടർ എന്നിവരുടെ ശുപാർശ കത്തും കൊണ്ടുവരേണ്ടതാണ്.

### ഇടവകയുടെ ഗ്രേഡ് - അഫിലിയേഷൻ ഫീസിന്റെ ക്രമം

A+ - 2400/-
A - 2000/-
B - 1600/-
C - 1200/-
D - 800/-

4. അംഗങ്ങൾക്ക് മത്സരത്തിനും മറ്റ് ആവശ്യങ്ങൾക്കും ഫോട്ടോ പതിപ്പിച്ച അംഗത്വ കാർഡ് നിർബന്ധമാണ്.

**ഫാ. മാത്യു മുക്കുഴി**
*ഡയറക്ടർ*

# ഫാമിലി അപ്പൊസ്റ്റോലേറ്റ്

ഈശോയിൽ സ്നേഹം നിറഞ്ഞവരെ,

സഭയുടേയും സമൂഹത്തിന്റെയും അടിസ്ഥാന ശിലയാകുന്ന കുടുംബത്തിന്റെ പ്രാധാന്യം ലെയോ പതിനാലാമൻ മാർപാപ്പ ഊന്നിപ്പറയുന്നു. സ്നേഹത്തിൽ ആഴപ്പെട്ടതും ബന്ധങ്ങളാൽ സുദൃഢവുമായ കുടുംബങ്ങളാണ് ഇന്നത്തെ ആവശ്യം. മനുഷ്യവംശത്തിന്റെ ഭാവിയുടെ പിള്ളത്തൊട്ടിൽ ആവേണ്ട കുടുംബങ്ങൾ വിശ്വാസവും മൂല്യങ്ങളും തലമുറകളിലേക്ക് കൈമാറാനുള്ള ദൈവനിയോഗം വിശ്വസ്തതയോടെ നിറവേറ്റണമെന്ന് അദ്ദേഹം ഓർമ്മിപ്പിക്കുന്നു. കുടുംബപ്രേഷിതരംഗത്ത് പ്രവർത്തിക്കുന്ന എല്ലാവരും ഗാർഹിക സഭയാകുന്ന കുടുംബത്തിന് ഏറ്റവും പ്രാധാന്യം നല്കുന്ന വിധത്തിൽ ശുശ്രൂഷകളെ ക്രമീകരിക്കുകയാണ് ഇതിനുള്ള മാർഗ്ഗമെന്ന് അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. ഭാരതത്തിന്റെ അഭിമാനമായി മാറിയ വി. അൽഫോൻസായുടെ ജീവിതത്തെ ധ്യാനിച്ച് ഇനിയും അനേകം വിശുദ്ധരെ രൂപപ്പെടുത്തുന്ന ഇടങ്ങളായി നമ്മുടെ കുടുംബങ്ങൾ മാറുവാൻ നമുക്ക് പരിശ്രമിക്കാം. ക്രിസ്തുവിൽ വിശ്വസിക്കുന്ന നമ്മൾ ഒന്നാണ് എന്ന ചിന്തയോടെ കുടുംബങ്ങൾ തമ്മിലുള്ള സഹകരണവും, പങ്കുവെയ്ക്കലും, കൂട്ടായമയും വളർത്തിയെടുക്കാം.

## I. കുടുംബകൂട്ടായ്മ

**FAMILY RENEWAL UNITS IN THALASSERY (FRUITS)**

2025 ജൂൺ മാസം മുതൽ കുടുംബകൂട്ടായ്മയുടെ ഉത്തരവാദിത്വം കുടുംബപ്രേഷിത വിഭാഗത്തെ അഭിവന്ദ്യ പിതാവ് ഭരമേൽപ്പിച്ചിരിക്കുകയാണ്. ശ്രമകരവും ഗൗരവമുള്ളതുമായ ഈ ദൗത്യം പൂർണ്ണമായും ദൈവകൃപയിൽ ആശ്രയിച്ചും നിങ്ങളുടെ എല്ലാവരുടേയും ആത്മാർത്ഥമായ സഹകരണം പ്രതീക്ഷിച്ചും ഞങ്ങൾ ഏറ്റെടുക്കുകയാണ്. പ്രവർത്തന വിജയത്തിനായി പ്രത്യേകമായ പ്രാർത്ഥനയും നിസ്വാർത്ഥമായ പിന്തുണയും ആത്മാർത്ഥമായ പങ്കാളിത്തവും എളിമയോടെ അഭ്യർത്ഥിക്കുന്നു. നമുക്കൊരുമിച്ച് ഈ ശുശ്രൂഷ ദൈവഹിതപ്രകാരം മുൻപോട്ട് കൊണ്ടുപോകാം.

**1. ഹൃദയം നിറയെ നന്ദിയോടെ...**

കഴിഞ്ഞ 2 വർഷങ്ങളായി കുടുംബകൂട്ടായ്മ നമ്മുടെ അതിരൂപതയിൽ വളരെ നല്ല രീതിയിൽ മുന്നേറാൻ നേതൃത്വം കൊടുത്തതും കൃത്യതയോടെയുള്ള ഇടപെടലുകളിലൂടെ അതിന്റെ പ്രവർത്തന മികവ് വർദ്ധിപ്പിച്ചതും നമുക്കേറെ പ്രിയപ്പെട്ട അതിരൂപതാ വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴിയച്ചനാണ്. കേരളസഭയ്ക്കാകമാനം മാതൃകയാവുന്ന വിധത്തിൽ നമ്മുടെ കുടുംബകൂട്ടായ്മയെ വളർത്തിയ അച്ചനെ ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. അച്ചന്റെ വിശ്രമമില്ലാതുള്ള കഠിനാധ്വാനത്തിനും, ദീർഘവീക്ഷണത്തോടുകൂടിയ സമീപനത്തിനും ആത്മാർത്ഥമായി നന്ദി പറയുന്നു.

അച്ചനോടൊപ്പം നിന്ന് ഈ ശുശ്രൂഷയെ മികവുറ്റതാക്കാൻ അക്ഷീണം പ്രയത്നിച്ച ബഹു. സി. ലിസ്സി SABS നെയും റീജൻസി ബ്രദേഴ്സിനെയും ഹൃദയം നിറഞ്ഞ നന്ദിയോടെ ഓർക്കുന്നു. അവരുടെ നിസ്വാർത്ഥ സേവനങ്ങൾക്ക് ദൈവം പ്രതിഫലം നൽകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

**2. പ്രത്യേക ശ്രദ്ധയ്ക്ക്**

a) എല്ലാ മാസവും കുടുംബകൂട്ടായ്മകൾ കൃത്യമായി നടത്തുക.
b) എതെങ്കിലും ഇൻഷുറൻസ് പദ്ധതിയിൽ നമ്മുടെ എല്ലാ കുടുംബങ്ങളെയും ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കണം.
c) അർഹിക്കുന്ന എല്ലാ വ്യക്തികൾക്കും EWS സർട്ടിഫിക്കറ്റ് ലഭ്യമായെന്ന് ഭാരവാഹികൾ ഉറപ്പ് വരുത്തണം.
d) ബയോ മൗണ്ടൻ ഉല്പ്പന്നങ്ങൾ എല്ലാ കുടുംബങ്ങളിലും ലഭ്യമാക്കാനാവശ്യമായ നേതൃത്വം ഭാരവാഹികൾ നല്കണം.
e) മഴക്കാലത്ത് ദുരിതമനുഭവിക്കുന്നവരെ സഹായിക്കാൻ സന്നദ്ധരാവുക.
f) ഓരോ മാസവും ചർച്ചയ്ക്കായി നല്കുന്ന വീഡിയോകൾ ശ്രദ്ധാപൂർവ്വം ശ്രവിച്ച് ചർച്ച ചെയ്ത് റിപ്പോർട്ടിൽ രേഖപ്പെടുത്തണം.
g) പ്രാർത്ഥനാ പുസ്തകവും റിപ്പോർട്ട് ബുക്കും പതാകയും ഓഫീസിൽ ലഭ്യമാണ്.
h) എല്ലാ മാസവും റിപ്പോർട്ട് നല്കുന്ന രീതി തുടരുക സാധിക്കാതെ വന്നാൽ മൂന്ന് മാസത്തിലൊരിക്കൽ റിപ്പോർട്ട് ഓഫീസിൽ നല്കുക.

**3. ഓർമയിൽ സൂക്ഷിക്കുവാൻ**

- കുടുംബകൂട്ടായ്മയുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങൾക്കും കുടുംബ പ്രേഷിത ഓഫീസുമായിട്ടാണ് ബന്ധപ്പെടേണ്ടത്. നമ്പർ-9400206974
- ഇടവകയിലെ എല്ലാ കൂട്ടായ്മകളും പ്രതിമാസം സമ്മേളിക്കുന്നു എന്ന് വികാരിയച്ചനും കോർഡിനേറ്ററും ഉറപ്പുവരുത്തുക. റിപ്പോർട്ട് പരിശോധിക്കുക.
- ഓരോ ഫൊറോനയിലെയും മുഴുവൻ ഇടവകകളിലെയും കുടുംബകൂട്ടായ്മകളുടെ പ്രവർത്തനം മേഖലാ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടറും ഫൊറോന കൗൺസിൽ പ്രസിഡന്റും ചേർന്ന് മോണിറ്റർ ചെയ്യുക.

- ഫൊറോനയ്ക്ക് കീഴിൽ വരുന്ന എല്ലാ ഇടവകാ കോർഡിനേറ്റർമാരെയും ഉൾപ്പെടുത്തി വാട്സാപ്പ് ഗ്രൂപ്പ് രൂപീകരിച്ച് വിവരങ്ങൾ അന്വേഷിക്കാൻ ഫൊറോന കൗൺസിൽ പ്രസിഡന്റ് ശ്രദ്ധിക്കണം.

**കുടുംബകൂട്ടായ്മ ആന്തം - രചനാമത്സരം**

**നിബന്ധനകൾ**

1. തലശ്ശേരി അതിരൂപതയിലെ കുടുംബകൂട്ടായ്മകളുടെ പ്രത്യേകതകൾ അതിൽ ഉണ്ടാവണം.
2. വിശ്വാസം, പ്രാർത്ഥന, ചർച്ച, ഒരുമിച്ചുള്ള ഭക്ഷണം എന്നിങ്ങനെ കൂട്ടായ്മ വളർത്തുന്ന ഘടകങ്ങൾ സൂചിപ്പിക്കണം. കൈകോർക്കാം ഒന്നിച്ചു വളരാം എന്ന ആപ്തവാക്യം ഉൾപ്പെടുത്താൻ ശ്രദ്ധിക്കുമല്ലോ.
3. ആദിമ സഭയിലെ കൂട്ടായ്മയുടെ ചൈതന്യത്തിലാണ് നീങ്ങേണ്ടത് എന്ന് വ്യക്തമാക്കണം.
4. എല്ലാ കത്തോലിക്കാ വിശ്വാസികളുടെയും പങ്കാളിത്തമാണ് കൂട്ടായ്മ യുടെ കരുത്ത് എന്ന് സൂചിപ്പിക്കണം.
5. കൂട്ടായ്മകളിലൂടെ കൈവരിക്കാൻ കഴിയുന്ന നന്മകൾ സൂചിപ്പിക്കണം.
6. അർത്ഥവത്തായ വരികൾ ആവണം.
7. കേൾക്കാൻ ഇമ്പമുള്ള ഈണമായിരിക്കണം.
8. കോറസ്സ് ആവാം. പക്ഷേ അവയൊഴികെയുള്ള വരികളുടെ ആവർത്തനം ഒഴിവാക്കണം.
9. കേൾക്കുമ്പോൾ ആവേശം തോന്നുന്ന വരികളും ഈണവും നൽകാൻ ശ്രദ്ധിക്കണം.
10. ആന്തം രചിച്ച്, ഈണം നൽകി, റെക്കോർഡ് ചെയ്ത് ഓഡിയോ അഥവാ വീഡിയോ 9400206974 ലേക്ക് ജൂലൈ 31 ന് മുൻപായി അയച്ചു നൽകണം. ഓർക്കസ്ട്രേഷൻ നിർബന്ധമില്ല.

ലഭിക്കുന്നവയിൽ നിന്നും ഏറ്റവും മികച്ചത് വിദഗ്ധർ അടങ്ങുന്ന കമ്മറ്റി പരിശോധിച്ച് ഒരെണ്ണം സെലക്ട് ചെയ്യും. അങ്ങനെ തിരഞ്ഞെടുക്കപ്പെടുന്ന ആന്തം അയച്ചു തന്ന വ്യക്തിക്ക് ₹ 5001/- രൂപ സമ്മാനം നൽകുന്നതാണ്. തലശ്ശേരി അതിരൂപതാംഗമായ ഏത് വ്യക്തിക്കും മത്സരത്തിൽ പങ്കെടുക്കാവ ന്നതാണ്. എല്ലാവരും സഹകരിക്കുമല്ലോ.

## II. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

ജൂൺ 12-14 തീയതികളിലായി നടത്തിയ മാര്യേജ് പ്രിപ്പറേഷൻ കോഴ്സിൽ 140 ഓളം പേർ സംബന്ധിച്ചു.

### Time Schedule

- കോഴ്സിന്റെ ഒന്നാം ദിവസം രാവിലെ 9 മണിക്ക് രജിസ്ട്രേഷനോടെ ആരം ഭിച്ച് മൂന്നാംദിവസം വൈകിട്ട് 4.30 ന് എം.പി.സി. സമാപിക്കുന്നു.
- എം.പി.സി. കോഴ്സ് കൂടാനായി ആഗ്രഹിക്കുന്നവർ **www.familytly.com** എന്ന വെബ് സൈറ്റിൽ രജിസ്റ്റർ ചെയ്യാൻ വികാരിയച്ചന്മാർ ഓർമ്മിപ്പിക്കുമല്ലോ.

എം.പി.സിയുടെ ഫീസ് **1600** രൂപയായിരിക്കും. Online Registration ചെയ്യുമ്പോൾ Reg. Fee 600 രൂപ അടയ്ക്കേണ്ടതാണ്. കോഴ്സിനു വരുമ്പോൾ ബാക്കി 1000 രൂപ കൊണ്ടുവരേണ്ടതാണ്.

- കോഴ്സിൽ പങ്കെടുക്കുന്നവർ അപേക്ഷാഫോം ഡൗൺലോഡ് ചെയ്ത് പ്രിന്റ്ഔട്ട് എടുത്ത് വികാരിയച്ചന്റെ ഒപ്പും സീലും വച്ച് കൊണ്ടുവരേണ്ടതാണ്.
- **2024 ജനുവരി മുതൽ അവസാനദിവസം നടക്കുന്ന മാതാപിതാക്കളുടെ ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ്.**
- ഈ വർഷത്തെ എം.പി.സി. കോഴ്സിന്റെ ഷെഡ്യൂൾ താഴെ കൊടു ക്കുന്നു.

| **MPC - 2025** | | | |
|---|---|---|---|
| July | 17-19 | (Thusday - Saturday) | Padannakkad |
| August | 21-23 | (Thusday - Saturday) | Thalassery |
| September | 18-20 | (Thusday - Saturday) | Padannakkad |
| October | 16-18 | (Thusday - Saturday) | Thalassery |
| November | 13-15 | (Thusday - Saturday) | Padannakkad |
| December | 18-20 | (Thusday - Saturday) | Thalassery |

## III. മാതൃവേദി

### (a) അതിരൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ്

മെയ് 30 തിനു തലശ്ശേരി സന്ദേശഭവനിൽ വച്ച് എക്സിക്യുട്ടീവ് മീറ്റിംങ്ങ് നടത്തി. കഴിഞ്ഞ മാസത്തെ പ്രവർത്തനങ്ങൾ വിലയിരുത്തി. അടുത്ത മാസത്തെ പ്രധാന പ്രവർത്തനങ്ങളെക്കുറിച്ചും ജനറൽ ബോഡി നടത്തുന്നതിനെക്കുറിച്ചും ചർച്ച ചെയ്തു. മീറ്റിംഗിൽ അതിരൂപതാ ഭാരവാഹികൾ എല്ലാവരും പങ്കെടുത്തു.

### (b) വിളക്കന്നൂർ ദിവ്യകാരുണ്യ അത്ഭുതം

വിളക്കന്നൂർ ഇടവകയിൽ ഉണ്ടായ ദിവ്യകാരുണ്യ അടയാളത്തിന്റെ ഔദ്യോഗികപ്രഖ്യാപന ചടങ്ങിൽ വിവിധ ഇടവകകളിൽ നിന്നുള്ള അമ്മമാരുടെ സാന്നിദ്ധ്യം മഹനീയമായിരുന്നു.

**(c) മാതൃസംഗമം :** ജൂൺ 8ന് ആലക്കോട് ഇടവകയിൽ മാതൃസംഗമം നടത്തുകയുണ്ടായി. അതിരൂപതാ ഡയറക്ടർ വി. കുർബ്ബാനയർപ്പിച്ച് ക്ലാസ് നല്കി. മുഴുവൻ അമ്മമാരെയും സംഘടനയിൽ ചേർത്ത് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനുള്ള കാര്യങ്ങൾ ചർച്ച ചെയ്തു.

### (d) മേഖലാ സന്ദർശനം

തലശ്ശേരി അതിരൂപത മാതൃവേദി പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി മെയ് 6-ാം തീയതി അതിരൂപതാ ടീം തോമാപുരം, മാലോം എന്നീ മേഖലകളിൽ സന്ദർശനം നടത്തി. അതിരൂപതാ ഡയറക്ടർ, ആനിമേറ്റർ, പ്രസിഡന്റ്, മേഖലയുടെ ഉത്തരവാദിത്വം വഹിക്കുന്ന രൂപതാ ഭാര

വാഹികൾ എന്നിവർ സന്നിഹിതരായിരുന്നു. മേഖല ഡയറക്ടർ, ആനിമേറ്റർ, മേഖല ഭാരവാഹികൾ, യൂണിറ്റു പ്രതിനിധികൾ എന്നിവർ ഈ മേഖല സന്ദർശനത്തിൽ പങ്കെടുത്തു. യൂണിറ്റ് മാതൃവേദി പ്രവർത്തനങ്ങളെ വിലയിരുത്തുകയും അവർക്കുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. തുടർന്ന് മേഖലയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുവാൻ ഉതകുന്ന കാര്യങ്ങൾ ചർച്ച ചെയ്ത് തീരുമാനങ്ങൾ എടുത്തു. എല്ലാ മേഖലകളും നല്ല സഹകരണം കാഴ്ച്ചവെച്ചു.

### (e) സമുദായ ശക്തീകരണ വർഷ ജ്വാല പ്രോഗ്രാം

സമുദായ ശക്തീകരണ വർഷത്തോടനുബന്ധിച്ച് സമുദായ ശക്തീകരണ ജ്വാല കാഞ്ഞങ്ങാട് മേഖലയുടേത് എണ്ണപ്പാറ ഹോളി സ്പിരിറ്റ് ദൈവാലയത്തിൽ വച്ച്, ജൂൺ 7 ന് നടത്തപ്പെട്ടു. ജപമാല, പതാക ഉയർത്തൽ റാലി എന്നിവയ്ക്കുശേഷം പ്രാർത്ഥനാ ഗാനത്തോടെ പ്രോഗ്രാം ആരംഭിച്ചു. പടന്നക്കാട് വികാരി മോൺ. മാത്യു ഇളംതുരുത്തിപടവിൽ ജ്വാല ഉദ്ഘാടനം ചെയ്ത് സന്ദേശം നല്കി. മേഖല ഡയറക്ടർ അനുഗ്രഹപ്രഭാഷണവും ആനിമേറ്റേഴ്സ് ആശംസകളും അർപ്പിച്ചു. "മാർത്തോമ്മാ നസ്രാണി സമുദായത്തിന്റെ ചരിത്രവും ശക്തിയും പ്രസക്തിയും" എന്ന വിഷയത്തെ ആസ്പദമാക്കി അതിരൂപതാ ഡയറക്ടറച്ചൻ ക്ലാസ് എടുത്തു. തുടർന്ന് റമ്പാൻ പാട്ട്, സ്കിറ്റ്, സംഘഗാനം, വില്ലടിച്ചാൻ പാട്ട്, ഡാൻസ് തുടങ്ങിയ പരിപാടികളും അമ്മമാർ മനോഹരമായി സംഘടിപ്പിച്ചു. പരമ്പരാഗത ക്രിസ്തീയ വേഷമായ ചട്ടയും മുണ്ടും ധരിച്ചുവന്ന അമ്മമാരുടെ സാന്നിധ്യം പ്രത്യേകതയായി. തനത് ക്രിസ്തീയ ഭക്ഷണ വിഭവങ്ങളായ വട്ടയപ്പം, അച്ചപ്പം, കുഴലപ്പം, അവലോസുണ്ട എന്നിവ അമ്മമാർ ഉണ്ടാക്കികൊണ്ടുവരികയും എല്ലാവരും പങ്കിട്ട് കഴിക്കുകയും ചെയ്തു. ഉച്ചഭക്ഷണത്തിന് കപ്പ ബിരിയാണിയാണ് ഒരുക്കിയിരുന്നത്. മേഖലാ ഭാരവാഹികളുടേയും, യൂണിറ്റ് ഭാരവാഹികളുടേയും അംഗങ്ങളുടേയും സജീവ സാന്നിദ്ധ്യം പ്രോഗ്രാമിന്റെ വിജയത്തിന് കാരണമായി.

### (f) വിവിധ മത്സരങ്ങൾ

#### 1. സംഘനൃത്ത മത്സരം

അന്താരാഷ്ട്ര നൃത്തദിനത്തോടനുബന്ധിച്ച് സീറോ മലബാർ മാതൃവേദി തലശ്ശേരി അതിരൂപതാതലത്തിൽ അമ്മമാർക്കായി നടത്തിയ സംഘനൃത്തമത്സരത്തിൽ. 100 ഓളം പേർ പങ്കെടുത്തു.

**വിജയികളായവർ**

ഒന്നാം സ്ഥാനം - കരുവഞ്ചാൽ യൂണിറ്റ്
രണ്ടാം സ്ഥാനം - കിളിയന്തറ യൂണിറ്റ്
മൂന്നാം സ്ഥാനം - കണിച്ചാർ യൂണിറ്റ്

**പ്രോത്സാഹന സമ്മാനങ്ങൾ**

- പുളിങ്ങോം യൂണിറ്റ്
- പെരുമ്പടവ് യൂണിറ്റ്

**2. വീഡിയോ നിർമ്മാണ മത്സരം**

സമുദായ ശക്തീകരണ വർഷത്തിൽ അമ്മമാരുടെ സമുദായബോധം വളർത്താനായി ഏപ്രിൽ മാസത്തിൽ അതിരൂപതാ മാതൃവേദി ഒരു വീഡിയോ നിർമ്മാണമത്സരം നടത്തുകയുണ്ടായി. ക്രിസ്തീയ സമുദായം കേരള സമൂഹത്തിന് നല്കിയ സംഭാവനകൾ വ്യക്തമാക്കുന്ന വീഡിയോ യാണ് തയ്യാറാക്കാൻ നിർദ്ദേശിച്ചിരുന്നത്. വളരെ മനോഹരമായ വിധത്തിൽ അമ്മമാർ സമുദായത്തിന്റെ സംഭാവനകൾ കോർത്തിണക്കി വീഡിയോ നിർമ്മിക്കുകയുണ്ടായി.

**വിജയികളായവർ**

ഒന്നാം സ്ഥാനം - ബിന്ദു ഇടമറ്റം - കരുവഞ്ചാൽ യൂണിറ്റ്
രണ്ടാം സ്ഥാനം - നൈസി ചേന്നാട്ടുതാഴെ - ഹൊസങ്കടി യൂണിറ്റ്
മൂന്നാം സ്ഥാനം - എണ്ണപ്പാറ യൂണിറ്റ്

**3. വി. മറിയം ത്രേസ്യായുടെ ഫാൻസി ഡ്രസ്സ് വീഡിയോ മത്സരം**

വി. മറിയം ത്രേസ്യായുടെ തിരുനാളിനോടനുബന്ധിച്ച് നടത്തിയ ഫാൻസി ഡ്രസ്സ് വീഡിയോ മത്സരത്തിൽ 50 ഓളം ടീമുകൾ പങ്കെടുത്തു.

**വിജയികളായവർ**

ഒന്നാം സ്ഥാനം - സുമി അട്ടുകുന്നേൽ - കച്ചേരിക്കടവ് യൂണിറ്റ്
രണ്ടാം സ്ഥാനം - മിനി മാങ്ങാട്ടുമഠത്തിൽ - പറമ്പ യൂണിറ്റ്
മൂന്നാം സ്ഥാനം - നിർമ്മല ചാത്തംകോട്ട് - നിർമ്മലഗിരി

**(g) ജൂലൈ മാസത്തെ മാർഗ്ഗരേഖ**

1 - തിരുഹൃദയ വണക്കമാസം ആരംഭിക്കുന്നു.
അന്താരാഷ്ട്ര മാതൃപിതൃദിനം
1 - ഡോക്ടേഴ്സ് ഡേ - ഉചിതമായ രീതിയിൽ ആദരിക്കുക
3 - ദുക്റാന തിരുനാൾ - മാർതോമ്മാ ശ്ലീഹായെ അനുസ്മരിക്കുക.
5 - ജ്വാല @ ആലക്കോട്
6 - **വി. മരിയ ഗൊരേത്തിയുടെ തിരുനാൾ**
12 - ജ്വാല @ മേരിഗിരി
16 - കർമ്മല മാതാവിന്റെ തിരുനാൾ - ഫോട്ടോ വാട്സാപ്പ് സ്റ്റാറ്റസ് ഇടുക.
24 - **ചെമ്പന്തൊട്ടി മേഖല വിസിറ്റ് 10am, തളിപ്പറമ്പ് മേഖല വിസിറ്റ് 2pm**
25 - വി. യാക്കോബ് ശ്ലീഹായുടെ തിരുനാൾ
26 - യൊവാക്കിം - അന്ന തിരുനാൾ വല്യപ്പച്ചന്മാർക്കും വല്യമ്മച്ചിമാർക്കും പ്രായമായവർക്കും വേണ്ടിയുള്ള ദിനത്തിൽ വൃദ്ധമാതാപിതാക്കളെ സമുചിതമായി ആദരിക്കുക.
28 - വി. അൽഫോൻസാമ്മയുടെ തിരുനാൾ - വിശുദ്ധയുടെ ജീവചരിത്രം വിശുദ്ധീകരിക്കുന്ന 3 മിനിറ്റിൽ കൂടാത്ത വീഡിയോ നിർമ്മാണ മത്സരം 28ന് രാത്രി 12. മണിക്ക് മുമ്പായി 9400206974 എന്ന നമ്പറി ലേക്ക് അയച്ചു തരിക.

29 - വി. മർത്തയുടെ തിരുനാൾ - പ്രാർത്ഥനയോടെ വീട്ടു ജോലികൾ ചെയ്യാൻ ശ്രദ്ധിക്കുക.

30 - അന്താരാഷ്ട്ര സൗഹൃദദിനം - ഗ്രീറ്റിങ്ങ്സ് നേരുക.

**പ്രത്യേക പ്രവർത്തനങ്ങൾ**

- **റമ്പാൻ പാട്ട് മത്സരം :** 5 പേരിൽ കുറയാത്ത ടീം റമ്പാൻ പാട്ടിലെ പ്രസക്തമായ ഒരു ഭാഗം പാടി അതിന്റെ വീഡിയോ ജൂലൈ 20ന് രാത്രി 12.00 മണിക്ക് മുമ്പായി 9400206974 ലേക്ക് അയച്ചു തരിക.
- ആദ്യകാല കുടിയേറ്റക്കാരുമായി നേരിട്ട് സംസാരിച്ചും, മറ്റ് സാധ്യമായ വിധത്തിലും മലബാർ കുടിയേറ്റത്തെക്കുറിച്ച് കൃത്യമായ വിവരങ്ങൾ ശേഖരിച്ച് അതിന്റെ ചരിത്രം പിന്നീടുണ്ടായ വളർച്ചയും കൂടി ഉൾപ്പെടുത്തി 5 മിനിറ്റിൽ കൂടാത്ത മനോഹരമായ വീഡിയോ ആയി ചിത്രീകരിച്ച് ജൂലൈ 30ന് രാത്രി 12.00 മണിക്ക് മുമ്പായി 9400206974 ലേക്ക് അയച്ചു നല്കുക.

**IV. സഖറിയാസ് കൺവെൻഷൻ:** തൃശ്ശൂർ അതിരൂപതയിലെ പുതുക്കാട് ഇടവകയിൽ വച്ച് നടന്ന സഖറിയാസ് കൺവെൻഷനിൽ ഡയറക്ടർ സംബന്ധിക്കുകയും അവർക്ക് ക്ലാസ്സ് നല്കുകയും ചെയ്തു.

**V. സീറോമലബാർ മാട്രിമോണി**

സീറോമലബാർ സഭയിലെ എല്ലാ രൂപതകളുമായി ലിങ്ക് ചെയ്തുകൊണ്ട് പ്രവർത്തിക്കുന്ന മാട്രിമോണിയിൽ രജിസ്റ്റർ ചെയ്യാൻ syromalabarmatrimony.org എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഓഫീസുമായി ബന്ധപ്പെടുക. Phone : 9400206974, 8078122191.

**VI. പ്രശാന്തി കൗൺസിലിംഗ് സെന്റർ**

അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ കുടുംബബന്ധങ്ങളുടെ ശക്തീകരണം ഉദ്ദേശിച്ച് ഒരു കൗൺസിലിംഗ് സെന്റർ പ്രവർത്തിക്കുന്നു. വ്യക്തികൾക്കും കുടുംബങ്ങൾക്കും കൗൺസിലിംഗിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. ഇടവകകളിൽ ഏതെങ്കിലും തരത്തിൽ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന കുടുംബങ്ങൾ ഉണ്ടെങ്കിൽ ഈ സൗകര്യം ഉപയോഗപ്പെടുത്താവുന്നതാണ് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

Phone : 9400206974, 8078122191.

**VII. പ്രോലൈഫ് മാരേജ് ബ്യൂറോ**

മലബാർ മേഖല പ്രോലൈഫ് സമിതി നടത്തുന്ന ബ്യൂറോ പെൺകുട്ടികൾക്ക് സൗജന്യ രജിസ്ട്രേഷൻ, ആൺകുട്ടികൾക്ക് രജി.ഫീ 500 രൂപ നാല് മാസത്തേക്ക്. Web Site: www.prolifemarry.com

**VIII. ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ Mail ID: familytly92@gmail.com**
**Web Site: www.familytly.com**

**റവ. ഫാ. ജോർജ് കോവാട്ട്**
*ഡയറക്ടർ*

# എജ്യൂക്കേഷണൽ അപ്പൊസ്റ്റൊലേറ്റ്

**പ്രവേശനോത്സവം**

2024–25 അധ്യയന വർഷത്തെ കോർപ്പറേറ്റ്തല പ്രവേശനോത്സവം 2025 ജൂൺ 2 രാവിലെ 9.30 ന് മേരിപുരം സെന്റ് മേരീസ് സ്കൂളിൽ വെച്ച് നടന്നു. സ്കൂൾ മാനേജർ ഫാ. ജോർജ് വെള്ളരിങ്ങാട്ട് ആമുഖ പ്രഭാഷണവും അതിരൂപത കോർപ്പറേറ്റ് മാനേജർ ഫാ. സോണി വട ശ്ശേരിൽ അനുഗ്രഹ പ്രഭാഷണവും നടത്തി. കുറ്റിക്കോൽ ഗ്രാമപഞ്ചാ യത്ത് ക്ഷേമകാര്യ സ്ഥിരം സമിതി അധ്യക്ഷ ശ്രീമതി ലിസ്സി തോമസ് ഉദ്ഘാടനം നിർവ്വഹിച്ചു. ഫാ. അനീഷ് ചക്കിട്ടമുറിയിൽ, ഫാ. ബിജു കുഴിവേലിൽ, പഞ്ചായത്തംഗം ജോസ് പാറത്തട്ടേൽ, എൽസമ്മ സി. ജെ. (പ്രധാനാനധ്യാപിക, കരിവേടകം യുപി), ഷേർളി അഗസ്റ്റിൻ (പ്രധാനാനധ്യാപിക, മേരിപുരം എൽ പി) തുടങ്ങിയവർ സംസാരിച്ചു.

**വിന്നേഴ്സ് ഡേ**

തലശ്ശേരി അതിരൂപത കോർപ്പറേറ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിലെ എസ്.എസ്.എൽസി, പ്ലസ് ടു പരീക്ഷക ളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്കും സ്കൂളുകൾക്കു മായി സംഘടിപ്പിച്ച അനുമോദനം ചെമ്പേരി വിമൽജ്യോതി എഞ്ചി നീയറിംഗ് കോളജിൽ നടന്നു. ആറ് വിഭാഗങ്ങളിലായി നടത്തിയ പരി പാടിയിൽ 1300 വിദ്യാർത്ഥികൾക്കും സമ്പൂർണ്ണ വിജയം നേടിയ മുഴു വൻ സ്കൂളുകൾക്കും പുരസ്കാരങ്ങൾ വിതരണം ചെയ്തു. തല ശ്ശേരി അതിരൂപത ആർച്ച്ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി പരിപാടി ഉദ്ഘാടനം ചെയ്തു. അതിരൂപത കോർപ്പറേറ്റ് മാനേജർ ഫാ. സോണി വടശ്ശേരിൽ അധ്യക്ഷത വഹിച്ചു. ആർച്ച്ബിഷപ്പ് എമിരറ്റസ്മാരായ മാർ ജോർജ് വലിയമറ്റം, മാർ ജോർജ് ഞറളക്കാട്ട്, വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി, സജീവ് ജോസഫ് എംഎൽഎ, കണ്ണൂർ ആർഡിഡി ബിയാട്രിസ് മരിയ, തളിപ്പറമ്പ എഇഒ കെ. വാസന്തി, ടീച്ചേഴ്സ് ഗിൽഡ് പ്രസിഡണ്ട് ജിനിൽ മർക്കോസ്, സെക്ര

ട്ടറി റോബിൻസ് ഐസക്, സ്റ്റേറ്റ് എക്സിക്യൂട്ടീവ് അംഗം മാത്യു ജോസഫ്, മുഖ്യാധ്യാപക പ്രതിനിധി സോണി മാത്യു, ട്രഷറർ ജോയ്സ് സക്കറിയാസ്, സ്റ്റേറ്റ് പ്രതിനിധി റിൻസി എബ്രാഹം, എക്സിക്യൂട്ടീവ് അംഗം ജോമി ജോസഫ് എന്നിവർ പങ്കെടുത്തു.

**മെയിന്റനൻസ് ഗ്രാന്റ്**

മുൻ വർഷങ്ങളിലെ തുക ലഭിച്ചില്ലെങ്കിലും ഈ വർഷവും മെയിന്റനൻസ് ഗ്രാന്റിന് അപേക്ഷ നൽകണം. പ്രൊപ്പോസൽ നൽകുന്നതോടനുബന്ധിച്ച് പ്രധാന അധ്യാപകർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ സൂചിപ്പിക്കുന്നു. വിശദമായ കാര്യങ്ങൾ കെ.ഇ.ആർ അധ്യായം XXVIII ൽ വ്യക്തമാക്കിയിട്ടുണ്ട്:

1) ഓഗസ്റ്റ് 10-ാം തീയതിക്ക് മുമ്പായി മെയിനന്റനൻസ് ഗ്രാന്റിനുള്ള പ്രൊപ്പോസൽ തയാറാക്കി കോർപ്പറേറ്റ് ഓഫീസിൽ ലഭിക്കണം.

2) പ്രൊപ്പോസലിൽ ഉൾപ്പെടുത്തേണ്ട രേഖകൾ:
   A. Maintenance Grant Application (Form 28) - 4 എണ്ണം വീതം
   B. Expenture Statement (Form 29) - 4 എണ്ണം വീതം
   C. Property Statement (Form 10) - 2 എണ്ണം വീതം
   D. Audit Certififcate - 4 എണ്ണം വീതം

3) ഫോമുകൾ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി ഓഫീസിൽ നിന്ന് മുൻ വർഷങ്ങളിൽ ഇ-മെയിൽ ചെയ്തു തന്നതാണ്. പഴയ ഇ-മെയിൽ ശ്രദ്ധിക്കുക.

4) കെ.ഇ.ആർ പ്രകാരം 20000 രൂപയിലധികം ഗ്രാന്റ് ലഭിച്ച വിദ്യാലയങ്ങൾ മുൻവർഷത്തെ Expenture Statement ഓഡിറ്റു ചെയ്യണം. ഈ നിർദേശത്തിന് ഭേദഗതി വന്നിട്ടില്ല. ഓഡിറ്റ് ചെയ്യാതെ അപേക്ഷ കൊണ്ടുവരരുത്.

5) മുൻവർഷങ്ങളിലെ മെയിന്റനൻസ് ഗ്രാന്റ് തുക ലഭിച്ചിട്ടില്ലെങ്കിൽ അത് കൃത്യമായി ലഭ്യമാക്കാൻ പ്രധാന അധ്യാപകർ പരിശ്രമിക്കണം. കോർപ്പറേറ്റ് ഓഫീസിൽ നിന്ന് റിമൈൻഡർ ലെറ്ററുകൾ വാങ്ങിച്ച് വിദ്യാഭ്യാസ ഓഫീസിൽ കൊടുക്കണം.

**ഫാ. സ്കറിയ വടശ്ശേരിൽ**
*കോർപ്പറേറ്റ് മാനേജർ*

# വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ്
## ചെമ്പേരി

**PLACEMENT NEWS - JUNE 2025**

കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന ARIES GROUP OF COMPANIES വിമൽ ജ്യോതിയിൽ അവസാനവർഷം പഠിക്കുന്ന Mechanical, Electrical, and Civil വിദ്യാർത്ഥികൾക്കായി ഏപ്രിൽ 1-ാം തീയതി ക്യാമ്പസ് റിക്രൂട്ട്മെന്റ് നടത്തുകയും 3 പേരെ തിരഞ്ഞെടുക്കുകയും ചെയ്തു. തിരഞ്ഞെടുക്കപ്പെവർ training നായി ഓഗസ്റ്റ് മാസത്തിൽ ജോയിന്റ് ചെയ്യണം.

ഇന്റീരിയർ ഡിസൈനിംഗ് രംഗത്ത് പ്രവർത്തിക്കുന്ന പ്രശസ്ത കമ്പനിയായ LIVA KITCHEN & INTERIORS അവസാനവർഷ സിവിൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്കായി ക്യാമ്പസ് റിക്രൂട്ട്മെന്റ് നടത്തി. 8 വിദ്യാർത്ഥികൾക്ക് ജോലി ലഭിച്ചു. തിരഞ്ഞെടുക്കപ്പെട്ടവർ ജൂലൈ ആദ്യവാരത്തിൽ പാലക്കാട് ഉള്ള ഹെഡ് ഓഫീസിൽ ജോലിയിൽ പ്രവേശിക്കണം.

2026 അധ്യയന വർഷത്തിൽ എഞ്ചിനീയറിംഗ് പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികളുടെ ജോലി സാധ്യത വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തിൽ placement platform ആയ SUPERSET -ന്റെ അംഗത്വം മൂന്നാം വർഷ വിദ്യാർത്ഥികൾക്കായി വാങ്ങിച്ചു. പ്രമുഖ കമ്പനികളും, കോളേജുകളും റിക്രൂട്ട്മെന്റിനായി ഉപയോഗിക്കുന്ന platform ആണിത്.

computer science ൽ പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്കായി SURVEY SPAROW F കമ്പനിയും, electrical, electronic F-o- ബ്രാഞ്ചുകളിൽ പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്കായി QUEST INNOVATIVE SOLUTIONS F കമ്പനിയും മെയ്മാസത്തിൽ റിക്രൂട്ട്മെന്റ് നടത്തുകയും പ്രാരംഭപരീക്ഷകൾ പൂർത്തിയാവുകയും ചെയ്തു. മെയ് അവസാനത്തോടെ selection process പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

Structural Engineering & Designing രംഗത്ത് പ്രവർത്തിക്കുന്ന പ്രമുഖ കമ്പനിയായ ORBIT ENGINEERING, പഠനം പൂർത്തിയാക്കിയ സിവിൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്കായി ക്യാമ്പസ് റിക്രൂട്ട്മെന്റ് നടത്തുന്നു.

## MBA PLACEMENT NEWS

- വിമൽ ജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് റിസേർച്ചിലെ ഒന്നാം വർഷ വിദ്യാർഥികൾ ഇൻഡസ്ട്രിയൽ വിസിറ്റിനായി മെയ് 16 മുതൽ 18 വരെ ഗോവ സന്ദർശിച്ചു.
- നെസ്‌ലെ ഇൻഡ്യയുടെ പൊണ്ടായിലെയും ബിചോലിമിലെയും ചോക്ലേറ്റ്, നൂഡിൽ ഫാക്ടറികളിലേക്ക് അദ്ധ്യാപകരോടൊപ്പം അവർ പഠന യാത്ര നടത്തി.
- വൈവിദ്ധ്യമാർന്ന സംസ്കാരങ്ങൾ അടുത്തറിയുന്നതിനൊപ്പം മാനേജ്മെന്റ് ആശയങ്ങൾ പ്രായോഗികമായി നടപ്പിലാക്കുന്നത് കണ്ടറിഞ്ഞ് മനസ്സിലാക്കാൻ ഈ യാത്ര അവരെ സഹായിച്ചു.
- വിമൽജ്യോതി എംബിഎ കോളേജിലെ രണ്ടാം സെമസ്റ്റർ വിദ്യാർത്ഥികൾ അവരുടെ ഇൻഡസ്ട്രി പരിശീലനത്തിന്റെ ഭാഗമായി 30 ദിവസത്തെ ഓർഗനൈസേഷൻ സ്റ്റഡി ആരംഭിച്ചു കേരളത്തിന് അകത്തും പുറത്തും ഉള്ള വിവിധങ്ങളായ കമ്പനികളുടെ എല്ലാ ഡിപ്പാർട്ട്മെന്റുകളെയും പറ്റി വിശദമായ പഠനവും പരിശീലനവും ഈ കാലയളവിൽ വിദ്യാർഥികൾക്ക് ലഭിക്കുന്നതാണ്.
- പഠനത്തിലെ കണ്ടെത്തലുകളും നിർദേശങ്ങളും വിദഗ്ദ പാനലിന് മുൻപിൽ അവർ അവതരിപ്പിക്കുകയും റിപ്പോർട്ടുകൾ സമർപ്പിക്കുകയും ചെയ്യും.

## MBA ADMISSION

കണ്ണൂർ ജില്ലയിലെ ഏക നാക് അക്രെഡിറ്റഡ് മാനേജ്മെന്റ് സ്ഥാപനമായ വിമൽജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് റിസേർച്ചിൽ 2025-27 വർഷത്തേക്കുള്ള എംബിഎ പ്രവേശനത്തിനുള്ള നടപടികൾ ആരംഭിച്ചു. ബിരുദപഠനം പൂർത്തിയാക്കിയവർക്കും അവസാന വർഷ ബിരുദ വിദ്യാർഥികൾക്കും അപേക്ഷിക്കാം. ഡിഗ്രിക്ക് കുറഞ്ഞത് 75 ശതമാനം മാർക്ക് എങ്കിലും വാങ്ങിയ വിദ്യാർത്ഥികൾക്ക് വിവിധങ്ങളായ സ്കോളർഷിപ്പുകളും ലഭ്യമാണ്. 85 ശതമാനം മാർക്ക് വാങ്ങിയ മികച്ച വിദ്യാർത്ഥികൾക്ക് ഗവണ്മെന്റ് ഫീസിൽ വിമൽ ജ്യോതിയിൽ നിന്നും എംബിഎ പഠനം പൂർത്തിയാക്കാവുന്നതാണ്.

കൂടുതൽ വിവരങ്ങൾക്കും അഡ്മിഷനും താഴെ കാണുന്ന നമ്പറുകളിൽ ബന്ധപ്പെടുക. 9497517396 +8111918367

**വിമൽ ജ്യോതി MBA അധ്യാപക ഒഴിവ്**

MBA (finance) ബിരുദവും NET ഉള്ള ഉദ്യോഗാർത്ഥികളിൽ നിന്ന് അപേക്ഷ ക്ഷണിക്കുന്നു. അധ്യാപന പരിചയം, Industry Experience, PhD എന്നിവ ഉള്ളവർക്ക് മുൻഗണന ലഭിക്കും.

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
*മാനേജർ*

# നിർമലഗിരി കോളേജ്
## കൂത്തുപറമ്പ്

**പുതിയ പ്രിൻസിപ്പൽ :** നിർമഗിരി കോളേജിന്റെ (ഓട്ടോണമസ്) പുതിയ പ്രിൻസിപ്പൽ ഇൻചാർജ് ആയി ഹോം സയൻസ് വിഭാഗം അസോസിയേറ്റ് പ്രൊഫസർ ഡോ. സി. സെലിൻ മാത്യു ചാർജ് എടുത്തു.

**ലോക പരിസ്ഥിതി ദിനം :** ലോക പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി NSS യുണിറ്റുകളുടെ ആഭിമുഖ്യത്തിൽ പരിസ്ഥിതി ശുചീകരണ പരിപാടികൾ സംഘടിപ്പിച്ചു.

**ഓറിയന്റേഷൻ പ്രോഗ്രാം :** രണ്ടാം വർഷ ഡിഗ്രി വിദ്യാർത്ഥി കൾക്കായി നാലുവർഷ ബിരുദ പ്രോഗ്രാമിന്റെ ഓറിയന്റേഷൻ ക്ലാസുകൾ രണ്ടു ദിനങ്ങളിലായി സംഘടിപ്പിച്ചു. ആദ്യദിവസത്തെ ക്ലാസുകൾക്ക് കോളേജ് FYUGP പ്രോഗ്രാം കോർഡിനേറ്റർ ഡോ. സാബു സെബാസ്റ്റ്യൻ, FYUGP റിസോഴ്സ് പേഴ്സൺ ശ്രീ. ഇമ്മനുവേൽ ടോം എന്നിവർ നേതൃത്വം നൽകി. രണ്ടാം ദിവസത്തെ ക്ലാസുകൾക്ക് നേതൃത്വം നൽകിയത് നിർമലഗിരി കോളേജ് സെൽഫ് ഫിനാൻസ് കോഴ്സ് ഡയറക്ടർ ഡോ. ഫാ. ലൂക്കോസ് മടശ്ശേരി, ടി.എസ്.എസ്.എസ്. അസോസിയേറ്റ് ഡയറക്ടർ ഫാ. ആൽബിൻ തെങ്ങുംപള്ളി എന്നിവരാണ്.

ആന്റി ഡ്രഗ്സ് അവയർനെസ്സ് കമ്മിറ്റിയുടെയും, കോളേജ് ഐ ക്യു എ സി യുടെയും സംയുക്ത ആഭിമുഖ്യത്തിൽ ലഹരി ഉപയോഗത്തിന്റെ ഭവിഷിത്തുകളെക്കുറിച്ച് വിദ്യാർത്ഥകൾക്ക് അവബോധം നൽകുന്നതി നായി പ്രോഗ്രാം നടത്തി. വിമുക്തി മിഷൻ കണ്ണൂർ എക്സൈസ് പ്രെവെൻറ്റീവ് ഓഫീസർ സമീർ ധർമടം ക്ലാസ്സ് നയിച്ചു.

നിർമലഗിരി കോളേജ് (ഓട്ടോണമസ്) സ്വയംഭരണ പദവി പ്രവർത്തനങ്ങളുടെ ഭാഗമായി എല്ലാ ഡിപ്പാർട്ട്മെന്റുകളും യു.ജി.സി. ഓട്ടോണമസ് കോളേജ് റെഗുലേഷൻ പ്രകാരം സിലബസ് രൂപീകര ണവുമായി ബന്ധപ്പെട്ട് ബോർഡ് ഓഫ് സ്റ്റഡീസ് മീറ്റിംഗ് നടത്തി.

**ലോകഭക്ഷ്യ സുരക്ഷദിനാചരണം**

ഹോം സയൻസ് വിഭാഗവും, കണ്ണൂർ ഡിപ്പാർട്ട്മെന്റ് ഓഫ് ഫുഡ് സേഫ്റ്റിയും ചേർന്ന് ലോകഭക്ഷ്യ സുരക്ഷദിനാചരണത്തിന്റെ ഭാഗമായി വിദ്യാർത്ഥികൾക്കായി വിവിധ മത്സരങ്ങൾ സംഘടിപ്പിച്ചു.

**കരിയർ ഓറിയന്റേഷൻ പ്രോഗ്രാം :** നിർമലഗിരി കോളേജ് (ഓട്ടോണമസ്) ബോട്ടണി വിഭാഗം വിദ്യാർത്ഥികൾക്കായി Career Orientation പ്രോഗ്രാം സംഘടിപ്പിച്ചു. നിർമഗിരി ഐ.എ.എസ്. അക്കാദമി അധ്യാപകനും, മുൻ സുവോളജി വിഭാഗം അധ്യാപകനുമായ ഡോ. ബേബി ജോസഫ്, പൊളിറ്റിക്കൽ സയൻസ് വിഭാഗം അധ്യാപകൻ ദീപക് ജോസഫ് എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി.

**വായനാദിനം:** ജൂൺ 19, വായനാദിനത്തോട് അനുബന്ധിച്ച് കോളേജിൽ NSS യൂണിറ്റുകളും, മലയാളം, ഹിസ്റ്ററി എന്നീ ഡിപ്പാർട്ട്മെന്റുകളും ക്വിസ്, News Hunt 2K25, തുടങ്ങിയ വിവിധ പരിപാടികൾ സംഘടിപ്പിച്ചു.

**അഡ്മിഷൻ ആരംഭിച്ചു :** നിർമലഗിരി കോളേജിൽ (ഓട്ടോണമസ്) ഒന്നാം വർഷ ബിരുദാനന്തര - ബിരുദ പ്രോഗ്രാമുകളിലേക്ക് അഡ്മിഷൻ ആരംഭിച്ചു.

**ഏകദിന സെമിനാർ:** കേരള ഗവണ്മെന്റ് സെന്റർ ഓഫ് എക്സലൻസ് ഇൻ മൈക്രോബിയോം, നിർമലഗിരി കോളേജ് സുവോളജി ഡിപ്പാർട്ട്മെന്റ് എന്നിവയുടെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥകൾക്കായി ഏകദിന സെമിനാർ നടത്തി.

**പി ആർ ഒ**
നിർമലഗിരി കോളേജ്

**TRACE**

THALASSERY ARCHDIOCESE FOR RAISING AWARENESS AND COMMUNITY ENRICHMENT

## ഹെൽപ്പ് ഡെസ്ക്

തോമാപുരം ഫൊറോനയുടെ നേതൃത്വത്തിൽ 'ദിശാ ദർശൻ' കാത്തലിക് ഹെൽപ്പ് സെന്റർ പ്രവർത്തനം ആരംഭിച്ചു. ചിറ്റാരിക്കാൽ ടൗണിൽ സാന്തോം ബിൽഡിങ്ങിൽ ആണ് ഓഫീസ് പ്രവർത്തിക്കുന്നത്. വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകൾ, ഉപരിപഠനത്തിനുള്ള മാർഗ്ഗനിർദ്ദേശം, വിവിധ ഇൻഷുറൻസ് സംവിധാനങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം, ജോബ് പോർട്ടൽ രജിസ്ട്രേഷൻ, മാട്രിമോണി രജിസ്ട്രേഷൻ, ഭിന്നശേഷിക്കാർക്കുള്ള തൊഴിലവസര ബോധ വൽക്കരണം, വിവിധ വായ്പാ പദ്ധതികളെക്കുറിച്ചുള്ള ബോധവൽക്കരണം, EWS ബോധവൽക്കരണം, കൗൺസലിംഗ് & റീഹാബിലിറ്റേഷൻ, ഇടവകതല അനുരഞ്ജന സമിതികളുടെ പ്രവർത്തനം, രക്തദാന സേനയുടെ കോർഡിനേഷൻ, ന്യൂനപക്ഷ സേവനങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം, മെഡിക്കൽ ക്യാമ്പുകൾ, കാർഷിക പദ്ധതികളെ ക്കുറിച്ചുള്ള ബോധവൽക്കരണം, സ്വയം തൊഴിൽ പരിശീലനം, സംരംഭകത്വ വികസനം തുടങ്ങിയ നിരവധി സേവനങ്ങളാണ് ദിശാദർശൻ ഹെൽപ്പ് ഡെസ്ക് വഴി ലഭ്യമാവുക. ഇതിന് നേതൃത്വം നൽകിയ തോമാപുരം ഫൊറോന വികാരി വെരി. റവ. ഫാ. ഡോ. മാണി മേൽവെട്ടം, ഫൊറോന ഹെൽപ്പ് ഡെസ്ക് ഡയറക്ടർ റവ. ഫാ. സ്കറിയ ചക്കനാനിക്കൽ, ഫൊറോന കോർഡിനേറ്റർ ശ്രീ. സിവിക്കുട്ടി വർഗീസ് എന്നിവർക്ക് പ്രത്യേകം നന്ദി അറിയിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് വിളിക്കുക: **7306810184.**

## എജ്യൂസ്പാർക്ക്

പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടുമായി സഹകരിച്ചുകൊണ്ട് 5–ാം ക്ലാസ് മുതൽ 8–ാം ക്ലാസ് വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വേണ്ടി ബ്ലൂമിംഗ് മൈൻഡ്സ് എന്ന പേരിലും 9, 10 ക്ലാസിലേക്കുള്ള കുട്ടികൾക്ക് വേണ്ടി ബ്യൂട്ടിഫുൾ മൈൻഡ്സ് എന്ന പേരിലും സിവിൽ സർവീസ് ഓറിയന്റഡ് പരിശീലന പരിപാടിയിലേയ്ക്ക് ഏതാനും സീറ്റുകൾ ബാക്കിയുണ്ട്. കോഴ്സിനെക്കുറിച്ച് അറിയുവാനും, രജിസ്ട്രേഷനുമായി ബന്ധപ്പെട്ട വിവരങ്ങൾക്കും വിളിക്കുക. **+91 94475 28200.**

**ഫാ. ജോസഫ് റാത്തപ്പിള്ളിൽ**
*ഡയറക്ടർ*

**ഫാ. ആന്റണി മുതുകുന്നേൽ**
*പ്രോട്ടോ സിഞ്ചെല്ലൂസ്*

# ലെയ്റ്റി അപ്പൊസ്റ്റൊലേറ്റ്
## എ. കെ. സി. സി.

**അതിരൂപത എക്സിക്യൂട്ടീവ് മീറ്റിംഗ്**

കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത പ്രസിഡന്റ് ഫിലിപ്പ് വെളിയത്തിന്റെ അധ്യക്ഷതയിൽ അതിരൂപത എക്സിക്യൂട്ടീവ് യോഗം ചെമ്പന്തൊട്ടി ഫൊറോനയിൽ കോട്ടൂർ സെന്റ് തോമസ് പാരിഷ് ഹാളിൽ ചേർന്നു. ചെമ്പന്തൊട്ടി മേഖലാ ലെയിറ്റി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ റവ. ഫാ. ജോബി ചെരുവിൽ യോഗം ഉദ്ഘാടനം ചെയ്തു.

കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ ട്രഷറർ അഡ്വ. ടോണി ജോസഫ് പുഞ്ചക്കുന്നേൽ മുഖ്യഭാഷണവും ജനറൽ സെക്രട്ടറി ജിമ്മി ആയിത്തമറ്റം റിപ്പോർട്ടും ട്രഷറർ സുരേഷ് കാഞ്ഞിരത്തിങ്കൽ വരവ് ചെലവ് കണക്കുകളും അവതരിപ്പിച്ചു. റവ. ഫാ. ജോബി എടത്തിനാൽ അനുഗ്രഹഭാഷണം നടത്തി.

കത്തോലിക്ക കോൺഗ്രസിന്റെ ഇടവക, ഫൊറോനാ തലത്തിലുള്ള പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജസ്വലമാക്കുന്നതിനു എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ ഫൊറോന അടിസ്ഥാനത്തിൽ 5 ഗ്രൂപ്പുകളായി തിരിഞ്ഞ് ചർച്ചകൾ നടത്തി. ഗ്രൂപ്പ് ലീഡർമാരായ ജോർജ് കാനാട്ട്, അഡ്വ. ബിജു ഒറ്റപ്ലാക്കൽ, ജയ്സൺ അട്ടാറിമാക്കൽ, തോമസ് വർഗീസ് വരമ്പുങ്കൽ, ബെന്നി ചേരിക്കതടത്തിൽ എന്നിവർ ചർച്ചയുടെ അടിസ്ഥാനത്തിൽ ഓരോ ഗ്രൂപ്പിലും രൂപപ്പെട്ട ഇതുവരെയുള്ള പ്രവർത്തനങ്ങളെക്കുറിച്ചും സംഘടന ശക്തിപ്പെടുത്തുന്നതിനെക്കുറിച്ചുമുള്ള അഭിപ്രായ നിർദ്ദേശങ്ങൾ അവതരിപ്പിച്ചു.

ഗ്ലോബൽ സെക്രട്ടറി അഡ്വ. ഷീജ കാറുകുളം, ചെമ്പന്തൊട്ടി മേഖലാ പ്രസിഡണ്ട് ജോസഫ് മാത്യു കൈതമറ്റം, അതിരൂപത വൈസ് പ്രസിഡന്റുമാരായ ബെന്നിച്ചൻ മഠത്തിനകം, ഷിനോ പാറക്കൽ, ഐ.സി മേരി, മേഖലാ സെക്രട്ടറി ഷാജിമോൻ കളപ്പുരക്കൽ എന്നിവർ സംസാരിച്ചു.

**പ്രധാനപ്പെട്ട തീരുമാനങ്ങൾ**

1. കത്തോലിക്കാ കോൺഗ്രസിന്റെ 108-ാം സ്ഥാപകദിന ആഘോഷ പരിപാടികളും സമുദായ സംഗമവും 2026 ഏപ്രിൽ 10, 11 തീയതികളിൽ തലശ്ശേരി അതിരൂപതയിൽ വെച്ച് നടത്തപ്പെടുന്നതിന്റെ ഭാഗമായി കത്തോലിക്ക കോൺഗ്രസിനെ എല്ലാ ഇടവകകളിലും ശക്തമാക്കുന്നതിനും ഇല്ലാത്ത ഇടവകകളിൽ യൂണിറ്റ് രൂപീകരിക്കുന്നതിന് വേണ്ട പ്രവർത്തനങ്ങൾ ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെ സഹകരണത്തോടെ ആരംഭിക്കുവാനും തീരുമാനിച്ചു.
2. അതിരൂപതാ എക്സിക്യൂട്ടീവ് മീറ്റിങ്ങിൽ നടത്തിയ ഗ്രൂപ്പ് ചർച്ചകളുടെ അടിസ്ഥാനത്തിൽ ലഭിച്ച മാർഗ്ഗനിർദ്ദേശങ്ങൾ അതിരൂപത ഭാരവാഹികളുടെ കോർ ഗ്രൂപ്പ് മീറ്റിങ്ങിൽ ചർച്ച ചെയ്ത് ക്രോഡീകരിച്ച് അതിരൂപതാധ്യക്ഷന് സമർപ്പിക്കുവാൻ തീരുമാനിച്ചു.
3. അടുത്ത അതിരൂപത എക്സിക്യൂട്ടീവ് മീറ്റിംഗ് 19-07-25ന് കുന്നോത്ത് ഫൊറോനയിൽ വച്ച് നടത്തുവാൻ തീരുമാനിച്ചു.

**പൊതു പ്രവർത്തനങ്ങൾ**

1. ലൈഫ് മിഷൻ പദ്ധതിപ്രകാരം വീടുകൾ നിർമ്മിക്കുന്നതിനുള്ള തുക വർദ്ധിപ്പിക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് ബന്ധപ്പെട്ട സർക്കാർ അധികാരികൾക്ക് കത്തോലിക്ക കോൺഗ്രസ് തലശ്ശേരി അതിരൂപത കമ്മിറ്റി നിവേദനം നൽകി.
2. തളിപ്പറമ്പ് ഇടവകയിൽ കത്തോലിക്കാ കോൺഗ്രസ് തളിപ്പറമ്പ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ കാർഷിക സെമിനാറും പി.എം. കിസാൻ സമ്മാനനിധി സ്കീമിന്റെ രജിസ്ട്രേഷനും നടത്തി.
3. ജൂൺ 5 ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് കത്തോലിക്ക കോൺഗ്രസ് തലശ്ശേരി അതിരൂപത കമ്മറ്റി നടപ്പിലാക്കുന്ന വൃക്ഷത്തൈ നടീലിന്റെ അതിരൂപതതല ഉദ്ഘാടനം മണിക്കടവ് ഫൊറോനയിൽ തലശ്ശേരി അതിരൂപത വികാരി ജനറൽ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി നിർവഹിച്ചു. ഫൊറോനാ വികാരി വെരി റവ. ഫാ. പയസ് പടിഞ്ഞാറേമുറിയിൽ അധ്യക്ഷത വഹിച്ചു. അഡ്വക്കേറ്റ് ബിജു ഒറ്റപ്ലാക്കൽ, ജോർജ് തെക്കേമുറിയിൽ എന്നിവർ സംസാരിച്ചു. കത്തോലിക്ക കോൺഗ്രസിന്റെ നേതൃത്വത്തിൽ എല്ലാ യൂണിറ്റുകളിലും മുൻവർഷങ്ങളിൽ നട്ട തൈകൾ പരിപാലിക്കുകയും പുതിയ തൈകൾ വച്ചു പിടിപ്പിക്കുകയും ചെയ്തു. ചെറുപുഴയിൽ അതിരൂപത പ്രസിഡന്റ് ഫിലിപ്പ് വെളിയത്തും ചെമ്പേരിയിൽ ജനറൽ സെക്രട്ടറി ജിമ്മി ആയിത്തമറ്റവും പയ്യന്നൂരിൽ ഗ്ലോബൽ ട്രഷറർ അഡ്വക്കേറ്റ് ടോണി ജോസഫ് പുഞ്ചക്കുന്നേലും എടൂരിൽ ബെന്നിച്ചൻ

മഠത്തിനകവും കണ്ണൂര് ഐ.സി. മേരിയും ശ്രീകണ്ഠപുരത്ത് സുരേഷ് കാഞ്ഞിരത്തിങ്കലും ആലക്കോട് ടോമി കണയങ്കലും ചെമ്പന്തൊട്ടിയിൽ ഷിനോ പാറക്കലും വൃക്ഷത്തൈ നടീൽ പ്രോഗ്രാമുകൾ ഉദ്ഘാടനം ചെയ്തു.

4. ഇരിട്ടി ഗ്രാമദീപം കൂട്ടായ്മയുടെ സഹകരണത്തോടെ കത്തോലിക്ക കോൺഗ്രസ് ജീവകാരുണ്യ പ്രവർത്തകരുടെ കൂട്ടായ്മയായ ഹാർട്ട്ലിംഗ്സ് എഡ്യൂ ഗ്രാമ 2025 പാഠ്യപദ്ധതിയുടെ ഭാഗമായി കുടിയാന്മല മേരി ക്യൂൻസ് ഹൈസ്കൂളിൽ 20 കുട്ടികൾക്ക് ആവശ്യമുള്ള നോട്ടുബുക്കുകളും ബാഗുകളും സൗജന്യമായി നൽകി.

**സംഘടനാ പ്രവർത്തനങ്ങൾ**

1. വിളക്കന്നൂർ ദിവ്യകാരുണ്യ അടയാളത്തിന്റെ ഔദ്യോഗിക പ്രഖ്യാപനത്തിന്റെയും സ്ഥിരപ്രതിഷ്ഠയുടെയും ഒരുക്കങ്ങൾക്കായി കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിലിന്റെയും അതിരൂപത പ്രസിഡണ്ട് ഫിലിപ്പ് വെളിയത്തിന്റെയും നേതൃത്വത്തിൽ നൂറോളം കത്തോലിക്ക കോൺഗ്രസ് പ്രവർത്തകർ വിളക്കന്നൂരിൽ എത്തി സമ്മേളന ഹാളിന്റെയും ടൗൺ അലങ്കാരത്തിന്റെയും പ്രവർത്തനങ്ങളിൽ പങ്കാളി കളികളായി.

2. കത്തോലിക്ക കോൺഗ്രസ് സെന്റ് മേരീസ് ചർച്ച് പച്ചാണി യൂണിറ്റ് കൺവെൻഷനും സ്വാശ്രയ സംഘങ്ങളുടെ രൂപീകരണവും കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ ഡയറക്ടർ റവ. ഡോ. ഫിലിപ്പ് കവിയിൽ ഉദ്ഘാടനം ചെയ്തു. വികാരി റവ. ഫാ. തോമസ് കണ്ടത്തിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ മേരിഗിരി ഫൊറോന വികാരി വെരി റവ. ഫാ. അബ്രഹാം മഠത്തിമ്യാലിൽ മുഖ്യഭാഷണവും കത്തോലിക്കാ കോൺഗ്രസ് മേരിഗിരി ഫൊറോന ഡയറക്ടർ ഫാ. ജോർജ് തൈക്കുന്നുംപുറം അനുഗ്രഹ ഭാഷണവും നടത്തി. ഫൊറോന പ്രസന്റ തോമസ് ഒഴുകയിൽ, ഫൊറോനാ സെക്രട്ടറി ഷാജൻ മാസ്റ്റർ എന്നിവർ മീറ്റിംഗിൽ സംസാരിച്ചു.

3. വായാട്ടുപറമ്പ് ഫൊറോനയിലെ മാവുഞ്ചാൽ യൂണിറ്റ് കത്തോലിക്ക കോൺഗ്രസ് ജനറൽബോഡി യോഗം ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ ഉദ്ഘാടനം ചെയ്തു.

4. വെള്ളരിക്കുണ്ട്, കാഞ്ഞങ്ങാട് ഫൊറോനകളിൽ കത്തോലിക്കാ കോൺഗ്രസിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കുന്നതിനുവേണ്ടി കത്തോലിക്ക കോൺഗ്രസ് അതിരൂപത പ്രസിഡണ്ടും ജനറൽ സെക്രട്ടറിയും ഫൊറോന വികാരിയച്ചന്മാരെയും ഡയറക്ടർ അച്ചന്മാ

രെയും നിലവിലുള്ള ഭാരവാഹികളെയും കണ്ട് കത്തോലിക്ക കോൺഗ്രസിന്റെ പ്രവർത്തനങ്ങൾ എല്ലാ യൂണിറ്റിലും എത്തിക്കുന്നതിന് വേണ്ട കാര്യങ്ങളെക്കുറിച്ചു സംസാരിച്ചു.

**അഭിനന്ദനങ്ങൾ അനുമോദനങ്ങൾ**

1. അഡ്വക്കേറ്റ് നോട്ടറിയായി നിയമിതനായ കത്തോലിക്ക കോൺഗ്രസ് മണിക്കടവ് ഫൊറോനാ പ്രസിഡണ്ട് അഡ്വ. ബിജു ഒറ്റപ്ലാക്കലിനെ കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത എക്സിക്യൂട്ടീവ് മീറ്റിങ്ങിൽ വച്ച് അതിരൂപത പ്രസിഡണ്ട് ഫിലിപ്പ് വെളിയത്ത് ആദരിച്ചു.
2. കുന്നോത്ത് ഇടവകയിൽ എസ്എസ്എൽസി, പ്ലസ് ടു പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ കത്തോലിക്ക കോൺഗ്രസ് കുന്നോത്ത് യൂണിറ്റ് ആദരിച്ചു. കുന്നോത്ത് പാരിഷ് ഹാളിൽ നടന്ന അനുമോദന യോഗത്തിൽ വെച്ച് കുന്നോത്ത് ഫൊറോന വികാരി വെരി റവ. ഫാ. സെബാസ്റ്റ്യൻ മുക്കിലിക്കാട്ട് പുരസ്കാരങ്ങൾ സമ്മാനിച്ചു. ഗ്ലോബൽ സമിതി അംഗം ബെന്നി പുതിയാമ്പറം യൂണിറ്റ് പ്രസിഡന്റ് എൻ വി ജോസഫ് തുടങ്ങിയവർ സംസാരിച്ചു.

**ഫിലിപ്പ് വെളിയത്ത്**
*പ്രസിഡണ്ട്*

**ഫാ. ഫിലിപ്പ് കവിയിൽ**
*ഡയറക്ടർ*

# സോഷ്യൽ സർവ്വീസ് അപ്പൊസ്തൊലേറ്റ്

**ടി.എസ്.എസ്.എസ്.**

### KSSF വാർഷിക പൊതുയോഗം

കേരള സോഷ്യൽ സർവ്വീസ് ഫോറ (KSSF) ത്തിന്റെ 44-ാമത് വാർഷിക പൊതുയോഗം കോട്ടയം അടിച്ചിറ ആമോസ് സെന്ററിൽ വച്ച് സംഘടിപ്പിച്ചു. KCBC ജസ്റ്റിസ് പീസ് & ഡെവലപ്മെന്റ് കമ്മീഷൻ ചെയർമാൻ ബിഷപ്പ് മാർ ജോസ് പുളിക്കൽ പൊതുയോഗം ഉദ്ഘാടനം ചെയ്തു. TSSS-ന്റെ പ്രതിനിധിയായി പ്രോഗ്രാം ഓഫീസർ ശ്രീ. തോമസ് ജോൺ പ്രസ്തുത പരിപാടിയിൽ പങ്കെടുത്തു.

### ലൈഫ് സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം

70 ലക്ഷം രൂപയുടെ ലൈഫ് സ്കിൽ ഡെവലപ്മെന്റ് പ്രൊജക്ടിൽ രണ്ടാംതല ചർച്ച നടത്തുകയും, പ്രൊജക്ട് എഗ്രിമെന്റിൽ TSSS ഡയറക്ടർ ഫാ. ബിബിൻ വരമ്പകത്ത് ഒപ്പ് വയ്ക്കുകയും ചെയ്തു. ഡൽഹിയിൽ വച്ച് നടന്ന് ചർച്ചയിൽ TSSS ഡയറക്ടർ ഫാ. ബിബിൻ വരമ്പകത്ത്, TSSS പ്രോഗ്രാം ഓഫീസർ ശ്രീ. തോമസ് ജോൺ എന്നിവർ പങ്കെടുത്തു.

### പരിസ്ഥിതിദിനാചരണവും തൈ വിതരണവും

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി ഇൻഫാമുമായി സഹകരിച്ച് പരിസ്ഥിതിദിനാചരണവും കുറ്റിക്കുരുമുളക് തൈവിതരണവും സംഘടിപ്പിച്ചു. ചെമ്പന്തൊട്ടി പാരിഷ് ഓഡിറ്റോറിയത്തിൽവച്ച് സംഘടിപ്പിച്ച പരിപാടിയിൽ തലശ്ശേരി അതിരൂപത വികാരി ജനറാളും TSSS പ്രസിഡണ്ടുമായ മോൺ. ആന്റണി മുതുകുന്നേൽ അദ്ധ്യക്ഷത വഹിക്കുകയും, ശ്രീകണ്ഠാപുരം മുനിസിപ്പൽ ചെയർപേഴ്സൺ ഡോ. കെ.വി. ഫിലോമിന ഉദ്ഘാടനകർമ്മം നിർവ്വഹിക്കുകയും ചെയ്തു. TSSS ഡയറക്ടർ ഫാ. ബിബിൻ വരമ്പകത്ത്, അസോസിയേറ്റ് ഡയറക്ടർ ഫാ. ആൽബിൻ തെങ്ങുംപള്ളിൽ, TSSS അതിരൂപതാ പ്രസിഡണ്ട് ശ്രീ. ജോഷി കുന്നത്ത്, ചെമ്പേരി, ചെമ്പന്തൊട്ടി TSSS മേഖലാ-യൂണിറ്റ് ഭാരവാഹികൾ, മെമ്പർമാർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. 1000 കുറ്റികുരുമുളക് തൈകളുടെ വിതരണവും പ്രസ്തുത ചടങ്ങിൽ സംഘടിപ്പിച്ചു.

**ഓഡിറ്റ് വിലയിരുത്തൽ**

2025 ജൂൺ 6, 7, 13 തീയതികളിലായി തലശ്ശേരിയിൽ വച്ച് 2024-25 വർഷത്തെ യൂണിറ്റുകളുടെ കണക്കുകൾ ഓഡിറ്റ് ചെയ്തവരുടെ വിലയിരുത്തൽ സംഘടിപ്പിക്കുകയും, തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ജനകീയസംഘങ്ങളായ ക്രെഡിറ്റ് യൂണിയൻ, മഹിളാ സേവാ സംഘം, ഗ്രാമിക തുടങ്ങിയവയുടെ 2024-25 വർഷത്തെ ഓഡിറ്റ് പൂർത്തീകരിക്കുകയും ചെയ്തു.

**യൂണിറ്റ് വാർഷിക പൊതുയോഗങ്ങൾ**

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ആലക്കോട്, ചെമ്പേരി, ചെറുപുഴ, തോമാപുരം, എടൂർ, മേരിഗിരി, നെല്ലിക്കാംപൊയിൽ, പൈസക്കരി, പനത്തടി, പേരാവൂർ, വെള്ളരിക്കുണ്ട് മേഖലകളിലെ യൂണിറ്റ്തല വാർഷിക പൊതുയോഗങ്ങൾ 2025 ജൂലൈ മാസം മുതൽ ആരംഭിക്കുന്നു.

**സ്നേഹപൂർവ്വം നന്ദി...**

TSSS-ന്റെ നേതൃത്വത്തിൽ വിപണിയിൽ ലഭ്യമാക്കിയ ഗ്രാമിയ നോട്ടുബുക്കുകളുടെയും, വഴികാട്ടി - സൺഡേ സ്കൂൾ നോട്ടുബുക്കുകളുടെയും വിതരണം വളരെ മികച്ച രീതിയിൽ എല്ലാ ഇടവകകളിലും നടത്തുവാൻ സാധിച്ചു. കഴിഞ്ഞ രണ്ട് മാസങ്ങളിലായി ഒന്നേകാൽ ലക്ഷത്തോളം നോട്ടുബുക്കുകൾ ഇടവകകളിലും സ്കൂളുകളിലും വിതരണം നടത്തുവാൻ സാധിച്ചതിലുള്ള സന്തോഷം ഏറെ സ്നേഹത്തോടെ പങ്കുവയ്ക്കുന്നു. ഇതിനായി എല്ലാ സഹകരണങ്ങളും നൽകിയ പ്രിയബഹുമാനപ്പെട്ട എല്ലാ ഇടവക വികാരിയച്ചന്മാർക്കും അധ്യാപകർക്കും TSSS പ്രവർത്തകർക്കും സ്നേഹപൂർവ്വം നന്ദി...

**CARE & SAFE സാനിറ്ററി നാപ്കിൻ**

മാർക്കറ്റിൽ ഇന്ന് ലഭ്യമാവുന്ന വില കുറഞ്ഞ സാനിറ്ററി നാപ്കിനുകളുടെ ഉപയോഗംമൂലം നിരവധി സ്ത്രീകൾക്ക് കാൻസർ, വന്ധ്യത, PCOD തുടങ്ങിയ രോഗങ്ങൾ കണ്ടുവരുന്നതായി വിവിധ പഠനങ്ങൾ പറയുന്നു. ഇതിന് ഒരു പരിഹാരം കണ്ടെത്തുന്നതിനായി ആലപ്പുഴ A&B ഇന്റർനാഷണൽ കമ്പനിയുമായി സഹകരിച്ച് തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ 100% ഓർഗാനിക്കും, 100% കെമിക്കൽ ഫ്രീയുമായ CARE & SAFE സാനിറ്ററി നാപ്കിൻ ആവശ്യക്കാർക്ക് ലഭ്യമാക്കുന്നു. കൂടാതെ ടീ പോളിഫിനോൽസ് ചിപ്പ്, ഗ്രാഫെൻ ചിപ്പ്, ആനിയോൺ ചിപ്പ്, മാഗ്നെറ്റിക് ചിപ്പ്, നാനോ സിൽവർ ടെക്നോളജി, ഫാർ ഇൻഫ്രാറെഡ് റെയ്സ്, 100% സോഫ്റ്റ് & ബ്രീത്തബിൽ ഹോട്ട് എയർ കോട്ടൺ & ബാക്ക് ഷീറ്റ്, 250 മില്ലി അബ്സൊർപ്ഷൻ, അലോവേര ഹർബൽ കൂളിംഗ് എഫക്റ്റ്, 9 ലെയേഴ്സ് തുടങ്ങിയ പത്തോളം ടെക്നോളജികളും ഇതിൽ ഉപയോഗി

ച്ചിരിക്കുന്നു. 40 നാപ്കിനുകളടങ്ങിയ ഒരു പാക്കറ്റിന് 650/- രൂപയ്ക്കാണ് ലഭിക്കുക. കൂടുതൽ നാപ്കിനുകൾ ലഭിക്കുവാനും കൂടുതൽ വിവരങ്ങൾക്കും 9496684784 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

CARE & SAFE സാനിറ്ററി നാപ്കിൻ ഇടവകകളിലെ വീടുകളിലും ആവശ്യക്കാർക്കും എത്തിക്കുന്നതിന് സെയിൽസ് വിഭാഗത്തിൽ ജോലി ചെയ്യുവാൻ സാധിക്കുന്നവർക്ക് ഒരു പാക്കറ്റ് വിൽപ്പന നടത്തുമ്പോൾ 100/- രൂപ എന്ന വിധത്തിൽ ലഭിക്കുന്നതാണ്. താത്പര്യമുള്ളവർക്ക് 9496684784 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

**മാതാ ഹോം കെയർ ഉത്പന്നങ്ങൾ**

സ്വാഭിമാൻ ക്ലീനിംഗ് ഉത്പന്നങ്ങളുടെ കിറ്റുകളോടൊപ്പം വാഷിംഗ് മെഷീൻ ലിക്വിഡ് ഡിറ്റർജന്റ്, ഫാബ്രിക് സ്റ്റാർച്ച്, ഫിനോയിൽ, ഫാബ്രിക് കണ്ടീഷണർ, ലിക്വിഡ് ഡിഷ്‌വാഷ്, ടോയ്‌ലെറ്റ് ക്ലീനർ, ഫ്ളോർ വാഷ്, ഹാന്റ് വാഷ്, ഹെയർ ഷാംപൂ, കാർ ഷാംപൂ, ബാത്ത് സോപ്പ്, ഡിഷ് വാഷ് ബാർസോപ്പ് തുടങ്ങിയ ഉത്പന്നങ്ങളും മികച്ച ഗുണമേന്മയോടുകൂടി ആകർഷകമായ നിരക്കിൽ ലഭ്യമാക്കി വരുന്നു. ഏരിയൽ/ഹൈടെക്ക് സോപ്പുപൊടികൾ, ഡിഷ്‌വാഷ്, ഹാർപ്പിക്, ഫിനോയിൽ, ഷാംപൂ തുടങ്ങിയവയുടെ കിറ്റുകളും TSSS മേഖലാ-യൂണിറ്റ് ഓഫീസുകൾ വഴി ലഭിക്കുന്നതായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് : +91 9496684784

**SHG & JLG ലോണുകളുടെ വിതരണം**

TSSS-ന്റെ നേതൃത്വത്തിൽ കാസർഗോഡ് ജില്ലയിൽ 18 SHG-കളിലായി 239 പേർക്ക് രണ്ട് കോടി 39 ലക്ഷം രൂപ ലോൺ നൽകി. JLG ഗ്രൂപ്പുകൾക്കായുള്ള ലോൺ വിതരണം 2025 ജൂലായ് മാസത്തിൽ സംഘടിപ്പിക്കുന്നു. ധനലക്ഷ്മി ബാങ്കുമായി സഹകരിച്ചുകൊണ്ട് SHG ലോണുകളും, കനറാ ബാങ്കുമായി സഹകരിച്ചുകൊണ്ട് JLG ലോണുകളും പ്രത്യേകമായി ആരംഭിക്കുന്ന SHG & JLG ഗ്രൂപ്പുകൾക്ക് ലഭ്യമാക്കുന്നു. ലോൺ ആവശ്യമുള്ളവർ അതാത് മേഖലകളിലെ TSSS പ്രോഗ്രാം ഓഫീസർമാരുമായി ബന്ധപ്പെടേണ്ടതാണ്.

**പ്രതിമാസ പ്രവർത്തനങ്ങൾ**

2025 ജൂലൈ മാസത്തിൽ നടത്തേണ്ട പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1) **ജൂലൈ 01 നാഷണൽ ഡോക്ടേഴ്സ് ഡേ (National Doctor's Day) പ്രവർത്തനങ്ങൾ:**

* **മെഡിക്കൽ ക്യാമ്പ്**

യൂണിറ്റുകൾ മേഖലകളുമായി സഹകരിച്ച് ആയുർവേദം, അലോപ്പതി,

ഹോമിയോ തുടങ്ങിയവയിൽ ഏതെങ്കിലുമൊരു മഴക്കാലരോഗ പ്രതി രോധ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുവാൻ പരിശ്രമിക്കുക.

* **ആദരവും പഠന സഹായവും**
  സമീപപ്രദേശത്തെ ഡോക്ടർമാരെയും, സാധാരണ കുടുംബങ്ങളിൽ നിന്നും ഡോക്ടർ ആകുവാൻ പഠിക്കുന്ന വിദ്യാർത്ഥികളെയും ആദരിക്കുക.

2) **ജൂലൈ 27 : മാതാപിതാക്കളുടെ ദിനം (National Parents' Day)**
   **പ്രവർത്തനങ്ങൾ:**
   * യൂണിറ്റ് പരിധിക്കുള്ളിലെ പ്രായമായ മാതാപിതാക്കളെ കണ്ടെത്തി സന്തോഷം പങ്കിടുകയും ആദരിക്കുകയും ചെയ്യുക.
   * നമ്മുടെ മാതാപിതാക്കളോടൊപ്പം സമയം ചിലവഴിക്കുകയും, അവരെ ഉൾപ്പെടുത്തി ഒരു ഔട്ടിംഗ് നടത്തുകയും ചെയ്യുക. *(തീർത്ഥാടന കേന്ദ്രങ്ങൾ/സിനിമ/പാർക്ക്/മറ്റു വിനോദസഞ്ചാരകേന്ദ്രങ്ങൾ തുടങ്ങി യവ തെരഞ്ഞെടുക്കാം...)* ഈ സന്തോഷ നിമിഷങ്ങൾ യൂണിറ്റ് ഗ്രൂപ്പിൽ ഷെയർ ചെയ്യുക.

**കാൻസർ പരിശോധനാക്യാമ്പ്**

കാൻസർ രോഗത്തെ നേരത്തേ കണ്ടെത്തി നിയന്ത്രണ വിധേയമാക്കാനും, നമ്മുടെ കുടുംബത്തേയും നാടിനേയും കാൻസർ വിമുക്തമാക്കി മാറ്റാനും തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ മലബാർ കാൻസർ സെന്ററിന്റെ സഹകരണത്തോടെ കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി നടത്തി വരുന്ന സൗജന്യ കാൻസർ പരിശോധനാക്യാമ്പ് 2025 ജൂൺ മാസം 02-ാം തീയതി തിങ്കളാഴ്ച നെല്ലിക്കാംപൊയിൽ മേഖലാ ഓഫീസിൽവച്ച് നടത്തി. അടുത്ത മാസത്തെ ക്യാമ്പ് **2025 ജൂലൈ 07 തിങ്കളാഴ്ച രാവിലെ 10 മണി മുതൽ 12 മണിവരെ ചിറ്റാരിക്കാൽ (തോമാപുരം) മേഖലാ ഓഫീസിൽ** വച്ച് നടത്തപ്പെടുന്നു. അടുത്ത ക്യാമ്പിൽ പങ്കെടുക്കുന്നതിനായി ചിറ്റാരിക്കാൽ മേഖലയിലെ TSSS സ്റ്റാഫ് അംഗങ്ങളെ ബന്ധപ്പെടാവുന്നതാണ്.

**മാനസികാരോഗ്യ മെഡിക്കൽക്യാമ്പ്**

മാനസികമായ വെല്ലുവിളികൾ നേരിടുന്നവർക്കായി ചെമ്പേരിയിൽ സംഘടിപ്പിക്കുന്ന മെഡിക്കൽ ക്യാമ്പ് തുടർച്ചയായ 20 വർഷങ്ങൾ പൂർത്തീകരിച്ചിരിക്കുന്നു. കൂത്തുപറമ്പ് സിംഹാൻസ് ഹോസ്പിറ്റലിലെ സീനിയർ സൈക്യാട്രിസ്റ്റ് ഡോ. വിനീത SH മെഡിക്കൽ ക്യാമ്പിൽ രോഗികളെ പരിശോധിക്കുകയും, TSSS-ന്റെ നേതൃത്വത്തിൽ സൗജന്യമായി മരുന്ന് വിതരണം നടത്തി വരികയും ചെയ്യുന്നു. ഇതോടൊപ്പം TSSS-ന്റെ

സോഷ്യൽവർക്കർമാരുടെ നേതൃത്വത്തിൽ കൗൺസിംഗ് സൗകര്യവും ചെയ്തു നൽകുന്നു. എല്ലാ മാസങ്ങളിലെയും അവസാന ഞായറാഴ്ച ഉച്ചയ്ക്ക് 2.30 മുതൽ വൈകു. 4 മണി വരെ ചെമ്പേരി വിമല ഹോസ്പിറ്റലിൽ മെഡിക്കൽക്യാമ്പ് പ്രവർത്തിച്ചുവരുന്നു. നാളിതുവരെ ഈ ഉദ്യമത്തിൽ പ്രതിഫലമന്യേ ചികിത്സിച്ച ഡോ. വിനീത SH-നും, സഹകരിച്ച എല്ലാ ഉപകാരികൾക്കും, ഏകോപനം നടത്തിവരുന്ന പൗളിൻ കാവനാടിക്കും നന്ദി അർപ്പിക്കുന്നു.

## RADIO 4U 89.6 FM - കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷൻ

കാസർഗോഡ് ജില്ലയിലെ ആദ്യത്തെ റേഡിയോ ശബ്ദമായ റേഡിയോ ഫോർ യു 89.6 എഫ്.എമ്മിന്റെ പ്രവർത്തനങ്ങൾ വിജയകരമായ മൂന്നാം വർഷത്തിലേക്ക് പ്രവേശിക്കുകയാണ്. സാമൂഹിക സാംസ്കാരിക പൈതൃകപരമായ വിവരങ്ങളും ആശയങ്ങളും കോർത്തിണക്കി വ്യത്യസ്തങ്ങളായ പരിപാടികൾ ആഴ്ചയിൽ ഏഴ് ദിവസവും 24 മണിക്കൂറും റേഡിയോയിൽ പ്രക്ഷേപണം ചെയ്തുവരുന്നു. കൂടാതെ വിവിധ തരത്തിലുള്ള സൗണ്ട് റെക്കോർഡിങ്ങിനും, സ്റ്റുഡിയോ സംവിധാനം ഉപയോഗിച്ച് നിങ്ങളുടെ കഴിവുകൾ (കഥ, കവിത, മിമിക്രി, മോണോ ആക്ട്, സിനിമാഗാനങ്ങൾ തുടങ്ങിയവ), മറ്റു പ്രോഗ്രാമുകൾ എന്നിവ റെക്കോർഡ് ചെയ്യുന്നതിനും പരസ്യങ്ങൾ നൽകുന്നതിനുമായി +917067625028, 9400608896 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

### പ്രത്യേക പരിപാടികൾ

മഴക്കാലം തുടങ്ങുന്നതിനു മുന്നോടിയായി നിരവധി ബോധവത്ക്കരണ പരിപാടികൾ സംസ്ഥാന സർക്കാരുമായി സംയുക്തമായി സംഘടിപ്പിച്ചു. അതോടൊപ്പം യോഗ ദിനാചരണത്തോടനുബന്ധിച്ച് നിത്യജീവിതത്തിൽ യോഗയുടെ പ്രാധാന്യത്തെക്കുറിച്ച് പ്രത്യേക പരിപാടി പ്രക്ഷേപണം ചെയ്തു.

### നിങ്ങൾക്കും പരസ്യം നൽകാം

RADIO 4U 89.6 FM വഴി പരസ്യം നൽകി നിങ്ങളുടെ സ്ഥാപനങ്ങളുടെയോ പരിപാടികളുടെയോ സേവനം കൂടുതൽ മെച്ചപ്പെടുത്തുവാൻ ആഗ്രഹിക്കുന്നവർക്ക് +917067625028 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

## TSSS യൂണിറ്റുകളിലെ പ്രവർത്തനങ്ങൾ

### ലോക പരിസ്ഥിതിദിനാചരണം

ആനപ്പന്തി, കുന്നോത്ത്, രണ്ടാംകടവ്, അരവഞ്ചാൽ, തിരുമേനി, കുന്നുംകൈ, കണ്ണിവയൽ, മണ്ഡപം വായാട്ടുപറമ്പ, കരുവഞ്ചാൽ, ആലക്കോട്,

മണക്കടവ്, പെരുമ്പടവ്, വിളക്കന്നൂർ, മുണ്ടാനൂർ, മണിക്കടവ്, മാട്ടറ, രയറോം, പുഞ്ച, കനകപ്പള്ളി, മാലോം, ഭീമനടി, വെള്ളരിക്കുണ്ട്, പരപ്പ, പുന്നക്കുന്ന്, പടുപ്പ്, പാണത്തൂർ, എണ്ണപ്പാറ, മാനടുക്കം, പുല്ലടി, കൊന്നക്കാട്, പനത്തടി, കാഞ്ഞിരടുക്കം, അറബി, പൂളക്കുറ്റി, നടുവിൽ, അരീക്കമല, ചെമ്പേരി CU & MSS, ചേപ്പറമ്പ, ചെമ്പന്തൊട്ടി, വെമ്പുവ, വെണ്ണക്കല്ല്, പൈസക്കരി, ചുണ്ടപറമ്പ, ഏറ്റുപാറ, നെല്ലിക്കുറ്റി, ലിസിഗിരി, മണ്ടളം, നെടുംപുറംചാൽ, കൊളക്കാട്, പൈസക്കരി, കുടിയാന്മല, കാഞ്ഞിരക്കൊല്ലി, ചന്ദനക്കാംപാറ, വിളമന, നെല്ലിക്കാംപൊയിൽ, കൊളക്കാട് എന്നീ യൂണിറ്റുകളും വെള്ളരിക്കുണ്ട്, പനത്തടി ആർസിസികളും വൃക്ഷത്തൈകൾ നടൽ, വിതരണം, പരിസ്ഥിതിദിന ക്വിസ് മത്സരങ്ങൾ തുടങ്ങിയ വിവിധ പരിപാടികൾ നടത്തി ലോകപരിസ്ഥിതി ദിനാചരണത്തിൽ പങ്കാളികളായി.

**വിദ്യാഭ്യാസ സഹായം**

കോഴിച്ചാൽ, തോമാപുരം, പുളിങ്ങോം, വിളക്കന്നൂർ, കരുണാപുരം, മുണ്ടാനൂർ, മണിക്കടവ്, മാട്ടറ, രയറോം, പുഞ്ച, കനകപ്പള്ളി, ബദിയടുക്ക, പരപ്പ, പാണത്തൂർ, അറബി, പൂളക്കുറ്റി, കൊളക്കാട്, പൈസക്കരി, ലിസ്സിഗിരി, കുടിയാന്മല, വിളമന, നെല്ലിക്കാംപൊയിൽ എന്നീ യൂണിറ്റുകൾ ഉന്നത വിജയികളെ അനുമോദിക്കൽ, സ്കോളർഷിപ്പ്, സൗജന്യ ബുക്ക് മറ്റു പഠനോപകരണങ്ങളുടെ വിതരണം തുടങ്ങി വിവിധ വിദ്യാഭ്യാസ സഹായ പ്രവർത്തനങ്ങൾ നടത്തി.

**രോഗീസന്ദർശനവും ചികിത്സാസഹായങ്ങളും**

വെള്ളരിക്കുണ്ട് ആർ.സി.സി.യുടെയും എടൂർ, കണ്ണിവയൽ, രയറോം, പുഞ്ച, കനകപ്പള്ളി, പടുപ്പ്, പാണത്തൂർ, അറബി എന്നീ യൂണിറ്റുകളുടെയും നേതൃത്വത്തിൽ വിവിധയിടങ്ങളിലായി രോഗികളെ സന്ദർശിക്കുകയും ആവശ്യസാധനങ്ങൾ, സാമ്പത്തിക സഹായങ്ങൾ എന്നിവ കൈമാറുകയും ചെയ്തു.

**അഗതിമന്ദിര സന്ദർശനം**

പുല്ലടി, കൊളക്കാട് എന്നീ യൂണിറ്റുകളുടെ നേതൃത്വത്തിൽ വിവിധ അഗതി മന്ദിരങ്ങളിൽ ഭക്ഷണം വിതരണം ചെയ്യുകയും ആവശ്യസാധനങ്ങൾ ലഭ്യമാക്കുകയും, സാമ്പത്തിക സഹായങ്ങൾ നൽകുകയും ചെയ്തു.

**മറ്റു പ്രവർത്തനങ്ങൾ**

- ലോകപുകയിലവിരുദ്ധദിനത്തോടനുബന്ധിച്ച് കുന്നുംകൈ, മണ്ഡപം, ചെമ്പന്തൊട്ടി, കൊളക്കാട്, പൈസക്കരി, കാഞ്ഞിരക്കൊല്ലി, ചന്ദനക്കാംപാറ എന്നീ യൂണിറ്റുകൾ ലഹരിവിരുദ്ധ ക്ലാസ് സംഘടിപ്പിക്കുകയും ലഹരി വിരുദ്ധ സമൂഹത്തിനായി പ്രതിജ്ഞയെടുക്കുകയും ചെയ്തു.

- ചെട്ടിയാപറമ്പ യൂണിറ്റിന്റെ നേതൃത്വത്തിൽ രോഗനിർണയക്യാമ്പ് സംഘടിപ്പിക്കുകയും മരുന്നുകൾ വിതരണം ചെയ്യുകയും ചെയ്തു.
- നാട്ടക്കൽ, മുണ്ടാനൂർ, ചെമ്പന്തൊട്ടി, വെമ്പുവ, കൊളക്കാട് എന്നീ യൂണിറ്റുകൾ വിവിധ വിഷയങ്ങളിൽ ബോധവത്കരണക്ലാസുകൾ നടത്തി.
- തോമാപുരം, വായാട്ടുപറമ്പ, മാട്ടറ, മണ്ടളം എന്നീ യൂണിറ്റുകളുടെ നേതൃത്വത്തിൽ നിർധന കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനായി സാമ്പത്തിക സഹായങ്ങൾ നൽകി.
- അന്താരാഷ്ട്ര നേഴ്സസ് ഡേയോടനുബന്ധിച്ച് കനകപ്പള്ളി, ബദിയടുക്ക, നാട്ടക്കൽ, ചെമ്പേരി, ചെമ്പന്തൊട്ടി, നെല്ലിക്കുറ്റി, ലിസിഗിരി, കൊളക്കാട്, മണ്ടളം എന്നീ യൂണിറ്റുകൾ വിവിധ പ്രവർത്തനങ്ങൾ നടത്തി നേഴ്സസ് ദിനമാചരിച്ചു.
- ലിസിഗിരി, ചെമ്പന്തൊട്ടി എന്നീ യൂണിറ്റുകൾ ഭൗമദിനാചരണത്തോട നുബന്ധിച്ചു, ചെമ്പന്തൊട്ടി, നെല്ലിക്കുറ്റി എന്നീ യൂണിറ്റുകൾ തൊഴിലാളി ദിനത്തോടനുബന്ധിച്ചും, മുണ്ടാനൂർ, മണിക്കടവ്, മാട്ടറ, വെള്ളരിക്കുണ്ട്, നടുവിൽ, അരീക്കമല, ചെമ്പന്തൊട്ടി, പൈസക്കരി, കാഞ്ഞിരക്കൊല്ലി, നെല്ലിക്കാംപൊയിൽ എന്നീ യൂണിറ്റുകളുടെ നേതൃത്വത്തിൽ രക്തദാതാക്കളുടെ ദിനത്തോടനുബന്ധിച്ചും സംഘടിപ്പിച്ച വിവിധ പ്രവർത്തനങ്ങളിൽ പങ്കാളികളായി.
- ഭീമനടി യൂണിറ്റിന്റെ നേതൃത്വത്തിൽ വിവാഹധനസഹായം നൽകി.
- എടൂർ യൂണിറ്റിന്റെ നേതൃത്വത്തിൽ ഫയർ & സേഫ്റ്റി റെസ്ക്യൂ പരിശീലനക്യാമ്പ് സംഘടിപ്പിച്ചു.
- കോഴിച്ചാൽ യൂണിറ്റിന്റെ നേതൃത്വത്തിൽ നിർധനരോഗികൾക്കായി സഹായനിധി രൂപീകരിക്കുകയും ആദ്യനിക്ഷേപം സ്വീകരിക്കുകയും ചെയ്തു.
- ആലക്കോട് യൂണിറ്റിന്റെ നേതൃത്വത്തിൽ ക്ഷീരകർഷകദിനത്തിൽ ആലക്കോട് ഗ്രാമിക അംഗങ്ങളായ ക്ഷീരകർഷകരെ ആദരിച്ചു.
- പുന്നക്കുന്ന്, നടുവിൽ, നെല്ലിക്കുറ്റി, വായാട്ടുപറമ്പ യൂണിറ്റ് ഫാദേഴ്സ് ഡേയോടനുബന്ധിച്ച് വിവിധ പ്രവർത്തനങ്ങൾ നടത്തുകയും, പുരുഷ ഭരണസമിതി അംഗങ്ങളെ ആദരിക്കുകയും ചെയ്തു.
- പുഞ്ച യൂണിറ്റിന്റെ നേതൃത്വത്തിൽ മഞ്ഞൾവിത്ത് പാകുകയും, പ്രദേശത്തെ കാന വൃത്തിയാക്കുകയും ചെയ്തു.
- പടുപ്പ് യൂണിറ്റ് പുതിയ മെമ്പർഷിപ്പ് നൽകുകയും, ബയോ മൗണ്ടൻ ഉൽപ്പന്നങ്ങൾ ഓർഡർ അനുസരിച്ച് ഭവനങ്ങളിൽ എത്തിച്ചു നൽകു

കയും ചെയ്തു. യൂണിറ്റ് പ്രവർത്തനങ്ങളിൽ പങ്കാളികളാവാത്ത മെമ്പർമാരെ നേരിട്ട് വിളിക്കുകയും, അവരെക്കൊണ്ട് നിക്ഷേപങ്ങൾ നടത്തിക്കുവാനും സാധിച്ചു. തിരിച്ചടവുകൾ മുടങ്ങിയവരെ ബന്ധപ്പെടുകയും അവരുടെ ലോണുകൾ തിരിച്ചടയ്ക്കുവാനുള്ള നടപടികൾ കൈകൊള്ളുകയും ചെയ്തു.

- ഉളിക്കൽ യൂണിറ്റിൽ നിന്നും സ്ഥലമാറ്റം ലഭിച്ച ആനിമേറ്റർ സിസ്റ്ററിനും മുൻഭരണസമിതി അംഗങ്ങൾക്കും യാത്രയയപ്പ് നൽകി.
- പൂളക്കുറ്റി യൂണിറ്റിന്റെ നേതൃത്വത്തിൽ വനിതകൾക്കുവേണ്ടി സൗജന്യ യോഗ ക്ലാസ് സംഘടിപ്പിച്ചു.
- ചെമ്പേരി, ചെമ്പന്തൊട്ടി, വെണ്ണക്കല്ല് എന്നീ യൂണിറ്റുകളുടെ നേതൃത്വത്തിൽ കുടിയേറ്റ കർഷകരെ ആദരിക്കുകയും സഹായങ്ങൾ നൽകുകയും ചെയ്തു.
- ചെമ്പേരി മേഖലയിലെ SHG, ഗ്രാമിക, യൂണിറ്റ് ഭാരവാഹികൾക്കായി അക്കൗണ്ടിംങ് ക്ലാസ് സംഘടിപ്പിച്ചു.
- നെടുംപുറംചാൽ യൂണിറ്റും വലിയവെളിച്ചം മരിയൻ അപ്പാരൽസും സംയുക്തമായി മുന്നൂറ് പേർക്ക് തൊഴിലവസരങ്ങളൊരുക്കി. ഈ പ്രവർത്തനം യൂണിറ്റ് മെമ്പർമാർക്ക് തൊഴിൽ ലഭിക്കുന്നതിന് സഹായകരമായി.

**ഫാ. ജോർജ് തെങ്ങുംപള്ളിൽ**
അസ്സോസിയേറ്റ് ഡയറക്ടർ, TSSS

**ഫാ. സ്കറിയ വരമ്പകത്ത്**
ഡയറക്ടർ, TSSS

**ഫാ. തോമസ് കളത്തിൽ**
സ്റ്റേഷൻ ഡയറക്ടർ, റേഡിയോ ഫോർ യു

# ബയോമൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി

**സന്തോഷത്തോടെ**

നമ്മുടെ വീട് പദ്ധതിയുടെ ഭാഗമായി ബയോ മൗണ്ടൻ കമ്പനിയുടെ നേതൃത്വത്തിൽ 5 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കി. തലശ്ശേരി അതിരൂപത മെത്രാപ്പോലിത്ത അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവ് ഭവനങ്ങളുടെ വെഞ്ചരിപ്പുകർമ്മവും താക്കോൽ ദാനവും നിർവഹിച്ച ചടങ്ങിൽ AKCC ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ, ചിറ്റാരിക്കാൽ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ജോസഫ് മുത്തോലിൽ എന്നിവർ പ്രസംഗിച്ചു.

ഈ സത്കർമ്മതിനായി നമ്മളെ സാമ്പത്തികമായിയും മറ്റെല്ലാ രീതികളിലും സഹായിച്ച എല്ലാവർക്കും ഏറ്റവും പ്രത്യേകമായി അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിനും, വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ പലകുഴിയിൽ, ഫാ. സണ്ണി പുതുശ്ശേരി, ഫാ. സാബു പുതുശ്ശേരി എന്നിവർക്കും എല്ലാ വൈദിക സഹോദരങ്ങൾക്കും, തോമാപുരം ഫൊറോന വികാരി ബഹു. ഫാ. മാണി മേൽവട്ടം, തോമാപുരം ഇടവക അംഗങ്ങൾ, TSSS ചിറ്റാരിക്കാൽ ഗ്രാമിക നേതാക്കൾ, RCC ഭാരവാഹികൾ, ബിനോയ് മാട്ടേൽ, പടിഞ്ഞാത്ത് ജ്വല്ലേഴ്സ്, ജോയിച്ചൻ മച്ചിയാനി, വോയ്സ് ഓഫ് ചിറ്റാരിക്കാൽ വാട്ട്സ് ആപ്പ് ഗ്രൂപ്പ് എന്നിവരക്കും ബയോ മൗണ്ടൻ കമ്പനിയുടെ നന്ദി അറിയിക്കുകയും ചെയ്യുന്നു.

വീടുകൾ ലഭിച്ച കുടുംബങ്ങൾ: ബിനോയ് പുത്തിയാംപറമ്പിൽ, അജിത കൃഷ്ണൻ, ലിസ്സി സെബാസ്റ്റ്യൻ, സജു വെല്ലറക്കൽ, ജോർജ് വെള്ളരിങ്ങാട്ട്.

**അഭിമാനത്തോടെ - മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ പരിശീലനനേതൃത്വം**

മേഘാലയയിൽ ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ നേതൃത്വത്തിൽ ചക്കയുടെ മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ നിർമ്മാണ പരിശീലനത്തിന് നേതൃത്വം നൽക്കുന്നതിനായി തലശ്ശേരി അതിരൂപതയിലെ നെടുവാളൂർ ഇടവകയിൽ നിന്നും സ്മിത, ചട്ടമല ഇടവകയിൽ നിന്നും സെലിൻ എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു. മേഘാലയിലെ Tura രൂപതയിലെ Pohang എന്ന സ്ഥലത്തുവച്ച്

ഇരുവരും നേതൃത്വം നയിച്ചുകൊണ്ടിരിക്കുന്ന പരിശീലന ക്ലാസുകൾ വിജയകരമായി തുടരുന്നു.

**സ്കൂളുകളിലും ബയോ മൗണ്ടൻ ഉത്പ്പന്നങ്ങൾ**

സേക്രഡ് ഹാർട്ട് യുപി സ്കൂൾ അങ്ങാടിക്കടവ്, സെന്റ് സെബാസ്റ്റ്യൻസ് യു.പി. സ്കൂൾ വീർപ്പാട് എന്നിവിടങ്ങളിൽ കുട്ടികളുടെ ആരോഗ്യത്തെ മുന്നിൽ കണ്ടുകൊണ്ട് ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ മായമില്ലാത്ത ഉത്പ്പന്നങ്ങൾ ഉപയോഗിച്ചുകൊണ്ട് കുട്ടികൾക്ക് ഭക്ഷണം പാകം ചെയ്യാൻ തീരുമാനമെടുത്തു. ഇതിനായി നേതൃത്വം നൽകിയ സ്കൂൾ മാനേജ്മെന്റിനും മാനേജർ അച്ചന്മാർക്കും അഭിനന്ദനങ്ങൾ.

**ഇന്റർവ്യൂ നടത്തി**

ബയോ മൗണ്ടൻ കമ്പനിയുടെ ആഭിമുഖ്യത്തിൽ ഫുഡ് ടെക്നോളജിസ്റ്റ്, ഷെഫ്, അക്കൗണ്ടന്റ് എന്നീ തസ്തികകളിലേക്ക് ഇന്റർവ്യൂ നടത്തി. മേഘാലയയിൽ പ്രവർത്തിക്കുന്ന ഫ്രൂട്ട്സ് ആൻഡ് ഐസ്ക്രീം പ്രോസസിങ് കമ്പനിയിലേക്കാണ് ഉദ്യോഗാർഥികളെ ഇന്റർവ്യൂ മുഖേന തിരഞ്ഞെടുത്തത്. 30-ാളം ഉദ്യോഗാർത്ഥികൾ പങ്കെടുത്ത ഇന്റർവ്യൂവിൽ 4 പേർക്ക് 40,000 രൂപയിൽ ശമ്പളത്തോടെ ജോലിയിൽ പ്രവേശിക്കുവാൻ സാധിച്ചു.

**കൊക്കോ തൈകൾ വിതരണം ചെയ്തു**

കേരളാ അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ പോളിക്ലോണൽ ഗാർഡനുമായി സഹകരിച്ചുകൊണ്ട് കണ്ണൂർ കാസർഗോഡ് ജില്ലകളിലെ കർഷകർക്ക് കൊക്കോ തൈകൾ വിതരണം ചെയ്തു. കാർഷിക മേഖലയുടെ വളർച്ച, ഒപ്പം ഗുണനിലവാരം ഉള്ള വിളകൾ ഉത്പ്പാദിപ്പിക്കുക എന്നിവ ലക്ഷ്യമാക്കിക്കൊണ്ട് 5000 കൊക്കോ തൈകളാണ് കർഷകർക്ക് വിതരണം ചെയ്തത്.

**പുട്ടുപൊടി യൂണിറ്റ്**

ബയോ മൗണ്ടൻ കമ്പനിയുടെ പുതിയ സംരംഭമായ പുട്ടുപൊടി യൂണിറ്റിന്റെ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ പുരോഗമിക്കുന്നു. ജൂലൈ മാസം അവസാനത്തോടുകൂടി പുട്ടുപൊടി യൂണിറ്റിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിച്ച് പ്രൊഡക്ഷൻ തുടങ്ങാൻ സാധിക്കുന്നതാണ്. ഈ സംരംഭത്തിന്റെ വിജയത്തിനായി നിങ്ങളുടെ എല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും അപേക്ഷിക്കുന്നു.

**ഇടവകകളിലെ ഷെയർ**

നെടുവാലൂർ ഇടവകയിൽ ബയോ മൗണ്ടൻ കമ്പനിയുടെ ഷെയർ എടുത്തു. ദൈവാലയ നിർമ്മാണം പുരോഗമിക്കുമ്പോഴും അഭിവന്ദ്യ പിതാവിന്റെ നിർദ്ദേശമനുസരിച്ച് ഞങ്ങളും കർഷകർക്കൊപ്പം ഉണ്ട് എന്ന് അറിയിച്ചുകൊണ്ട് ബയോ മൗണ്ടൻ കമ്പനിയിൽ ഷെയർ എടുത്ത നെടുവാലൂർ ഇടവകയ്ക്കും ബഹു. വികാരി അച്ചനും ഇടവക അംഗങ്ങൾക്കും അഭിനന്ദനങ്ങൾ.

നമ്മുടെ അതിരൂപതയിലെ കർഷകരുടെ ക്ഷേമത്തിനും സാമ്പത്തിക വളർച്ചയ്ക്കുംവേണ്ടി നമ്മൾ ആരംഭിച്ച ബയോമൗണ്ടൻ കമ്പനിയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുവാൻ എല്ലാ അച്ചൻമാരുടെയും ഇടവക അംഗങ്ങളുടെയും സഹകരണം അപേക്ഷിക്കുന്നു. ആയതിനാൽ ഇടവകകളുടെ ഷെയറുകൾ എടുത്ത് എല്ലാവരും സഹകരിക്കണമെന്ന് അപേക്ഷിക്കുന്നു. കമ്പനി ഷെയറുകൾ എടുക്കുമ്പോൾ വികാരിയച്ചന്റെ പേരും പള്ളിയുടെ അഡ്രസ്സും ഫോൺനമ്പറും ഇമെയിൽ ഐഡിയും നല്കാൻ ശ്രദ്ധിക്കണം. ആളുകളെ കൂട്ടിയാണ് ഷെയർ എടുക്കുന്നതെങ്കിൽ അംഗങ്ങളുടെ എല്ലാവരുടെയും പേരും ഫോൺനമ്പറും സെക്രട്ടറി, പ്രസിഡന്റ് എന്നിവരുടെ പേരും നല്കണം. ഗ്രൂപ്പുകൾ ആണെങ്കിൽ വികാരിയച്ചന്റെ പേരും പള്ളിയുടെ ഫോൺനമ്പറും ഇമെയിൽ ഐഡിയും നല്കണം. അൻപത് പേരടങ്ങുന്ന ഗ്രൂപ്പിൽ ഒരു ഷെയർ അച്ചന്റെ പേരിൽ എടുക്കുകയും ചെയ്യണം. കാരണം എങ്കിലെ വികാരിയച്ചന്റെയും പള്ളിയുടെയും പേരിൽ ഷെയർ സർട്ടിഫിക്കറ്റ് നൽകാൻ സാധിക്കുകയുള്ളൂ.

**നമ്മുടെ സംരംഭങ്ങൾ**

നമ്മുടെ ഈ സംരംഭം വിജയിപ്പിക്കാൻ എല്ലാ വൈദികരുടെയും എല്ലാ സന്യാസഭവനങ്ങളുടെയും സ്ഥാപനങ്ങളുടെയും അല്മായ നേതാക്കളുടെയും ഭക്തസംഘടനകളുടെയും സഹായം അപേക്ഷിക്കുന്നു. നമ്മുടെ ഉൽപ്പന്നങ്ങൾ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും വാങ്ങി ഉപയോഗിച്ചു കൊണ്ട് കമ്പനിയുടെ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കണം. മായമില്ലാത്ത ഉൽപ്പന്നങ്ങളാണ് നമ്മൾ വിതരണം ചെയ്യുന്നത്. മാർക്കറ്റിനേക്കാളും വിലക്കുറവും നമ്മുടെ ഉൽപ്പന്നങ്ങൾക്കുണ്ട്. ഗുണമേന്മയിൽ ഏറ്റവും മികച്ചതുമാണ്.

ഓർഡറുകൾ നൽകുമ്പോൾ താഴെ തന്നിരിക്കുന്ന നമ്പറിലേക്ക് ഓർഡറുകൾ അയച്ചാൽ സാധനങ്ങൾ അതാത് സ്ഥലങ്ങളിൽ എത്തിക്കുന്നതായിരിക്കും. *ഫോൺ: 9656054322.*

Mail.id: tsssbiomountain@gmail.com

ജൂലൈ മാസത്തിൽ എല്ലാ ഫോറോനകളിലേക്കും ഇടവകകളിലേക്കും നേരിട്ടുവരുവാനും ബഹു. വൈദികരുടെ നിർദേശങ്ങളും അഭിപ്രായങ്ങളും സ്വീകരിക്കാനും ആഗ്രഹിക്കുന്നുണ്ട്. ഈ അവസരത്തിൽ ഇടവക ഷെയറുകൾ എടുത്ത് സഹകരിച്ചുകൊണ്ട് നമ്മുടെ ഈ സംരംഭത്തെ മലബാറിന്റെ തന്നെ മാതൃകയാക്കിമാറ്റുവാൻ നിങ്ങളുടെ എല്ലാവരുടെയും സ്നേഹവും പ്രോത്സാഹനവും അപേക്ഷിക്കുന്നു.

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**
*ചെയർമാൻ*

**ഫാ. സ്കറിയ നിരപ്പേൽ**
*മാനേജിംഗ് ഡയറക്ടർ*

**ഫാ. ജോസഫ് മുണ്ടപ്ലാക്കൽ**
*എക്സിക്യൂട്ടീവ് ഡയറക്ടർ*

# എയ്ഞ്ചൽ ട്രസ്റ്റ്

എയ്ഞ്ചൽ ഡയാലിസിസ് സെന്ററുകൾ വളരെ സജീവമായി പ്രവർത്തിക്കുവാൻ ഓരോരുത്തരും നൽകുന്ന സഹകരണത്തെ നന്ദിയോടെ സ്മരിക്കുന്നു. സമൂഹത്തിലെ ഏറ്റവും കഷ്ടത അനുഭവിക്കുന്നവർക്കായി ആവിഷ്ക്കരിച്ചിരിക്കുന്ന ഈ ഡയാലിസിസ് സെന്ററിലൂടെ വർദ്ധിച്ചുവരുന്ന നിരവധി വൃക്ക രോഗികളെ സഹായിക്കുവാൻ സാധിക്കുന്നുണ്ട്. ഇതിനായി ക്രമീകരിച്ചിരിക്കുന്ന കർമ്മ പദ്ധതികളിൽ ഫൊറോന തല ക്രമീകരണം കൃത്യതയോടെ പാലിക്കാൻ ശ്രദ്ധിക്കുമല്ലോ.

**പ്രത്യേകം ശ്രദ്ധിക്കാൻ**

1. ഏതാനും ഫൊറോനകളിൽ കുടിശ്ശിക ഉള്ളതായി കണക്കുകൾ സൂചിപ്പിക്കുന്നു. കുടിശ്ശികയുള്ള ഫൊറോനകൾ കഴിവതും വേഗം കുടിശ്ശിക തീർത്ത് സഹകരിക്കുമല്ലോ.
2. 2024-25 വർഷത്തെ ഓഡിറ്റിങ്ങിനായി കണക്കുൾപ്പെടെയുള്ള എല്ലാ രേഖകളും ഇനിയും സമർപ്പിക്കാത്തവർ ഈ മാസം 10 നുള്ളിൽ അതിരൂപതാ ഓഫീസിൽ സമർപ്പിക്കുമല്ലോ.
3. എയ്ഞ്ചൽ ഡയാലിസിസ് സെന്ററിന്റെ ഫൊറോനകൾ അടിസ്ഥാനമാക്കിയുള്ള സാമ്പത്തിക ഇടപാടുകൾ കൂടുതൽ സുഗമമാക്കുന്നതിനായി ഓരോ മേഖലകളിലും ബാങ്ക് അക്കൗണ്ടുകളിലൂടെ മാത്രം പണമിടപാടുകൾ നടത്തണം.
4. പരമാവധി 2000/- രൂപ വരെ മാത്രം പണമായിട്ട് വാങ്ങുന്നതാണ് കൂടുതൽ ഉചിതം. സാധ്യമല്ലാതെ വരുന്നപക്ഷം 2000/- രൂപയിലധികം തരുന്നവരുടെ ആധാർ കാർഡിന്റെ ഒരു കോപ്പി വാങ്ങി സൂക്ഷിക്കേണ്ടതാണ്.

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**
*വികാരി ജനറാൾ*

# ഇൻഫാം

*കർഷകരോടുള്ള സമീപനത്തിലും നിലപാടിലും യാതൊരു മാറ്റവു മില്ലാതെ അവരുടെ പ്രശ്നങ്ങളെ ഗൗനിക്കാതെ ചർച്ചകൾ പോലും നടത്താതെ അനുദിനം പ്രതിസന്ധികളിലേക്ക് തള്ളിയിടുകയാണ് കാർഷിക-വനം വകുപ്പിലെ പല ഉദ്യോഗസ്ഥരും ഭരണാധികാരികളും. അനുദിനം വർദ്ധിച്ചു വരുന്ന വന്യമൃഗശല്യവും വിലത്തകർച്ചയും കർഷകരെ ദുരിതത്തിൽ ആഴ്ത്തികൊണ്ടിരിക്കുകയാണ്. കർഷകന്റെ അവകാശങ്ങൾ നേടിയെടുക്കാൻ രാഷ്ട്രീയത്തിനതീതമായി ഒരുമ യോടെ പ്രവർത്തിച്ചേ മതിയാകൂ. നമുക്കൊന്നിച്ച് കൈകൾ കോർത്ത് മുന്നേറാം, കാർഷിക മേഖലയുടെ അഭിവൃദ്ധിക്കായി...*

**കാർഷിക ജില്ലാ ഡയറക്ടർമാരുടെ സമ്മേളനം**

കേരളം, കർണാടക, തമിഴ്നാട്, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാ നങ്ങളിൽ നിന്നുള്ള കാർഷിക ജില്ലാ ഡയറക്ടർമാരുടെ സമ്മേളനം ഇൻഫാം കേന്ദ്ര ഓഫീസിൽവച്ച് സംഘടിപ്പിച്ചു. സമ്മേളനത്തിൽ ജില്ലാതല മെമ്പർഷിപ്പുകൾ വർദ്ധിപ്പിക്കുവാനുള്ള കർമ്മപദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്നതിനുള്ള ചർച്ചകൾ സംഘടിപ്പിച്ചു. തലശ്ശേരി കാർഷിക ജില്ലാ ഡയറക്ടർ ഫാ. ബിബിൻ വരമ്പകത്ത് സമ്മേളനത്തിൽ പങ്കെടുത്തു.

**കിസാൻ ജെംസ് എക്സലൻസ് അവാർഡ്**

ഇൻഫാം ദേശീയ സമിതിയുടെ ആഭിമുഖ്യത്തിൽ കാഞ്ഞിരപ്പള്ളി കാർഷികജില്ല ആതിഥേയത്വം വഹിച്ച ഇൻഫാം കിസാൻ ജെംസ് എക്സലൻസ് അവാർഡ് വിതരണം കാഞ്ഞിരപ്പള്ളി പൊടിമറ്റം സെന്റ് മേരീസ് പാരിഷ് ഹാളിൽവച്ച് സംഘടിപ്പിച്ചു. ഇൻഫാം കർഷകരുടെ മക്കളിൽ എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷകളിൽ ഉന്നത വിജയം നേടിയ കുട്ടികളെ ഇൻഫാം കിസാൻ ജെംസ് എക്സലൻസ് അവാർഡ് നൽകിയും, ഗവൺമെന്റ് അംഗീകൃത യൂണിവേഴ്സിറ്റികളിൽ നിന്ന് ബിരുദത്തിലോ ബിരുദാനന്തര ബിരുദത്തിലോ ഒന്ന്, രണ്ട്, മൂന്ന് റാങ്കുകൾ നേടിയ കുട്ടികളെ ഇൻഫാം വിദ്യാശ്രീ അവാർഡ് നൽകിയും, അവരുടെ മാതാപിതാക്കളോടൊപ്പം അനുമോദിച്ചു. കുട്ടികൾക്ക് മൂന്ന്

സ്വർണനാണയങ്ങളും മെമെന്റോയും മറ്റു സമ്മാനങ്ങളും നൽകി ചടങ്ങിൽ ആദരിച്ചു. ഇൻഫാം ദേശീയ രക്ഷാധികാരി മാർ റെമീജിയോസ് ഇഞ്ചനാനിയിൽ, മാർ ജോസ് പുളിക്കൽ, ഇൻഫാം ദേശീയ ചെയർമാൻ ഫാ. തോമസ് മറ്റമുണ്ടയിൽ, ഇൻഫാം തമിഴ്നാട് സംസ്ഥാന പ്രസിഡണ്ട് ശ്രീ. ആർ.കെ. ദാമോദരൻ, കേരള സംസ്ഥാന പ്രസിഡണ്ട് ശ്രീ. ജോസ് ഇടപ്പാട്ട്, കേരള സംസ്ഥാന റീജിയണൽ ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ, ഇൻഫാം ദേശീയ ജനറൽ സെക്രട്ടറി ഫാ. ജോസഫ് കാവനാടി, തലശ്ശേരി കാർഷിക ജില്ലാ ഡയറക്ടർ ഫാ. ബിബിൻ വരമ്പകത്ത്, അഡ്വ. എബ്രഹാം മാത്യു പന്തിരുവേലിൽ എന്നിവർ പങ്കെടുത്തു.

**വൃക്ഷത്തൈകളുടെയും ഡോളോമൈറ്റിന്റെയും വിതരണം**

കേരളം, തമിഴ്നാട് ഇൻഫാം സംസ്ഥാന ഘടകങ്ങളുടെ നേതൃത്വത്തിൽ ഒരു ലക്ഷം വൃക്ഷത്തൈകളുടെയും രണ്ട് ലക്ഷം ഡോളോമൈറ്റിന്റെയും വിതരണോദ്ഘാടനം കാഞ്ഞിരമറ്റത്ത്‌വച്ച് സംഘടിപ്പിച്ചു. 2025 ജൂൺ, ജൂലൈ മാസങ്ങളിൽ കേരളത്തിലും തമിഴ്നാട്ടിലുമായി ഇവയുടെ വിതരണം നടക്കും.

**പരിസ്ഥിതി ദിനാചരണവും മെമ്പർഷിപ്പ് വിതരണവും**

ഇൻഫാം തലശ്ശേരി കാർഷിക ജില്ലയുടെ നേതൃത്വത്തിൽ ചെമ്പന്തൊട്ടി പാരിഷ് ഓഡിറ്റോറിയത്തിൽ നടന്ന പരിസ്ഥിതി ദിനാചരണം ശ്രീകണ്ഠാപുരം മുനിസിപ്പൽ ചെയർപേഴ്സൺ ഡോ. കെ.വി. ഫിലോമിന ഉദ്ഘാടനം ചെയ്തു. ഇൻഫാം നടത്തുന്ന ലക്ഷം തൈ വിതരണത്തിന്റെ ജില്ലാതല ഉദ്ഘാടനവും ആയിരം കുറ്റിക്കുരുമുളക് തൈകളും ചടങ്ങിൽ വിതരണം ചെയ്തു. ചെമ്പന്തൊട്ടി ഫൊറോന വികാരി. ഫാ. ആന്റണി മഞ്ഞളാംകുന്നേൽ തൈ വിതരണോദ്ഘാടനം നടത്തി. തലശ്ശേരി അതിരൂപത പ്രോട്ടോ സിഞ്ചെല്ലൂസ് മോൺ. ആന്റണി മുതുകുന്നേൽ അധ്യക്ഷത വഹിച്ചു. ഇൻഫാമിന്റെ മെമ്പർഷിപ്പ് വിതരണോദ്ഘാടനം ഇൻഫാം ദേശീയ ജനറൽ സെക്രട്ടറി വെരി. റവ. ഫാ. ജോസഫ് കാവനാടി നിർവ്വഹിച്ചു. 700 പുതിയ അംഗങ്ങൾ ഇൻഫാമിൽ അംഗത്വം സ്വീകരിച്ചു. ഇൻഫാം അതിരൂപത ഡയറക്ടർ ഫാ. ബിബിൻ വരമ്പകത്ത്, മുൻ ഡയറക്ടർമാരായ ഡോ. ലൂക്കോസ് മാടശ്ശേരി, ഫാ. തോമസ് ചെരുവിൽ, അസി. ഡയറക്ടർ ഫാ. ആൽബിൻ തെങ്ങുംപള്ളിൽ, ഇൻഫാം തലശ്ശേരി കാർഷിക ജില്ലാ പ്രസിഡണ്ട് ശ്രീ. സ്കറിയ നെല്ലംകുഴി, ഇൻഫാം തലശ്ശേരി കാർഷിക ജില്ലാ സെക്രട്ടറി ശ്രീ. സണ്ണി തുണ്ടത്തിൽ, TSSS അതിരൂപത പ്രസിഡണ്ട് ശ്രീ. ജോഷി കുന്നത്ത് എന്നിവർ പ്രസംഗിച്ചു.

**ശ്രീ. സ്കറിയ നെല്ലംകുഴി**
പ്രസിഡണ്ട്, തലശ്ശേരി അതിരൂപത

**ഫാ. സ്കറിയ വരമ്പകത്ത്**
ഡയറക്ടർ, തലശ്ശേരി അതിരൂപത

# പഞ്ചാബ് മിഷൻ

പഞ്ചാബ് മിഷനിൽ നിന്നും സ്നേഹം നിറഞ്ഞ ആശംസകൾ. നമ്മുടെ അതിരൂപതയുടെ മിഷൻ പ്രദേശമായ പഞ്ചാബിൽ നടത്തുന്ന മിഷൻ പ്രവർത്തനങ്ങൾ ദൈവകൃപയിൽ നന്നായി പോകുന്നു. മിഷൻ പ്രവർത്തനങ്ങൾക്ക് കൂടുതൽ കരുത്ത് ലഭിച്ച ദിവസങ്ങളായിരുന്നു അഭിവന്ദ്യ വലിയമറ്റം പിതാവിന്റെ സന്ദർശന ദിവസങ്ങൾ. മിഷന്റെ വളർച്ചയും പ്രതിസന്ധികളും പ്രയാസങ്ങളും നേരിട്ട് കാണുവാനും വിലയിരുത്തുവാനും അഭിവന്ദ്യ പിതാവിന് കഴിഞ്ഞു. ജലന്തർ, ചണ്ഡിഗഡ്, ഫരീദാബാദ് തുടങ്ങിയ രൂപതയിലെ പിതാക്കന്മാരെയും വൈദികരെയും നിരവധി മിഷൻ പ്രദേശങ്ങളെയും സന്ദർശിക്കുവാൻ പിതാവിനു സാധിച്ചു. അഭിവന്ദ്യ പിതാവിന് വളരെ വലിയ സ്വീകരണമാണ് എല്ലാവരും ഒരുക്കിയത്. രണ്ട് മിഷൻ സെന്ററുകളിലും നിരവധി ആളുകൾക്ക് പ്രാരംഭകൂദാശകൾ പിതാവ് നൽകി. അഭിവന്ദ്യ ജോർജ് വലിയമറ്റം പിതാവിന് പഞ്ചാബ് മിഷന്റെ ഹൃദയം നിറഞ്ഞ നന്ദി.

പഞ്ചാബ് മിഷന്റെ തുടക്കത്തിൽ പ്രതിസന്ധിയിലും പ്രയാസങ്ങളിലും പതറാതെ മിഷനെ നയിച്ച ബഹു. സെബാസ്റ്റ്യൻ പുതുപ്പള്ളി അച്ചനെ നന്ദിയോടെ ഓർക്കുന്നു. അച്ചന്റെ ആഴമായ ദൈവാശ്രയബോധവും പ്രാർത്ഥനാചൈതന്യവും പഞ്ചാബ് മിഷന്റെ വളർച്ചയ്ക്ക് കാരണമായി. ബഹു. അച്ചന് പുതിയ ശുശ്രൂഷ മേഖലയിൽ എല്ലാ നന്മകളും നേരുന്നു.

നമ്മുടെ അതിരൂപതയ്ക്ക് സ്വന്തമായി സ്ഥലവും പ്രാർത്ഥനാലയവും വൈദികർക്ക് താമസിക്കാനുള്ള സൗകര്യങ്ങളും ക്രമീകരിക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. ഇപ്പോൾ യേശുദയാ സാഗർ ചർച്ച് ജോഡിയ, മദർ മേരി കാത്തലിക് ചർച്ച് ബാരൻ എന്നീ സെന്ററുകൾ ആണ് സജീവമായി പ്രവർത്തിക്കുന്നത്. നമ്മുടെ ആരാധനയിലും വിശുദ്ധ കുർബാനയിലും പങ്കെടുക്കാൻ വളരെ ദൂരെ നിന്നുപോലും നിരവധി ആളുകൾ വരുന്നുണ്ട്. പാട്ടിയാല ജില്ലയിൽ സീറോ മലബാർ സഭയുടെ മിഷൻ പ്രവർത്തനങ്ങൾക്ക് തലശ്ശേരി അതിരൂപതയാണ് നേതൃത്വം നൽകുന്നത്. ഇരുപതോളം കുട്ടികൾ വേദപാഠപഠനത്തിനായി എത്തുന്നുണ്ട്. നാൽപത്തിലധികം കുട്ടികൾക്ക് സൗജന്യ ഇംഗ്ലീഷ് ട്യൂഷൻ നൽകുന്നുമുണ്ട്. ദൈവജനത്തോട് മിഷനെക്കുറിച്ച് പറയാനുവാനും പ്രാർത്ഥിക്കാനും സഹായം നൽകാനും ബഹു. അച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

സ്നേഹത്തോടെ പഞ്ചാബ് മിഷനിൽ നിന്നും

**ഫാ. മാത്യു മുക്കുഴി** **ഫാ. ജോസഫ് കരിമ്പൂഴിക്കൽ**

# ധ്യാനകേന്ദ്രങ്ങളിലൂടെ
## 2025 ജൂലൈ

**1. മദർഹോം, പരിയാരം; ഫോൺ: 9446567101, 8606603101**

ജൂലൈ
05 : വചനാഗ്നി ബൈബിൾ കൺവെൻഷൻ
06-10 : ആന്തരിക സൗഖ്യ ധ്യാനം
10 (5 pm) -13 (1 pm) : RHEMA (B) കണ്ണൂർ രൂപത വിശ്വാസ പരിശീലകരുടെ ധ്യാനം
12 : വചനാഗ്നി ബൈബിൾ കൺവെൻഷൻ
17 (5 pm) -20 (1 pm) : RHEMA (C) കണ്ണൂർ രൂപത വിശ്വാസ പരിശീലകരുടെ ധ്യാനം
19 : വചനാഗ്നി ബൈബിൾ കൺവെൻഷൻ
26 : വചനാഗ്നി ബൈബിൾ കൺവെൻഷൻ
27-30 : കന്നഡ ധ്യാനം

**2. വിമലഗിരി ധ്യാനകേന്ദ്രം, പട്ടാരം - ഇരിട്ടി, ഫോൺ: 6282732852**

ജൂലൈ
05 : ഏകദിന ധ്യാനം
06-10 : Province Retreat
18 : പ്രേഷിതക്കൂട്ടായ്മ
19 : ഏകദിന ധ്യാനം
19-22 : ആന്തരിക സൗഖ്യ ധ്യാനം
25 : ജാഗരണ പ്രാർത്ഥന
26 : ഏകദിന ധ്യാനം

**3. ഐഎംഎസ് ധ്യാനകേന്ദ്രം, കൂട്ടുപുഴ (പേരട്ട), ഫോൺ: 8281272873**

ജൂലൈ
05 : ഏകദിന ധ്യാനം (9 am - 2 pm)
06-08 : ആന്തരിക സൗഖ്യാനുഭവ ധ്യാനം
11 : ജാഗരണ പ്രാർത്ഥന (06 pm - 09 pm)
19 : മദ്ധ്യസ്ഥ പ്രാർത്ഥന (02 pm - 04 pm)

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോസഫ് പാംപ്ലാനി

### മെയ് 2025

21, 22 എറണാകുളം-അങ്കമാലി അതിരൂപതാ കേന്ദ്രത്തിലെ വിവിധ ചുമതലകൾ നിർവ്വഹിച്ചു.

23 തലശ്ശേരി അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിൽവച്ച് ചേർന്ന കൂരിയാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

24 തലശ്ശേരി അതിരൂപതാ കേന്ദ്രത്തിൽവച്ച് ഒന്നാംവർഷ, രണ്ടാംവർഷ ഫിലോസഫി വിദ്യാർത്ഥികളുമായി അഭിമുഖം നടത്തി.

25 കോഴിക്കോട് രൂപത അതിരൂപതാ സ്ഥാനത്തേക്കുയർത്തപ്പെടുന്ന ചടങ്ങിൽ പങ്കെടുത്തു.

26–27 പരിയാരം മദർഹോമിൽവച്ച് നടത്തിയ ഫൊറോനാ വികാരിമാരുടെയും ഡിപ്പാർട്ട്മെന്റ് ഡയറക്ടർമാരുടെയും സമ്മേളനത്തിന് അധ്യക്ഷത വഹിച്ചു.

28 തലശ്ശേരി അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം ഓൺലൈനായി ചേർന്ന പെർമനെന്റ് സിനഡിൽ പങ്കെടുത്തു.

29 ദീപിക കണ്ണൂർ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ പത്താം ക്ലാസ്സിലും പന്ത്രണ്ടാം ക്ലാസ്സിലും മികച്ച വിജയം നേടിയ വിദ്യാർത്ഥികൾക്കുള്ള ആദരവ് പ്രോഗ്രാം ചെമ്പേരിയിൽവച്ച് ഉദ്ഘാടനം ചെയ്തു.

30 തലശ്ശേരി അതിരൂപതാ കേന്ദ്രത്തിലെത്തിയ അപ്പസ്തോലിക് ന്യൂൺഷിയോയെ സ്വീകരിച്ചു.

31 വിളക്കന്നൂർ ദിവ്യകാരുണ്യ അടയാളത്തിന് വത്തിക്കാന്റെ സ്ഥിതീകരണ പ്രഖ്യാപനം നടത്തി.

### ജൂൺ 2025

01 നവീകരണ പ്രവർത്തനങ്ങൾ നടത്തിയ പാത്തൻപാറ ഇടവകാ ദൈവാലയം വെഞ്ചരിച്ചു. തുടർന്ന് വേദപാഠ ക്ലാസ്സുകളുടെ അതിരൂപതാതല പ്രവർത്തനവർഷം ഉദ്ഘാടനം ചെയ്തു.

02 ആലുവ ലിറ്റിൽ ഫ്ളവർ സെമിനാരിയിൽ പ്രവർത്തനവർഷം (Schola Brevis) ഉദ്ഘാടനം ചെയ്തു.

03-04 കെ.സി.ബി.സി മീറ്റിംഗിൽ പങ്കെടുത്തു.

05 എറണാകുളം-അങ്കമാലി അതിരൂപതാ കേന്ദ്രത്തിൽവച്ച് വിവിധ പ്രതിനിധികളുമായി ചർച്ച നടത്തി.

06 തലശ്ശേരി അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിൽവച്ച് ചേർന്ന കൂരിയാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

07 തളിപ്പറമ്പിൽവച്ച് മിഷൻലീഗ് പ്രവർത്തനവർഷം ഉദ്ഘാടനം ചെയ്തു. തുടർന്ന് തലശ്ശേരി സാൻജോസ് മെട്രോപ്പോളിറ്റൻ സ്കൂൾ അധ്യാപക മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. വൈകുന്നേരം തലശ്ശേരി ചാലിൽ ദൈവാലയത്തിൽവച്ച് കണ്ണൂർ രൂപതയുടെ നേതൃത്വത്തിൽ അഭിവന്ദ്യ വർഗ്ഗീസ് ചക്കാലക്കൽ പിതാവിന് ഒരുക്കിയ സ്വീകരണ പരിപാടിയിൽ സന്ദേശം നൽകി.

08 നിർമ്മലഗിരി കോളേജ് സന്ദർശിച്ചു.

09 തലശ്ശേരി മൈനർ സെമിനാരി സ്റ്റാഫ് മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. ഉച്ചയ്ക്കുശേഷം നിർമ്മലഗിരി കോളേജിലെ അനധ്യാപകരുടെ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. തുടർന്ന് മാങ്ങോട് ഇടവകയിൽ നിര്യാതനായ തോമസ് (മാമച്ചൻ) കാഞ്ഞിരക്കാട്ടിന്റെ മൃതസംസ്കാരശുശ്രൂഷാകർമ്മം നിർവ്വഹിച്ചു.

10 തലശ്ശേരി അതിരൂപതാ വൈദിക സമിതി യോഗത്തിന് അധ്യക്ഷത വഹിച്ചു.

11 തലശ്ശേരി അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. ഉച്ചയ്ക്കുശേഷം പൈസക്കരി ഇടവകയിൽ നിര്യാതനായ മൈക്കിൾ വയലിലിന്റെ മൃതസംസ്കാര ശുശ്രൂഷാകർമ്മം നിർവ്വഹിച്ചു.

13 രാവിലെ കുന്നോത്ത് മേജർ സെമിനാരി വിദ്യാർത്ഥികൾക്കായി ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി. തുടർന്ന് മേജർ സെമിനാരിയിൽ പുതുതായി പ്രവർത്തനം ആരംഭിക്കുന്ന അക്കാദമികളുടെ ഓഫീസ് വെഞ്ചരിക്കുകയും മേജർ സെമിനാരി വിദ്യാർത്ഥികൾക്കായി ക്ലാസ്സ് നയിക്കുകയും ചെയ്തു. ഉച്ചയ്ക്കുശേഷം ചെമ്പേരിയിൽവച്ച് തലശ്ശേരി അതിരൂപതാ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ ആഭിമുഖ്യത്തിൽ പത്താംക്ലാസ്സിലും പന്ത്രണ്ടാം ക്ലാസ്സിലും മികച്ച വിജയം നേടിയ വിദ്യാർത്ഥികളുടെ അനുമോദനയോഗം ഉദ്ഘാടനം ചെയ്തു. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിൽവച്ച് ചേർന്ന കൂരിയാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

14 തലശ്ശേരിയിൽവച്ച് സംഘടിപ്പിച്ച സൺഡേസ്കൂൾ പ്രധാനാധ്യാപകരുടെ യോഗം ഉദ്ഘാടനം ചെയ്തു. ഉച്ചയ്ക്കുശേഷം ചേർന്ന ഹാപ്പി വില്ലേജ് പ്രൊജക്ട് മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

15 രാവിലെ ചീമേനി ദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി. ഉച്ചയ്ക്കുശേഷം മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി ഭവന നിർമ്മാണ പദ്ധതിയുടെ ഭാഗമായി ചിറ്റാരിക്കാലിൽ നിർമ്മിച്ച 5 വീടുകളുടെ വെഞ്ചരിപ്പും താക്കോൽദാനവും നിർവ്വഹിച്ചു. തുടർന്ന് പുതുശ്ശേരി സാബു അച്ചന്റെയും സണ്ണി അച്ചന്റെയും ഭവനം സന്ദർശിച്ചു. വൈകുന്നേരത്തോടെ കുട്ടാപറമ്പ് ഇടവകയിലെത്തി ഫാ. ഇമ്മാനുവൽ പൂവത്തിങ്കൽ അച്ചനെ സന്ദർശിച്ചു. തുടർന്ന് ചന്ദനക്കാംപാറയിലെത്തി ഡീക്കൻ മെൽബിൻ വടക്കേലിന്റെ ഭവനം സന്ദർശിച്ചു.

16 പരിയാരം മദർഹോമിൽ വച്ച് ജൂനിയർ വൈദികർക്കുവേണ്ടിയുള്ള സ്പിരിചൽ എൻറിച്ച്മെന്റ് പ്രോഗ്രാമിനെത്തിയ വൈദികർക്കായി ആമുഖ പ്രഭാഷണം നടത്തി.

17 തലശ്ശേരിയിൽവച്ച് ദീപിക പത്രത്തിന്റെ നമ്മുടെ ഭാഷാപദ്ധതി - സംസ്ഥാനതല ഉദ്ഘാടനം നിർവ്വഹിച്ചു.

18 എറണാകുളം മൗണ്ട് സെന്റ് തോമസിൽവച്ച് ചേർന്ന വിവിധ മീറ്റിംഗുകളിൽ പങ്കെടുത്തു.

19 എറണാകുളം-അങ്കമാലി അതിരൂപതയിലെ വൈദികസമ്മേളനത്തിന് അധ്യക്ഷത വഹിച്ചു.

20 പരിയാരം മദർഹോമിൽ വച്ച് ജൂനിയർ വൈദികർക്കുവേണ്ടിയുള്ള സ്പിരിചൽ എൻറിച്ച്മെന്റ് പ്രോഗ്രാമിന്റെ സമാപന സന്ദേശം നൽകി.

JULY 2025

# ENGAGEMENTS

## ARCHBISHOP JOSEPH PAMPLANY

| | | | |
|---|---|---|---|
| 01 | | - | Ernakulam |
| 02 | 09-12 pm | - | Thalassery: Visitors Day |
| 03 | 03.00 pm | - | Ponniam: Book Release - Msgr. Thomas Thythottam |
| 04 | 8.30 am | - | GSMS Kunnoth |
| 05, 06 | | - | Bangalore: Bishops Theologians Colloquium |
| 07 | 09-12 pm | - | Thalassery: Visitors Day |
| 08, 09 | | - | Ernakulam |
| 10 | | - | Kanjirappally |
| 11 | | - | Engaged |
| 12 | 10.30 | - | Ponniam: Jubilee |
| 13 | | - | Parappa: Pastoral Visit |
| 14 | 09-12 pm | - | Thalassery: Visitors Day |
| 15 | | - | Ernakulam |
| 16-18 | | - | Refresher Course |
| 19 | 09.00 am | - | Kunnoth: Deacons Class |
| | 04.00 pm | - | Edoor |
| 20 | | - | Mangod: Pastoral Visit |
| 21 | 09.00 am | - | Kunnoth: Deacons Class |
| 22 | | - | Ernakulam |
| 23 | 10.00 am | - | GSMS: CBCI Colloquium |
| 24 | 10.00 am | - | Major Superiors Meet |
| 25 | 8.30 am | - | GSMS Kunnoth |
| 26, 27 | | - | Pala |
| 28 | 09.00 am | - | Kolayad |
| 29, 30 | | - | Ernakulam |
| 31 | 10.00 am | - | Consulters Meeting |

**Secretary to the Archbishop**

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോർജ് ഞറളക്കാട്ട്

**ജൂൺ 2025**

01 വൈകുന്നേരം കൊട്ടിയൂർ ഇടവകയിലെ ചീരംവേലിൽ രഞ്ജിത്ത് - മഞ്ജു എന്നിവരുടെ മകൻ ഓഷിന് ആദ്യകുർബാന സ്വീകരണം നൽകി.

02 രാവിലെ ഇരിട്ടി അമല ആശുപത്രിയിൽ പുതുതായി നിർമ്മിച്ച കാർഡിയോളജി ലാബിന്റെ വെഞ്ചിരിപ്പ് കർമ്മം നിർവഹിച്ചു.

04 രാവിലെ GSMSൽ ക്ലാസ് എടുത്തു.

05 രാവിലെ മട്ടന്നൂർ സെന്റ് ഫ്രാൻസിസ് ഡി സെയിൽസ് സ്കൂളിന്റെ അധ്യനവർഷം ഉദ്ഘാടനം നിർവഹിച്ചു.

06 രാവിലെ വെള്ളരിക്കുണ്ട് ഇടവകയിൽ നിര്യാതനായ ചെമ്പരത്തിയിൽ സ്കറിയ്ക്കുവേണ്ടി ഭവനത്തിൽ പോയി പ്രാർത്ഥിച്ചു.

07 രാവിലെ GSMS ൽ ക്ലാസ് എടുത്തു.

08 വൈകുന്നേരം ചെമ്പന്തൊട്ടി ഇടവകയിൽ വയലാമണ്ണിൽ എഫ്രയിം ജേക്ക് സോബിക്ക് പ്രാരംഭ കൂദാശകൾ നൽകി.

09 രാവിലെ കുന്നോത്ത് ബെൻഹിൽ സ്കൂളിൽ പത്താം ക്ലാസിൽ ഉന്നത വിജയം നേടിയ കുട്ടികളെ അനുമോദിക്കുന്ന മീറ്റിങ്ങിലും യുകെജി കുട്ടികളുടെ കോൺവെക്കേഷൻ സെർമണിയിലും പങ്കെടുത്തു.

10 രാവിലെ മാസധ്യാനത്തിനായി കുന്നോത്ത് ഫൊറോനയിലെ വൈദികരോട് കൂടെ ഗുണ്ടൽപേട്ടിൽ പോയി.

11 ഉച്ചയ്ക്ക് മുൻപ് ഗുണ്ടൽപേട്ട് അസീസി കോൺവെന്റ് ചാപ്പലിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും മാസധ്യാനത്തിന് സന്ദേശം നൽകുകയും ചെയ്തു.

12 രാവിലെ കോട്ടൂർ പള്ളിയിൽ പോയി നിര്യാതനായ ബഹുമാനപ്പെട്ട അലോഷ്യസ് കൊണ്ടുക്കാലായിൽ അച്ചനുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. ഉച്ചയ്ക്ക് മുൻപായി ചെറുപുഴ ഇടവകക്കാർ നിർമ്മിച്ച് മേച്ചേരിയിൽ ജോസുകുട്ടിക്ക് നൽകിയ വീടിന്റെ വെഞ്ചിരിപ്പ് കർമ്മം നിർവഹിച്ചു. തുടർന്ന് ഏതാനും രോഗികളുടെ ഭവനങ്ങൾ സന്ദർശിച്ചു.

13 ഉച്ചയ്ക്ക് മുൻപ് ചെമ്പേരി എൻജിനീയറിങ് കോളേജിൽ വെച്ച് നടന്ന എക്സലെൻസിയ മീറ്റിങ്ങിൽ സംബന്ധിച്ച് ഉന്നത വിജയം നേടിയ

പത്താം ക്ലാസ്, പ്ലസ് ടു കുട്ടികൾക്കും, സ്കൂളുകൾക്കും അവാർഡുകൾ വിതരണം ചെയ്തു. ഉച്ചകഴിഞ്ഞ് വായാട്ടുപറമ്പ് ഇടവക സന്ദർശിച്ച് ദേവാലയ നിർമ്മാണം കാണുകയുണ്ടായി. വൈകുന്നേരം അമ്മംകുളം ഇടവകയിൽ സെന്റ് ആന്റണിയുടെ തിരുനാളിന് വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

14 രാവിലെ വെമ്പുവ ഇടവകയിൽ മണ്ണനാൽ ജാക്സൺ – ലിറ്റിൽ തെരേസ ദമ്പതികളുടെ മകൻ ജോസഫിന് (ഡെറിക് ജാക്സൺ) പ്രാരംഭ കൂദാശകൾ നൽകി. വൈകുന്നേരം കുന്നോത്ത് നസ്രത്ത് കോൺവെന്റിൽ മാസധ്യാനത്തിന് സന്ദേശം നൽകി.

15 ഉച്ചകഴിഞ്ഞ് മാനന്തവാടി രൂപത ചെന്നലോട് ഇടവകയിൽ നിര്യാതയായ പുതിയാംപുറത്ത് ലീലാമ്മയുടെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് ദൈവാലയത്തിൽ നേതൃത്വം നൽകി.

18 രാവിലെ വിളമന ഇടവകയിൽ പ്രൊവിഡൻസ് ഭവൻ സന്ദർശിച്ച് വിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന് GSMSൽ ക്ലാസ് എടുത്തു. ഉച്ചകഴിഞ്ഞ് കരുവഞ്ചാൽ ശാന്തിഭവനിലെ വൈദികരെ സന്ദർശിച്ചു.

21 രാവിലെ കള്ളാർ ഇടവകയിൽ വച്ച് ആശാരിക്കുന്നിൽ ഫിലോമിന (അനു) കണിച്ചാർ ഇടവക മേട്ടേൽ തോമസ് (അമൽ) എന്നിവരുടെ വിവാഹവാഗ്ദാന കർമ്മത്തിന് കാർമികത്വം വഹിച്ചു.

22 രാവിലെ ചരൽ ഇടവകയിൽ ധ്യാനത്തിന്റെ അവസാനത്തോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി. ഉച്ചയ്ക്ക് കല്ലുമുട്ടിയിലെ എസ് കെ ഡി കോൺവെന്റ് സന്ദർശിച്ചു.

25 രാവിലെ GSMS ൽ ക്ലാസ് എടുത്തു.

28 ഉച്ചയ്ക്ക് മുമ്പ് മാനന്തവാടി ദ്വാരക എസ് എ ബി എസ് പ്രൊവിൻഷ്യൽ ഹൗസിൽ വിശുദ്ധ കുർബാന അർപ്പിച്ച സന്ദേശം നൽകി.

29 രാവിലെ വട്ടിയറ ഇടവകയിൽ വിശുദ്ധ കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി.

30 ഉച്ചയ്ക്ക് മുൻപ് അങ്ങാടിക്കടവ് ഇടവകയിൽ ആനിക്കാട്ട് ആൻസൺന്റെ വിവാഹം ആശിർവദിച്ചു.

## JULY 2025 ENGAGEMENTS

### ARCHBISHOP EMERITUS GEORGE NJARALAKATT

| | | | |
|---|---|---|---|
| 02 | 10:30 am | - | Class, GSMS Kunnoth |
| 03 | 09:00 am | - | Festal Mass, Karikottakari |
| 05 | 10:30 am | - | Baptism and Jubilee, Pathenpara |
| 07 | 10:30 am | - | Marriage., Vadakara |
| 09 | 10:20 am | - | Class, GSMS Kunnoth |
| 12 | 11:30 am | - | Jubilee, Leuka Convent, Thalassery |
| 14 | 08:30 am | - | Engaged to July 22 |

**Secretary to the Archbishop Emeritus**

---

## JULY 2025 ENGAGEMENTS

### ARCHBISHOP EMERITUS GEORGE VALIAMATTAM

| | | |
|---|---|---|
| 03 | - | Golden Jubilee Inauguration at Nellipara |
| 07 | - | Jubilee at Malom |
| 19 | - | Feast of St. Alphonsa at Mulapra. |

**Secretary to the Archbishop Emeritus**

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോർജ് വലിയമറ്റം

**മെയ് 2025**

27 രാവിലെ കത്തീഡ്രൽ പള്ളിയിൽ വച്ച് നടന്ന ജോർജ് കൊടകനാടി അച്ചന്റെ ഒന്നാം ചരമവാർഷികത്തിൽ വി. കുർബാനയിൽ മുഖ്യ കാർമ്മികത്വം വഹിക്കുകയും ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു.

**ജൂൺ 2025**

06 രാവിലെ വെള്ളരിക്കുണ്ടിൽ വെച്ച് സി. നോബിൾ ചെമ്പരത്തിൽ എഫ്.സി.സി-യുടെ ബന്ധുവിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്ത് പ്രാർത്ഥിച്ചു. വൈകിട്ട് ചീമേനി ജ്യോതിഭവൻ സന്ദർശിച്ചു.

07 രാവിലെ നീലേശ്വരത്ത് വച്ച് നടന്ന മാമ്മോദീസായിൽ മുഖ്യ കാർമ്മികത്വം വഹിച്ചു.

09 വൈകിട്ട് മാങ്ങോട് വച്ച് നടന്ന മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു.

10 വൈകുന്നേരം പൈസക്കരിയിൽ സി. എലിസബത്ത് സി.എം.സി-യുടെ പിതാവിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു.

12 രാവിലെ ചെമ്പേരിയിൽ വിന്നേർസ് ഡേയുടെ ആഭിമുഖ്യത്തിൽ നടന്ന ആദരിക്കൽ ചടങ്ങിൽ പങ്കെടുത്തു.

വൈകുന്നരം കോട്ടൂർ പള്ളിയിൽ വച്ച് നടന്ന ഫാ. അലോഷ്യസ് കൊണ്ടുക്കാലായിൽ സി.എസ്.റ്റി-യുടെ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു.

14 രാവിലെ ചുണ്ടപ്പറമ്പിൽ വച്ച് നടത്തപ്പെട്ട ഫാ. മൈക്കിൾ സി.എഫ്.ഐ.സി-യുടെ ജൂബിലിയിൽ പങ്കെടുത്തു.

21 രാവിലെ കോഴിക്കോട് പാറോപ്പടിയിൽ വച്ച് നടന്ന ആദ്യകുർബാന സ്വീകരണത്തിന് മുഖ്യകാർമ്മികത്വം വഹിക്കുകയും പിന്നീട് താമരശ്ശേരി രൂപതാദ്ധ്യക്ഷൻ മാർ റെമിജിയോസ് പിതാവിനെ സന്ദർശിക്കുകയും ചെയ്തു



ബഹു. ബിനോയ്  കരിമരുതിങ്കൽ അച്ചൻ നേതൃത്വം നൽകിയ
ജൂനിയർ വൈദികരുടെ സ്പിരിച്വൽ എൻറിച്ച്മെന്റ് പ്രോഗ്രാം.

2025 ജൂൺ 16 - 20 : മദർ ഹോം പരിയാരം



തലശേരി അതിരൂപതയ്ക്കുവേണ്ടി ഈ വർഷം
മൈനർ സെമിനാരിയിൽ ചേർന്ന വൈദികവിദ്യാർത്ഥികൾ
റെക്ടർ ബഹു. തോമസ് മേൽവട്ടം അച്ചനോടൊപ്പം..

പ്രിയപ്പെട്ട കുഞ്ഞനുജന്മാർക്ക് അനുമോദനങ്ങളും ആശംസകളും...

RNI Reg. No. 5910 Date of Publication: 28/06/2025
Registered KL/TLY/20/25-27
Licensed to post without prepayment of postage
No. KL/PMG/NR/WPP/2/TLY/2025-27
വാല്യം : 08 ലക്കം : 07 വില : ₹10

**ജൂലൈ 28 വി. അൽഫോൻസാമ്മ**



Published & Printed by Fr. Sajan George Thengumpally on
behalf of Fr. Jacob Narikuzhy. Printed at Vimala Offset Press, Thalassery.
Published from Archbishop's House, Hollow Way Road, Thalassery - 670 101.
Editor- Fr. Sajan George Thengumpally.